
# TRICHUR ARCHDIOCESAN BULLETIN

**DECEMBER 2014**







**പുതുതായി കൂദാശ ചെയ്ത**

**പനമുക്ക് കാണിക്കമാതാ ദേവാലയവും**

**അൾത്താരയും**

**TRICHUR ARCHDIOCESAN**

# Bulletin

പുസ്തകം : 81

2014 ഡിസംബർ

ലക്കം : 12


## ഈ ലക്കത്തിൽ


| | | |
|---|---|---|
| ❖ | ബോൺ നത്താലെ | 5 |
| ❖ | സർക്കുലർ | 8 |
| ❖ | കച്ചേരികാര്യം | 19 |
| ❖ | അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ഡിസംബർ | 31 |
| ❖ | സഹായമെത്രാന്റെ പരിപാടികൾ - ഡിസംബർ | 33 |
| ❖ | നാളാഗമം | 34 |
| ❖ | ആദരാഞ്ജലികൾ | 37 |
| ❖ | നാമകരണ നടപടികൾ | 39 |
| ❖ | സാമ്പത്തിക കാര്യാലയം | 40 |
| ❖ | വൈദികർ | 42 |
| ❖ | സന്യസ്തർ | 45 |
| ❖ | സ്ഥാപനങ്ങൾ | 52 |
| ❖ | സാന്ത്വനം | 70 |
| ❖ | സംഘടനകൾ | 75 |
| ❖ | ഇടയലേഖനം | 87 |



*Imprimatur*

(Sd)

**Mar Andrews Thazhath**

Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**



**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

**2332/2014 C- 9**

**10.11. 2014**

**സർക്കുലർ**

# ബോൺ നത്താലെ – 2014

സ്നേഹമുള്ള ബഹു. വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

രണ്ടായിരം വർഷങ്ങൾക്കു മുമ്പ് വയലുകളിൽ ആടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ഇടയന്മാരെ ഈശോയുടെ ജനനമാകുന്ന സദ്‌വാർത്ത അറിയിച്ചുകൊണ്ട് ദൈവദൂതന്മാർ പാടി. “അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം” (ലൂക്കാ 2:14). ക്രിസ്തുമസ്സിന്റെ സന്തോഷവും സമാധാനവും എല്ലാവരുമായി പങ്കുവയ്ക്കുവാൻ വരുന്ന ഡിസംബർ 27ന് നമുക്ക് ഒരുമിച്ചുകൂടി പാടാം, ‘ബോൺ നത്താലെ’

കഴിഞ്ഞ വർഷത്തെ ‘ബോൺ നത്താലെ’ ആഘോഷത്തിന്റെ അഭിമാനകരമായ ഓർമ്മകൾ നമുക്കുണ്ടല്ലോ. ദൈവത്തിന് നന്ദി പറയാം. ഈ വർഷം നമുക്കതിനെ കൂടുതൽ മനോഹരമാക്കാം. പൂജരാജാക്കന്മാർ കിഴക്കുദേശത്തു നിന്ന് ദീർഘയാത്രയും മറ്റു കഷ്ടപ്പാടുകളും സഹിച്ച് ഉണ്ണീശോയുടെ സവിധത്തിലെത്തി, വിലയേറിയ കാഴ്ചവസ്തുക്കൾ സമർപ്പിച്ച് അവിടുത്തെ ആരാധിച്ചു. സമൂഹത്തിൽ ഞെരുക്കമനുഭവിക്കുന്നവർക്കുവേണ്ടി ഉണ്ണീശോയുടെ നാമത്തിൽ നമ്മുടെ കാഴ്ചകൾ സമർപ്പിച്ച് ഈ ദിനം അവിസ്മരണീയമാക്കുകയും തൃശ്ശൂർ പട്ടണത്തിൽ പരസ്യമായി ഈശോയെ പാടിസ്തുതിക്കാൻ ഒത്തുചേരുകയും ചെയ്യാം.

‘ബോൺ നത്താലെ’ കൂടുതൽ അർത്ഥവത്താക്കുന്നതിന് താഴെ പറയുന്ന ജീവകാരുണ്യപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. നിങ്ങളുടെ കഴിവനുസരിച്ച് ഈ പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ സ്പോൺസർ ചെയ്ത് ഇവയോട് നിങ്ങളേവരും ഉദാരമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. **ഭവനനിർമ്മാണം** : അർഹരായ പത്തു കുടുംബങ്ങൾക്കെങ്കിലും ഭവനം നിർമ്മിച്ചു നൽകുവാൻ ഉദ്ദേശിക്കുന്നു. അത്യാവശ്യം സൗകര്യങ്ങളുള്ള ഒരു കൊച്ചുഭവനത്തിന് 5 ലക്ഷം രൂപയെങ്കിലും ചെലവ് പ്രതീക്ഷിക്കുന്നു. ഭവനരഹിതരായ പാവപ്പെട്ടവരെ സഹായിക്കുന്നത് പിറക്കാൻപോലും ഇടം കിട്ടാതിരുന്ന ഈശോയ്ക്ക് പ്രീതികരമായ ഒരു പുണ്യപ്രവൃത്തിയാകും.
2. **ഭൂദാനം** : വീടു വയ്ക്കാൻ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് സ്ഥലം

കണ്ടെത്തുന്നതിന് അതിരൂപത നേതൃത്വം നൽകുന്നു. ഇതിനകംതന്നെ 1.4 ഏക്കർ സ്ഥലം ഒരു സന്യാസിനീസമൂഹം ഈ പദ്ധതിയിലേക്ക് നൽകി കഴിഞ്ഞു. അവരുടെ സഹകരണം വ്യക്തികൾക്കും കുടുംബങ്ങൾക്കും ഇടവകകൾക്കും സ്ഥാപനങ്ങൾക്കും സന്യാസസമൂഹങ്ങൾക്കും മാതൃകയാവട്ടെ.

3. **വിവാഹസഹായം** : കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്ന അർഹരായ 25 യുവതികൾക്ക് കൈത്താങ്ങായി ഒരു ലക്ഷം രൂപ വീതം നൽകുന്നു.

4. **ഹൃദയശസ്ത്രക്രിയ സഹായം** : 25 രോഗികൾക്ക് ഹൃദയ ശസ്ത്രക്രിയയ്ക്ക് ഒരു ലക്ഷം രൂപ വീതം നൽകുന്നു.

5. **വിദ്യാഭ്യാസസഹായം** : പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന നിർദ്ധന വിദ്യാർത്ഥിക്ക് പ്രതിവർഷം 5000 രൂപ വീതം 100 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.

6. **ഗോഡ്സ് ഓൺ ഫാമിലി** : അർഹതയുള്ള ഒരു കുടുംബത്തിന് മാസത്തിൽ 1250 രൂപ വീതം 5 വർഷത്തേക്ക് 25 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

7. **പെയിൻ & പാലിയേറ്റീവ് കെയർ** : കിടപ്പു രോഗികൾക്ക് സാന്ത്വന ശുശ്രൂഷ നൽകുന്നു. ഫൊറോനകളിലും സാമ്പത്തിക ഭദ്രതയുള്ള വലിയ ഇടവകകളും സന്യാസസമൂഹങ്ങളും വ്യക്തികളും ആവശ്യമായ സ്ഥലങ്ങളിൽ പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റുകൾ തുടങ്ങാൻ മുൻകൈ എടുക്കണമെന്ന് താത്പര്യപ്പെടുന്നു.

8. **ഇതരജീവകാരുണ്യസംരംഭങ്ങൾ**:'ബോൺ നത്താലെ'യോടനുബന്ധിച്ച് ഇടവകകളും സ്ഥാപനങ്ങളും സന്യാസസമൂഹങ്ങളും സാധിക്കുന്ന രീതിയിൽ മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു മുൻകൈ എടുക്കുന്നത് അഭിലഷണീയമാണ്. ഇപ്രകാരം ജീവകാരുണ്യസംരംഭങ്ങൾക്ക് വിനിയോഗിക്കുന്ന സംഖ്യ എത്രയാണെന്ന് കാരുണ്യനിധിയുടെ അതിരൂപതാ ഓഫീസിൽ അറിയിക്കണം.

ഈ വർഷത്തെ 'ബോൺ നത്താലെ' കാര്യക്ഷമമായി സംഘടിപ്പിക്കുവാൻ താഴെ പറയുന്ന കാര്യങ്ങളിലേക്ക് ഏവരുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1. **ഇടവകതല കമ്മറ്റി** : പ്രതിനിധിയോഗം, കുടുംബകൂട്ടായ്മ കേന്ദ്രസമിതി, സംഘടനകളുടെ ഏകോപനസമിതി എന്നിവ വിളിച്ചുകൂട്ടി 'ബോൺ നത്താലെ'ക്ക് ഒരു ഇടവകതല കമ്മറ്റി രൂപീകരിക്കണം. ഇതിന് ഒരു കോർഡിനേറ്ററെ തെരഞ്ഞെടുത്ത് അദ്ദേഹത്തിന്റെ പേരും വിലാസവും

ഫോൺ നമ്പറും അതിരൂപതാ ഓഫീസിലേക്ക് അറിയിക്കുകയും വേണം.

2. **ഇടവകതല രജിസ്ട്രേഷൻ** : യൂണിഫോം ധരിച്ച 25000 സാന്താക്ലോസ്സുമാരാണ് 'ബോൺ നത്താലെ' ഘോഷയാത്രയിൽ പങ്കെടുക്കുന്നത്. ഇവർക്കുള്ള യൂണിഫോം സൗജന്യമായി നൽകുവാൻ ഉദ്ദേശിക്കുന്നു. ഓരോ കുടുംബകൂട്ടായ്മ യൂണിറ്റിൽ നിന്നും 10 പേർ വീതമെങ്കിലും പങ്കെടുക്കണമെന്നു താത്പര്യപ്പെടുന്നു. കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും യൂണിറ്റടിസ്ഥാനത്തിലുള്ള ഈ ഗ്രൂപ്പിൽ അംഗങ്ങളാകാം. ഓരോ ഇടവകയിൽ നിന്നും സാന്താക്ലോസ്സുമാരായി റാലിയിൽ പങ്കെടുക്കുന്നവരുടെ പേരുവിവരം നിശ്ചിതഫോറത്തിൽ നവംബർ 25നു മുമ്പ് ഇടവകതല കമ്മറ്റി കേന്ദ്ര ഓഫീസിൽ നൽകണം. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ (മാലാഖമാരുടെ) യൂണിഫോം അണിഞ്ഞ് റാലിയിൽ അണിനിരക്കണം.

3. **ഇടവകതല റിഹേഴ്സൽ** : ഓരോ ഇടവകയിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് അനുസരിച്ച് സാന്താക്ലോസ്സുമാർക്കുള്ള യൂണിഫോം ഡിസംബർ 15നു മുമ്പ് ഇടവകകളിൽ എത്തിച്ചു തരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 'ബോൺ നത്താലെ'യോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ഓഡിയോ സി. ഡി. യും ലഭ്യമാകും. ക്രിസ്തുമസ്സിനു മുമ്പ് സൗകര്യപ്രദമായ ഒരു ദിവസം ഇടവകതലത്തിൽ ഒരു കരോൾറാലി ലളിതമായി സംഘടിപ്പിക്കുന്നത് ഇടവകയിലെ ക്രിസ്തുമസ്സ് ആഘോഷത്തിന് മാറ്റുകൂട്ടുകയും അതിരൂപതാ 'ബോൺ നത്താലെ' ആഘോഷത്തിന് നല്ല ഒരുക്കവുമായിരിക്കും.

ഈശോയുടെ പിറവിതിരുനാളിന്റെ പശ്ചാത്തലത്തിലുള്ള 'ബോൺ നത്താലെ' ആഘോഷം പാവപ്പെട്ടവരുടെയും പാർശ്വവത്കരിക്കപ്പെട്ട വരുടെയും ഉന്നമനത്തിനുള്ള അവസരമാക്കി മാറുമ്പോൾ അത് പുണ്യമായി തീരും. ഈശോയുടെ പിറവിതിരുനാളിന് നമുക്ക് ഒരുങ്ങാം. അവിടുന്ന് ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ വത്സലപിതാവ്

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: 1. ഈ സർക്കുലറിലെ ആശയങ്ങൾ 2014 നവംബർ 16 ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ ജനങ്ങളെ അറിയിക്കേണ്ട താണ്. +AT

# സമർപ്പിതരുടെ വർഷത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

**ആമുഖം**

കത്തോലിക്കാസഭ സാർവത്രികമായി 2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 02 വരെ സമർപ്പിതരുടെ വർഷമായി ആഘോഷിക്കുകയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച സന്ന്യാസ ജീവിതത്തെക്കുറിച്ചുള്ള ഡിക്രിയുടെയും സഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷന്റെയും 50-ാം വാർഷികത്തിന്റെ പശ്ചാത്തലത്തിലാണ് ഫ്രാൻസീസ് മാർപാപ്പാ സമർപ്പിതരുടെ വർഷം പ്രഖ്യാപിച്ചിട്ടുള്ളത്. ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പ്രഖ്യാപിച്ച വൈദികവർഷം, വിശ്വാസവർഷം, വിശുദ്ധ പൗലോസിന്റെ വർഷം എന്നിവയോട് ഇതു ചേർന്നുപോകുന്നു. ഒരു വർഷത്തിലധികം നീണ്ടുനില്ക്കുന്ന സമർപ്പിതരുടെ വർഷം കഴിഞ്ഞ കാലത്തെ നന്ദിപൂർവം ഓർത്ത് ഭാവിയിലേക്ക് പ്രതീക്ഷയോടെ ഉറ്റുനോക്കാൻ നമുക്ക് അവസരമാകുന്നു. സമർപ്പിത സമൂഹങ്ങൾ ക്രിസ്തുമതത്തിനും ലോകത്തിനും ചെയ്തിട്ടുള്ള നിസ്തുലസേവനങ്ങൾ നിരവധിയാണ്. പ്രാചീനകൃതികൾ പകർത്തി സൂക്ഷിക്കുക, വിദ്യാകേന്ദ്രങ്ങളും ആതുരശാലകളും ആശുപത്രികളും അനാഥാലയങ്ങളും നടത്തുക, തൊഴിലും കൃഷിയും പഠിപ്പിക്കുക, അടിമകളെ വീണ്ടെടുക്കുക, മതപ്രചാരണം നടത്തുക, ശാസ്ത്രീയ വളർച്ചയ്ക്ക് വഴിതെളിക്കുക തുടങ്ങിയ സേവനങ്ങൾ ലോകത്തിന് അവർണനീയമായ നേട്ടങ്ങളുണ്ടാക്കി. അത് അഭിമാനത്തോടെ നാം ഓർക്കണം. ദൈവത്തെയും ആത്മാവിനെ സംബന്ധിച്ച കാര്യങ്ങളെയും അന്വേഷിക്കുന്നവർക്ക് അവ സ്വാഗതമരുളി. വിശ്വാസത്തിന്റെ വിദ്യാലയങ്ങളും പഠനത്തിന്റെയും സംവാദത്തിന്റെയും സംസ്കാരത്തിന്റെയും യഥാർത്ഥസ്ഥാനങ്ങളുമാണവ.

## സമർപ്പിതവർഷത്തിന്റെ ലക്ഷ്യങ്ങൾ

സമർപ്പിതരുടെ വർഷം പ്രധാനമായും ഊന്നൽ നല്കുന്നത് മൂന്നു കാര്യങ്ങൾക്കാണ്. ഒന്ന്, സമർപ്പണജീവിതമാകുന്ന വലിയ ദാനത്തിന് സഭയൊന്നാകെ ദൈവത്തിന് നന്ദി പറയുകയും അവിടത്തെ സ്തുതിക്കുകയും ചെയ്യുക. സമർപ്പണജീവിതത്തിന്റെ ബഹുമുഖരൂപങ്ങളാലും ദൈവരാജ്യത്തിനായി സമ്പൂർണസമർപ്പണം നടത്തിയ അനേകം ജീവിതങ്ങളുടെ ഉദ്ബുദ്ധമായ പ്രവർത്തനങ്ങളാലും സഭയും ലോകവും സമ്പന്നമാക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതിന് നന്ദി പറയാതിരിക്കാൻ സഭയ്ക്കു കഴിയുകയില്ല.

രണ്ട്, മുഴുവൻ ദൈവജനത്തിനിടയിലും സമർപ്പിതജീവിതത്തെക്കുറിച്ച് അറിവും മതിപ്പും വളർത്തുക. മണവാട്ടി എന്ന നിലയിലുള്ള സഭയുടെ ആന്തരികമായ പ്രകൃതിയെ ഏറ്റവും വാഗ്മിത്വത്തോടെ പ്രകാശിപ്പിക്കുന്നത് സമർപ്പിതരാണ്. ദൈവത്തിന്റെ കൃപാവരത്താൽ രൂപാന്തരപ്പെടാൻ സ്വയം അനുവദിക്കുകയും സുവിശേഷത്തോടു പൂർണമായും അനുരൂപപ്പെടുകയും ചെയ്യുന്ന സമർപ്പിതരില്ലാതെ സഭയ്ക്ക് തന്റെ ദൗത്യം പൂർണമായി പൂർത്തീകരിക്കാനാവില്ല. സുവിശേഷപ്രചരണം, ക്രൈസ്തവ വിദ്യാഭ്യാസപ്രവർത്തനം, ഏറ്റവും ആവശ്യത്തിലിരിക്കുന്നവർക്ക് സ്നേഹവും താങ്ങും നല്കൽ, ധ്യാനാത്മകപ്രാർത്ഥന, കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും മാനുഷികവും ആത്മീയവുമായ രൂപീകരണം, സമൂഹത്തിൽ നീതിയും സമാധാനവും സംസ്ഥാപിതമാക്കാനുള്ള ശ്രമം എന്നിവയ്ക്കെല്ലാം സമർപ്പിതർ വിശ്വാസികൾക്ക് പ്രചോദനവും മാതൃകയുമാണ്. ദൈവം നല്ലവനും കരുണാമയനുമാണെന്നതിന്റെ തെളിവുകൂടിയാണ് സമർപ്പിതർ. അവരില്ലാത്ത സഭയെപ്പറ്റി ചിന്തിക്കാനേ പറ്റില്ല (cf. ഫ്രാൻസീസ് പാപ്പാ, പ്രസംഗം, ഫെബ്രുവരി 02, 2014).

ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെയും അവിടന്നിൽ എളിയ സഹോദരരെ സ്നേഹിക്കുന്നതിന്റെയും സന്തോഷമാണ് ഈ വർഷത്തിൽ ആളുകൾക്കു സമർപ്പിതരിൽ കണ്ടെത്താൻ കഴിയേണ്ടത്. യേശുവിനോടും യേശുവിൽ മനുഷ്യകുടുംബത്തിലെ ഓരോ അംഗത്തോടും ഉള്ള സ്നേഹം മൂലം നടത്തുന്ന മൗലികമായ ആത്മദാനമാണ് സമർപ്പിതജീവിതമെന്ന കാര്യം വെളിവാക്കപ്പെടണം. അല്മായർക്ക് സമർപ്പിതജീവിതത്തെക്കുറിച്ച് ആഴമാർന്ന ധാരണ ഉണ്ടാകണമെന്നതാണ് സമർപ്പിതവർഷം കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

മൂന്ന്, കൂടുതൽ പ്രകാശിതമായ വിശ്വാസത്താൽ തങ്ങളുടെ ജീവിതവഴിയിൽ ആത്മാവ് വർഷിച്ച ദൈവികദാനങ്ങൾ വ്യത്യസ്ത സമർപ്പിതസമൂഹങ്ങൾ ഒന്നിച്ചു കണ്ടെത്താൻ ശ്രമിക്കണം. അത് സമർപ്പിതസമൂഹങ്ങൾ ഒന്നിച്ചു ചെയ്യേണ്ട കാര്യമാണ്. കർത്താവ് തങ്ങളിൽ ചൊരിഞ്ഞിട്ടുള്ള അദ്ഭുതകരമായ കാര്യങ്ങൾക്കുവേണ്ടി വ്യത്യസ്ത സമൂഹങ്ങളിൽപ്പെട്ട സമർപ്പിതർ ഒന്നിച്ചുകൂടി പങ്കുവച്ച് ആഘോഷിക്കുന്ന കാര്യമാണ്. ഒപ്പം, സഭയിൽ തങ്ങൾക്കുള്ള പകരം വയ്ക്കാനാവാത്ത ദൗത്യത്തിന്റെ സുവ്യക്തമായ ആത്മാവബോധവും നേടണം. തിരുസ്സഭയുടെ പൊതുനന്മയ്ക്കായി സഹകരിച്ചു പ്രവർത്തിക്കാൻ അതവരെ സഹായിക്കും. ഓരോ സമൂഹവും അതാതിനു പ്രത്യേകമായുള്ള ജോലി വിശ്വസ്തതയോടെ നിർവഹിക്കുമ്പോൾ സഭയുടെ മുഴുവന്റെയും അതാതു രൂപതയുടെയും പ്രയോജനം മുൻനിറുത്തി സ്ഥലകാലങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ പുനസ്സംവിധാനം ചെയ്യാനും ഇടയാക്കും. തങ്ങളുടെ സമൂഹത്തിന്റെ സിദ്ധികൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതുവഴി സമർപ്പിതർക്ക് തങ്ങളുടെ ശുശ്രൂഷകളെക്കുറിച്ച് ആഴമാർന്ന ബോധ്യവും ഉണ്ടാകും. കൊടുക്കുമ്പോൾ കൂടുതൽ സ്വീകരിക്കുമെന്നതാണല്ലോ സത്യം.

**സമർപ്പിതസമൂഹങ്ങളുടെ പ്രവാചകദൗത്യം**

സഭയുടെ ചരിത്രത്തിൽ സമർപ്പിതസമൂഹങ്ങൾ എന്നും ഒരു പ്രവാചകദൗത്യം നിറവേറ്റിയിട്ടുണ്ട്. പ്രവാചകൻ മുഖ്യമായും വർത്തമാനകാലത്തിലും സാഹചര്യങ്ങളിലും ദൈവേഷ്ടം അറിയിക്കുന്നവനാണ്. സഭയിലും സമൂഹത്തിലും ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളും പ്രതീക്ഷകളും മനസ്സിലാക്കി പ്രത്യുത്തരം നല്കാനാണ് സമർപ്പിതസമൂഹങ്ങൾ സ്ഥാപിതമായത്. “സഭയുടെ ചരിത്രത്തിലെങ്ങും ഏറ്റവും പ്രയാസം നിറഞ്ഞ സാഹചര്യങ്ങളിൽ, വിശുദ്ധരായ സ്ത്രീപുരുഷന്മാർ, എന്നും പുതുക്കത്തിന്റെ ഉണർവും ഉത്പത്തിയുമായിരുന്നു. ഇന്നു നമുക്ക് വിശുദ്ധരുടെ അത്യധികമായ ആവശ്യമുണ്ട്. അവർക്കുവേണ്ടി നാം ദൈവത്തോടു തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. സമർപ്പിത ജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകൾ, സുവിശേഷോപദേശങ്ങളുടെ വ്രതവാഗ്ദാനത്തിലൂടെ, ഇന്നത്തെ സഭയിൽ അവർക്കുള്ള സവിശേഷദൗത്യത്തെക്കുറിച്ച് ബോധമുള്ളവയായിരിക്കണം. അവരെ ആ ദൗത്യത്തിൽ നാം പ്രോത്സാഹിപ്പിക്കുകയും വേണം” (രണ്ടാം അസാധാരണ സിന

ഡ്, 1985, II, A, 4). "സഭയുടെ ചരിത്രത്തിലുടനീളം സമർപ്പിതജീവിതം പവിത്രാത്മാവിന്റെ പ്രവർത്തനത്തിന്റെ സജീവസാന്നിധ്യമായിരുന്നു. ദൈവത്തോടും അയൽക്കാരനോടുമുള്ള സമ്പൂർണസ്നേഹത്താൽ മനുഷ്യവംശത്തെ മുഴുവനും സ്നേഹസംസ്കാരത്തിലേക്ക് ശേഖരിക്കാനുള്ള ദൈവികപദ്ധതിക്കു സാക്ഷ്യംവഹിക്കുന്നതിന്റെ വിശേഷാനുകൂല്യപരമായ സാഹചര്യമായിരുന്നു" (9th Ordinary Synod Message, L'Osservatore Romano, 02 Nov. 1994).

ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കട്ടെ. വലിയ പീഡനത്തിന്റെയും പ്രവാസത്തിന്റെയും നാളുകളിൽ വിശുദ്ധ ബെനഡിക്ട് സഭയുടെ ആഗോളവ്യാപനത്തിന് സമൂഹങ്ങൾ സൃഷ്ടിച്ചു. അവ അവയുടെ ചുറ്റുപാടുകളിൽ സ്ഥിരത കൈവരിക്കാൻ ഇടയാക്കി. സഭയും സമൂഹവും ഫ്യൂഡൽ വ്യവസ്ഥിതിക്ക് വിധേയമായപ്പോൾ വിശുദ്ധ ഫ്രാൻസീസ് ദാരിദ്ര്യത്തോടുള്ള സംവേദനക്ഷമത ഉണർത്തി. ശക്തവും ശുദ്ധവുമായ വിശ്വാസത്തിനു വേണ്ടിയുള്ള കത്താറുകളുടെ ആഗ്രഹം വിശുദ്ധ ഡോമിനിക് തന്റേതാക്കി. നവോത്ഥാനത്തോടു പ്രത്യുത്തരിച്ചുകൊണ്ട് ക്രിസ്തുവെന്ന വ്യക്തിയിലേക്ക് മാത്രം ജീവിതത്തെ വീണ്ടും നയിക്കാൻ വിശുദ്ധ ഇഗ്നേഷ്യസ് ശ്രമിച്ചു. 19-ാം നൂറ്റാണ്ടിൽ അനേകം സമർപ്പിതസമൂഹങ്ങൾ കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് പ്രത്യുത്തരിക്കാൻ ജന്മമെടുത്തു. ദൈവത്തിൽ നിന്നുവരുന്ന ഒരു വിളിക്കുള്ള പ്രവാചകപ്രത്യുത്തരമാണ് ഇവിടെയെല്ലാം നാം കാണുന്നത്; ഒരു പ്രത്യേക സമയത്ത് ദൈവേഷ്ടം പ്രായോഗികമാക്കാനുള്ള ശ്രമം.

**നവീകരണത്തിനുള്ള അവസരം**

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയ്ക്ക് മുഴുവനും, സമർപ്പിതജീവിതക്കാർക്ക് പ്രത്യേകമായും പരിശുദ്ധാത്മാവിന്റെ വലിയൊരു നിശ്വസനമായിരുന്നു. സമർപ്പിതർ കഴിഞ്ഞ 50 വർഷം തങ്ങളുടെ ജീവിതനവീകരണത്തിന്റെ ഫലപ്രദമായ ഒരു യാത്രയാണ് നടത്തിയതെന്നതിൽ സംശയമില്ല. കർത്താവിനോടും സഭയോടും തങ്ങളുടെ സമർപ്പിതസമൂഹത്തിന്റെ സിദ്ധിയോടും ഇന്നത്തെ ജനങ്ങളോടും സമൂഹത്തോടുമുള്ള വിശ്വസ്തതയും പ്രതിജ്ഞാബദ്ധതയും നവീകരിക്കാനാണ് കൗൺസിൽ സമർപ്പിതരോട് ആവശ്യപ്പെട്ടത്. അത് നിരന്തരം തുടരേണ്ട ഒരു പ്രക്രിയയാണ്. ലോകത്തെയും സഭയെയും ബാധിക്കുന്ന സംഘർഷങ്ങളും പ്രശ്നങ്ങളും സമർപ്പിതജീവിതത്തെയും ബാധിക്കുമെന്നത് തീർച്ച. സമർപ്പിതജീവിതത്തിന്റെ കരിസ്മാറ്റിക് മാനം മറന്ന്

സ്ഥാപനവത്കരണത്തിനും കാര്യക്ഷമതയ്ക്കും പ്രൊഫഷണലിസത്തിനും അടിമപ്പെടാനുള്ള പ്രലോഭനം ശക്തമാകുന്നതുതന്നെ ഉദാഹരണം. ഇവ ദൗത്യനിർവഹണത്തിനുള്ള ഉപാധികൾ മാത്രമേ ആകാവൂ എന്ന കാര്യം മറക്കരുത്. സ്വന്തം ശക്തിയോ കഴിവോ കൊണ്ടല്ല, മറിച്ച്, കർത്താവിലുള്ള വിശ്വാസാശ്രയം കൊണ്ട് എല്ലാം നവീകരിക്കാൻ കഴിയുമെന്ന വലിയ പ്രതീക്ഷ ഉണ്ടാകണം. ഫ്രാൻസീസ് പാപ്പാ പറയുന്നതുപോലെ ആർക്കും കവർന്നെടുക്കാൻ കഴിയാത്ത പ്രതീക്ഷ (സുവിശേഷസന്തോഷം, 86) യുടെ പ്രതീകമായി സമർപ്പിതർ മാറണം.

ദൈവഹിതം മിക്കപ്പോഴും ലോകത്തിന്റെ ചൈതന്യവുമായി വൈരുദ്ധ്യത്തിലായിരിക്കും. അസാമാന്യമായ ധീരതയും സത്യസന്ധതയും ഉണ്ടെങ്കിലേ ലോകചൈതന്യത്തിനെതിരെ നില്ക്കാൻ സാധിക്കൂ. ഇന്ന് സമർപ്പിതർ പ്രത്യേകം ഓർക്കേണ്ട ഒരു കാര്യമാണിത്. ദൈവത്തെയും അവിടത്തെ വചനത്തെയും കേന്ദ്രസ്ഥാനത്തു നിറുത്തി, സമൂഹത്തിൽ രൂപംകൊള്ളുന്ന പ്രവണതകളെ വിമർശനാത്മകമായി വിലയിരുത്തുകയും മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യാൻ സമർപ്പിതർ കടപ്പെട്ടിരിക്കുന്നു. അതു ക്ലേശകരമായ വഴിയാണ് (മത്താ 7:3-14). സ്വന്തം ജീവിതം തന്നെ മാതൃകയാകണം. സുഖാസക്തിയും അത്യാഗ്രഹവും അമിതസ്വാതന്ത്ര്യവും വർദ്ധമാനമാകുന്ന ഈ കാലഘട്ടത്തിൽ സന്ന്യസ്തജീവിതം നേരിടുന്ന വലിയൊരു വെല്ലുവിളിയാണിതെന്ന് മറക്കരുത്. ഫ്രാൻസീസ് മാർപാപ്പാ കൂടെക്കൂടെ ചോദിക്കുന്നതുപോലെ, ലോകത്തിന്റെ എല്ലാ നേട്ടങ്ങളും സൗകര്യങ്ങളും ആഡംബരങ്ങളും സമർപ്പിതജീവിതത്തിന് ആവശ്യമാണോ എന്ന് ചിന്തിക്കണം.

ക്രിസ്തുവിനോടുള്ള വലിയ സ്നേഹവും യഥാർത്ഥ സൗഹൃദവും ആഴമാർന്ന സംസർഗവും വളർത്തിക്കൊണ്ട് വലിയ പ്രത്യാശ ഇന്ന് ലോകത്തിൽ ഉദ്ദീപിപ്പിക്കാനാണ് സമർപ്പിതർ ശ്രദ്ധിക്കേണ്ടത്. അതു തന്നെയാണല്ലോ സമർപ്പിതജീവിതത്തിന്റെ കാതൽ. സുവിശേഷോപദേശങ്ങൽ ഗൗരവപൂർവം സ്വീകരിച്ചുകൊണ്ട് സമർപ്പിതർ ദരിദ്രനും നിർമ്മലനും അനുസരണയുള്ളവനുമായ ക്രിസ്തുവിനെ കൂടുതൽ അടുത്ത് അനുകരിക്കുമ്പോൾ അതു സംഭവിക്കും. ആത്മപരിത്യാഗം, ഹൃദയാനുതാപം, ആന്തരികസമാധാനമന്വേഷിക്കൽ, ദിവ്യകാരുണ്യകേന്ദ്രീകൃതജീവിതം, നിരന്തരമായ പ്രാർത്ഥന, ദൈവവചനധ്യാനം, ഉപവാസം, ജാഗരണം, നിശബ്ദത, പെസഹാപരമായ സന്തോഷം എന്നിവ ജീവിതശൈലിയാക്കിയാൽ ഇന്നത്തെ ലോകത്തിന് സമർപ്പിതർ വെളിച്ചം പകരും.

## കുടുംബനവീകരണത്തിനായി പ്രവർത്തിക്കണം

സഭ ഇക്കാലഘട്ടിൽ പ്രത്യേകവിധമായി കുടുംബത്തെക്കുറിച്ച് ചിന്തിക്കുന്നു. കുടുംബങ്ങൾ അനേകം വെല്ലുവിളികൾ നേരിടുന്ന ഇന്ന് കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി ജീവിക്കാൻ കുടുംബങ്ങളെ സഹായിക്കാൻ സമർപ്പിതർ മുന്നോട്ടുവരണം. ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ, വിവാഹത്തകർച്ച, മിശ്രവിവാഹങ്ങൾ, ജനനനിരക്ക് കുറയൽ, മദ്യം-മയക്കുമരുന്ന് ഉപയോഗം എന്നിവയ്ക്കെതിരെ സമർപ്പിതർ നിലകൊള്ളണം. കുടുംബം സ്നേഹിക്കുന്ന വ്യക്തികളുടെ കൂട്ടായ്മയും ജീവന്റെ ശുശ്രൂഷാവേദിയും സമൂഹത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുന്ന അടിസ്ഥാനഘടകവും ഗാർഹികസഭയുമാക്കാനാണ് സമർപ്പിതർ പ്രതിജ്ഞാബദ്ധരാകേണ്ടത്. കുടുംബകേന്ദ്രീകൃത അജപാലനത്തിന് സമർപ്പിതർ ഊന്നൽ നല്കണമെന്നർത്ഥം. ഒരു ദൈവവിളി മറ്റൊരു ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ഇടയാകുകയാണല്ലോ വേണ്ടത്. ഹോം മിഷൻ, ധ്യാനങ്ങൾ, കൗൺസലിങ് എന്നിവ രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റുമായി ബന്ധപ്പെട്ട്, രൂപതയിലെ പല കോൺഗ്രിഗേഷനുകൾ ഒന്നിച്ച് നടപ്പാക്കാൻ ശ്രമിക്കണം. ക്രിസ്തീയ കുടുംബങ്ങളിൽ വിശുദ്ധി നിറയാൻ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത രണ്ടു വിശുദ്ധരെ സമർപ്പിതവർഷത്തിന്റെ ആരംഭത്തിൽ കേരളസഭയ്ക്ക് ലഭിച്ചിരിക്കുന്നതുതന്നെ അതിന് സമർപ്പിതർക്ക് പ്രചോദനമാകുന്നു.

കുടുംബങ്ങളുടെ ഭാഗത്തുനിന്നുണ്ടാകേണ്ട ഒരു കാര്യം പ്രത്യേകം സൂചിപ്പിക്കട്ടെ. ദൈവത്തിന്റെ സ്നേഹം ലോകത്തിൽ വ്യാപിപ്പിക്കുന്നതിനും സുവിശേഷോപദേശങ്ങളുടെ വഴിയിൽ ആഴത്തിൽ സഞ്ചരിക്കുന്നതിനും കുട്ടികളിൽ ഒരാളെ കർത്താവിനു വിട്ടുകൊടുക്കാനുള്ള ഒരാഗ്രഹം മാതാപിതാക്കന്മാർ ഹൃദയത്തിൽ സൂക്ഷിക്കുകയും പ്രാർത്ഥിക്കുകയും വേണം. ദാമ്പത്യസ്നേഹത്തിന്റെ മറ്റൊരു ഫലവും ഇതിനെക്കാൾ സുന്ദരമല്ലെന്ന് ഓർക്കണം. മാതാപിതാക്കന്മാർ സുവിശേഷമൂല്യങ്ങൾ അനുസരിച്ച് ജീവിച്ചാലേ മക്കൾക്ക് വിളി തിരിച്ചറിയാനും സ്വീകരിക്കാനും നേരിടേണ്ട ത്യാഗങ്ങളുടെ ആവശ്യം മനസ്സിലാക്കാനും കഴിയൂ. എന്തെന്നാൽ, കുടുംബത്തിലാണ് സുവിശേഷമൂല്യങ്ങളുടെയും ദൈവത്തിനും സഹോദരങ്ങൾക്കും ആത്മദാനമാകുന്ന സ്നേഹത്തിന്റെയും ആദ്യാനുഭവം കുട്ടികൾക്ക് ഉണ്ടാകുന്നത്. അത്യുന്നതമായ ആധ്യാത്മിക യാഥാർത്ഥ്യങ്ങൾക്കനുസൃതമായി ജീവി

ക്കുന്നതിന് മക്കൾ സജ്ജീകൃതരാകണം (cf. സമർപ്പിതജീവിതം, 107).

**ഉപസംഹാരം**

സമർപ്പിതരുടെ ഈ വർഷം സമർപ്പിതജീവിതം കൂടുതൽ അഗാധമായി മനസ്സിലാക്കാൻ ഇടയാകട്ടെ. സഭയിലെ വിവിധ സിദ്ധികളും ജീവിതാവസ്ഥകളും ക്രിസ്തുവിന്റെ ശരീരത്തെ പടുത്തുയർത്താനും സഭയ്ക്ക് ലോകത്തിലുള്ള ദൗത്യം നിർവഹിക്കാനുമായി പരിശുദ്ധാത്മാവ് നല്കുന്ന ദാനമാണെന്ന ഒരു ബോധ്യത്തോടെ പ്രവർത്തിക്കാനും ഇടയാകട്ടെ. സമർപ്പിതരായ സ്ത്രീപുരുഷന്മാർ സഭയോടും അവളുടെ പ്രബോധനാധികാരത്തോടും ഉള്ള സമ്പൂർണഐക്യത്തിൽ നമ്മുടെ കാലഘട്ടത്തിലെ പുതിയ വെല്ലുവിളികളെ ആധ്യാത്മികവും അപ്പസ്തോലികവുമായ രീതിയിൽ നേരിടാൻ തയ്യാറാകട്ടെ.

സമർപ്പിതവർഷം ഏറ്റവും വലിയ സമർപ്പിതയായ പരിശുദ്ധ കന്യകമറിയത്തെ അനുകരിച്ചുകൊണ്ട് ആചരിക്കാനും ആധ്യാത്മികവും അപ്പസ്തോലികവുമായ നവീകരണം സമർപ്പിതസമൂഹങ്ങൾക്ക് ഉണ്ടാകാനും ഇടയാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹത്തോടെ,

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

NB: 2014 നവംബർ 23-ാംതീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## സമർപ്പിതരുടെ വർഷത്തിൽ പ്രായോഗികമായി ചെയ്യാവുന്ന കാര്യങ്ങൾ

1. സമർപ്പിതവർഷത്തിന്റെ കെ.സി.ബി.സി. തലത്തിലുള്ള ഉദ്ഘാടനം 2014 ഡിസംബർ 9-നാണ്. അഭിവന്ദ്യപിതാക്കന്മാരും കെ.സി.സി. അംഗങ്ങളും കെ.സി.എം.എസ്.-സി.ആർ.ഐ. ഭാരവാഹികളും കെ. സി.എം.എസ്. മേജർ സുപ്പീരിയേഴ്സും പങ്കെടുക്കും.
2. ഇതിനുശേഷം ഇടവകയിലും രൂപതയിലും ഓരോ ദിവസം ഉദ്ഘാടനം നടത്തുന്നത് അഭികാമ്യമാണ്. വിശുദ്ധ കുർബാന, പൊതുസമ്മേളനം എന്നിവ ഉചിതമാണ്.
3. സമർപ്പിതർക്കുവേണ്ടി ഈ വർഷം വിശുദ്ധ ബലിയിലെയും യാമപ്രാർത്ഥനകളിലെയും വിശ്വാസികളുടെ പ്രാർത്ഥനയിൽ കൂട്ടിച്ചേർക്കാൻ ഒരു പ്രാർത്ഥന പൊതുവായി തയ്യാറാക്കി നല്കുന്നു.
4. കുടുംബങ്ങളിൽ സമർപ്പിതർക്കുവേണ്ടി കുടുംബപ്രാർത്ഥനയോടുകൂടി പ്രാർത്ഥിക്കണം. അതിനുള്ള പ്രാർത്ഥന ഇതോടൊപ്പം അയയ്ക്കുന്നു.
5. ഇടവകയിൽ സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന് ഒരു ദിവസം മാറ്റിവയ്ക്കുന്നത് നല്ലതാണ്. സമർപ്പിതരും, അല്മായരും, വൈദികരും ഒന്നിച്ച്, ദിവ്യബലി, യാമപ്രാർത്ഥന, ദിവ്യകാരുണ്യ ആരാധന, ജപമാല. വിജിൽ... എന്നിവ നടത്താവുന്നതാണ്.
6. സമർപ്പിതദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ഈ വർഷം പ്രത്യേകം ശ്രദ്ധിക്കണം. അതിന് ചെയ്യാവുന്ന കാര്യങ്ങൾ.

   എ) പ്രത്യേകം പ്രാർത്ഥിക്കുക.

   ബി) യുവതീയുവാക്കൾക്കും കൗമാരക്കാർക്കും സന്ന്യാസജീവിതത്തെക്കുറിച്ചും വിവിധ സന്ന്യാസസമൂഹങ്ങളെക്കുറിച്ചും പഠനശിബിരങ്ങളും ക്ലാസ്സുകളും സംഘടിപ്പിക്കുക.

   സി) ഇടവക - ഫൊറോന തലങ്ങളിൽ സമർപ്പിതദൈവവിളി സ്വീകരിച്ചിട്ടുള്ളവരെയും ഇടവകയിൽ പ്രവർത്തിക്കുന്ന സമർപ്പിതരെയും ഒന്നിച്ചുകൂട്ടി അനുമോദിക്കുക, അനുഭവങ്ങൾ പങ്കുവയ്ക്കാൻ അവസരമൊരുക്കുക.

   ഡി) യുവതീയുവാക്കൾ സന്ന്യസ്തഭവനങ്ങൾ സന്ദർശിക്കാനും ജീവിതക്രമങ്ങൾ കണ്ടു മനസ്സിലാക്കാനും പ്രാർത്ഥിക്കാനും അവസരമൊരുക്കുക.

7. സമർപ്പിതരെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ പഠനവിഷയമാക്കുക. അവയെക്കുറിച്ച് പഠനശിബിരങ്ങളും ഉപന്യാസമത്സരങ്ങളും സംഘടിപ്പിക്കാവുന്നതാണ്. ഉദാ. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ: തിരുസ്സഭ, സന്ന്യസ്തജീവിതനവീകരണം. വിശുദ്ധ ജോൺപോൾ രണ്ടാമൻ: സമർപ്പിതജീവിതം, അധികാരവും ശുശ്രൂഷയും.

8. ഇടവക പ്രവർത്തനത്തിൽ സമർപ്പിതരെ സജീവമായി ഉൾപ്പെടുത്തുക. പ്രവർത്തനങ്ങൾ നിർദ്ദേശിച്ചു കൊടുക്കുക.

9. സമർപ്പിതർ, പ്രത്യേകിച്ച് സിസ്റ്റേഴ്സ് കുടുംബനവീകരണം ലക്ഷ്യം വച്ച് പ്രവർത്തിക്കുക. കൗൺസലിങ്, ഹോം മിഷൻ, ധ്യാനങ്ങൾ എന്നിവ നടത്തുക.

10. ജോലിക്കായി വടക്കേഇന്ത്യയിൽനിന്ന് കേരളത്തിലേക്ക് വന്നിട്ടുള്ളവർക്ക് അജപാലനവും സുവിശേഷവും നീതിനിഷ്ഠമായ വേതനവും ജീവിതസൗകര്യങ്ങളും ഉറപ്പാക്കാൻ സമർപ്പിതർ പ്രവർത്തിക്കുക.

**കെ.സി.എം.എസ്. സന്ന്യസ്തർക്കുവേണ്ടി പ്രത്യേകം കർമ്മപരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.**

1. സമർപ്പിതർ സഭയിൽ എന്ന വിഷയത്തെക്കുറിച്ച് സിംപോസിയം.
2. കേരളസഭയും സമർപ്പിതരും എന്ന വിഷയത്തെക്കുറിച്ച് ഒരു പഠനഗ്രന്ഥം തയ്യാറാക്കൽ.
3. കേരളത്തിലെ സെമിനാരികളിൽ സമർപ്പിതജീവിതത്തെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കൽ.
4. സഭാതലത്തിലും രൂപതാതലത്തിലും യുവസമർപ്പിതരുടെ സംഗമം. യുവജനസംഘടനകളുടെ പ്രതിനിധികളും പങ്കെടുക്കും.
5. ആനുകാലിക സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിൽ സമർപ്പിതജീവിതത്തിൽ വരുത്തിയിട്ടുള്ള നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്തി കോൺഗ്രിഗേഷന്റെ ചൈതന്യവും സിദ്ധിയും നവീകരിക്കും.

# സമർപ്പിതരുടെ വർഷം

## പ്രാർത്ഥനകൾ

**വിശുദ്ധ കുർബാനയിൽ പ്രഘോഷണ പ്രാർത്ഥനയിൽ (കാറോസൂസ) ചൊല്ലുവാൻ**

"എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" എന്നരുൾച്ചെയ്ത ഈശോയേ, അങ്ങേക്ക് പ്രത്യേകമാംവിധം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന എല്ലാ സമർപ്പിതരെയും ഈ തിരുബലിയിൽ ഞങ്ങൾ കാഴ്ചവയ്ക്കുന്നു. ഞങ്ങൾ ആചരിക്കുന്ന സമർപ്പിതരുടെ വർഷം തിരുസ്സഭയുടെ വളർച്ചയ്ക്കും ദൈവമഹത്വത്തിനും കാരണമാകട്ടെ. സമർപ്പിതരുടെ പ്രതിഷ്ഠാജീവിതം തിരുസ്സഭയ്ക്ക് അനുഗ്രഹവും ലോകത്തിനു രക്ഷയുമായി മാറുവാൻ ഇടയാക്കണമേ. പുതിയ സമർപ്പിത ദൈവവിളികൾ കൊണ്ട് സഭയെ അനുഗ്രഹിക്കാൻ ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു.

**സമർപ്പിതസമൂഹങ്ങളിൽ ചൊല്ലുവാനുള്ള പ്രാർത്ഥന**

സമ്പൂർണസമർപ്പണത്തിന്റെ ഉത്തമമാതൃകയും ഞങ്ങളുടെ ആത്മീയമണവാളനുമായ ഈശോയേ, അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ സുവിശേഷോപദേശങ്ങൾ ജീവിതവ്രതമായി സ്വീകരിച്ചുകൊണ്ട് അങ്ങയെ അനുകരിക്കുവാൻ അവിടന്ന് ഞങ്ങൾക്ക് നല്കിയ സന്ന്യാസം എന്ന മഹാദാനത്തിന് ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. സ്നേഹനാഥാ, സ്നേഹത്തിൽ സ്വയം ദാനംചെയ്യുന്ന പരിശുദ്ധത്രിത്വത്തിന്റെ കൂട്ടായ്മയിലേക്ക് വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങ് ഞങ്ങളിൽ വന്ന് വാഴുകയും ഞങ്ങളെ സ്വന്തമാക്കുകയും ചെയ്യണമേ. പരിപൂർണസ്നേഹത്തിലൂടെ ദൈവത്തിനു മഹത്ത്വവും മനുഷ്യർക്കു സേവനവും അർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. എല്ലാ ദൈവവിളികൾക്കും വേദിയായ ഞങ്ങളുടെ കുടുംബങ്ങളെ

സ്നേഹത്തിലും ഐക്യത്തിലും വളർത്തണമേ. ഞങ്ങളുടെ മാതാപിതാക്കന്മാരെയും സഹോദരങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ലൗകികമായ യാതൊരു ശക്തിക്കും എടുത്തു മാറ്റാൻ കഴിയാത്ത പ്രത്യാശയുടെ അടയാളമായി ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

**സമർപ്പിതർക്കുവേണ്ടിയുള്ള കുടുംബങ്ങളുടെ പ്രാർത്ഥന**

സമ്പൂർണസമർപ്പണത്തിന്റെ ഉത്തമ മാതൃകയായ ഈശോയേ, ലോകം മുഴുവനിലുമുള്ള എല്ലാ സമർപ്പിതരേയുമോർത്ത് ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. അങ്ങയുടെ അളവില്ലാത്ത അനുഗ്രഹം അനുനിമിഷം അവരിലേക്ക് വർഷിച്ചാലും. അവിടത്തെ വിശാലമായ വിളഭൂമിയിൽ വേലചെയ്യുവാൻ വേണ്ട ആത്മ ശരീരനൈർമ്മല്യവും അങ്ങയിൽ ദൃഷ്ടിയുറപ്പിച്ച് അങ്ങയുടെ കാലടികൾ പിൻതുടരുവാൻ വേണ്ട ആത്മീയകരുത്തും ആരോഗ്യവും അവർക്കു നല്കണമേ. നാടും വീടും ഉപേക്ഷിച്ച് വിദൂര സ്ഥലങ്ങളിൽ അങ്ങേക്കായി അദ്ധ്വാനിക്കുന്ന സമർപ്പിതർക്ക് അങ്ങേ തിരുഹൃദയത്തിൽ സംരക്ഷണമേകണമേ. വിശുദ്ധരാകുവാനും അനേകരെ വിശുദ്ധിയിലേക്ക് നയിക്കുവാനുമുള്ള അവരുടെ പരിശ്രമങ്ങളെ ഫലസമ്പൂർണമാക്കണമേ. സമർപ്പിതജീവിതത്തിന്റെ ഫലങ്ങളാസ്വദിച്ചുകൊണ്ട് അങ്ങയെ അടുത്തനുകരിക്കുവാൻ ഇനിയും ധാരാളം മക്കളെ ഈ ജീവിതാന്തസ്സിലേക്ക് വിളിക്കണമേ. കർത്താവായ ക്രിസ്തു വഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ. ആമ്മേൻ.

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| ഡിസംബർ | 1 : | ഇരുപത്തിയഞ്ച് നോമ്പാരംഭം |
| | 3 : | വി. ഫ്രാൻസിസ് സേവ്യർ |
| | 5 : | ആദ്യവെള്ളി |
| | 6 : | വി. അംബ്രോസ് |
| | 7 : | **മംഗലവാർത്ത രണ്ടാം ഞായർ** |
| | 8 : | പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ |
| | 13 : | കുരിശിന്റെ വി. യോഹന്നാൻ |
| | 14 : | **മംഗലവാർത്ത മൂന്നാം ഞായർ** |
| | 18 : | മൈലാപ്പൂരിലെ അത്ഭുതസ്ലീവാ |
| | 21 : | **മംഗലവാർത്ത നാലാം ഞായർ** |
| | 25 : | **കർത്താവീശോമിശിഹായുടെ പിറവിതിരുനാൾ** കടമുള്ള ദിവസം |
| | 26 : | വി. എസ്തപ്പാനോസ് |
| | 27 : | വി. യോഹന്നാൻ ശ്ലീഹാ |
| | 28 : | **പിറവി ഒന്നാം ഞായർ** തിരുകുടുംബം കുഞ്ഞിപൈതങ്ങൾ |
| | 31 : | വർഷാവസാനം |

**2. ഡിസംബർ മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 03 | 10:00 am - 04.00 pm | Curia Meetin (Palakkad) |
| 04 | 10:00 am - 02:00 pm | ആലോചനസമിതിയോഗം |
| | 07:30 pm | സാമ്പത്തികസമിതിയോഗം |
| 13 | | മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ് തൂങ്കുഴി പിതാക്കന്മാരുടെ ജന്മദിനം |
| 15 | | Live & Learn |
| 16 | | Live & Learn |

**3. അമലോത്ഭവതിരുനാൾ:**

നമ്മുടെ അതിരൂപത അമലോത്ഭവമാതാവിന് പ്രതിഷ്ഠിതമാണല്ലോ. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ 8ന് നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.

**4. അഭിവന്ദ്യപിതാക്കന്മാരുടെ ജന്മദിനം :**

ഡിസംബർ 13നു ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും മാർ ജേക്കബ് തൂങ്കുഴി പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ പിതാക്കന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

**5. ഓഫീസ് അവധി :**

2014 ഡിസംബർ 22 മുതൽ 2015 ജനുവരി 6 വരെ അതിരൂപതകാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**6. തിരുപട്ടസ്വീകരണങ്ങൾ :**

അതിരൂപതക്കുവേണ്ടി 2014 ഡിസംബർ അവസാനവാരത്തിൽ തിരുപ്പട്ടം സ്വീകരിക്കുന്നതിന് താഴെ പറയുന്ന 13 ഡീക്കന്മാർ ഒരുങ്ങികൊണ്ടിരിക്കുകയാണ്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

| | | | |
|---|---|---|---|
| 1. ഡീ. ജസ്റ്റിൻ കൈതാരത്ത് | പടവരാട് | 27-12-2014 | 09.00 am |
| 2. ഡീ. ജിമ്മി എടക്കുളത്തൂർ | അരിമ്പൂർ | 27-12-2014 | 09.00 am |
| 3. ഡീ. ഫ്രജോ വാഴപ്പിള്ളി | അരിമ്പൂർ | 27-12-2014 | 09.00 am |
| 4. ഡീ. സിൻസൺ എടക്കളത്തൂർ | മുല്ലശ്ശേരി | 29-12-2014 | 09.00 am |
| 5. ഡീ. പ്രിൻസ് ചിരിയങ്കണ്ടത്ത് | അന്തിക്കാട് | 29-12-2014 | 02.00 pm |
| 6. ഡീ. ജിയോമോൻ കല്ലേരി | വല്ലച്ചിറ | 29-12-2014 | 02.00 pm |
| 7. ഡീ. ജോൺ ചിറ്റിലപ്പിള്ളി | വല്ലച്ചിറ | 29-12-2014 | 02.00 pm |
| 8. ഡീ. റിഞ്ചോ ഓലപ്പുരക്കൽ | ചേരുംകുഴി | 30-12-2014 | 09.00 am |
| 9. ഡീ. പ്രദീപ് മാപ്രാണത്തുക്കാരൻ | വെള്ളാനിക്കോട് | 30-12-2014 | 02.00 pm |
| 10. ഡീ. സിജോ പുത്തൂർ | പീച്ചി | 30-12-2014 | 02.00 pm |
| 11. ഡീ. റോജോ എലുവത്തിങ്കൽ | വിയ്യൂർ | 31-12-2014 | 09.00 am |
| 12. ഡീ. നവീൻ മുരിങ്ങാത്തേരി | എരുമപ്പെട്ടി | 31-12-2014 | 02.00 pm |
| 13. ഡീ. സാജൻ മാറോക്കി | പതിയാരം | 01-01-2015 | 02.00 pm |

**7. വൈദിക മാസധ്യാനം:**

വൈദികരുടെ മാസധ്യാനം ഡിസംബർ 1ന് രാവിലെ 10 മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു.

**8. Live and Learn Programme :**

അതിരൂപതാ വൈദികർക്കുള്ള ഈ വർഷത്തെ Live and Learn Programme 2014 ഡിസംബർ **15, 16 തിയതികളിൽ** ഡി. ബി. സി. എൽ. സി. യിൽ സംഘടിപ്പിക്കുന്നു. എല്ലാ ബഹു. വൈദികരും പങ്കെടുക്കുവാൻ പ്രത്യേകം താത്പര്യപ്പെടുന്നു.

**9. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**

വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2015 ജനുവരി 27ന് ചൊവ്വാഴ്ച രാവിലെ 10ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്നതാണ്. ഉച്ചയ്ക്കുള്ള സ്നേഹവിരുന്നോടെ സമാപിക്കും. എല്ലാ വൈദികരും പങ്കെടുക്കണം.

**10. ഡയറി 2015 :**

അതിരൂപതയിലെ ബഹു. അച്ചന്മാർക്കും പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കുമുള്ള ഡയറി അതിരൂപത ഫിനാൻസ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**11. വി. കുർബാന തക്സയിലെ കൂട്ടിചേർക്കൽ :**

സിനഡിന്റെ തീരുമാനപ്രകാരം റോമിൽ നിന്നുള്ള അനുമതിയോടുകൂടി 2014 മംഗളവാർത്തകാലം ഒന്നാം ഞായർ മുതൽ നമ്മുടെ കുർബാന തക്സയിൽ "***ഒനീസാ ദ്റാസേ***" പ്രാർത്ഥനയിൽ വി. യൗസേപ്പിതാവിന്റെ പേരുകൂടി ചേർത്ത് പ്രാർത്ഥിക്കണമെന്ന് അറിയിക്കുന്നു. പ്രാർത്ഥനാരൂപവും ഗാനരൂപവും താഴെ കൊടുക്കുന്നു.

**പ്രാർത്ഥനാരൂപം:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ദൈവമാതാവായ കന്യകാമറിയത്തിന്റെയും നീതിമാനായ മാർ യൗസേപ്പിന്റേയും സ്മരണ വിശുദ്ധ ബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ.

**ഗാനരൂപം :**

താതനുമതുപോലാത്മജനും
ദിവ്യ റൂഹായ്ക്കും സ്തുതിയെന്നും
ദൈവാംബികയേയും
മാർ യൗസേപ്പിനെയും
സാദരമോർത്തീടാം
പാവനീമബലിയിൽ

**12. വൈദികനിയമനം :**

| | |
|---|---|
| 1. ഫാ. പോൾ വട്ടക്കുഴി | – നടത്തുവികാരി ഒല്ലൂക്കര & കപ്ലോൻ സി. എം. സി., എഫ്. സി. & സി. എസ്. എം. ഒല്ലൂക്കര, വികാരി ഒളരിക്കര & കപ്ലോൻ സി. എച്ച്. എഫ്. പ്രോവിൻഷ്യൽ ഹൗസ്, ലിറ്റിൽ ഫ്ളവർ, എസ്. എസ്. പി. സി., സെന്റ് ആൻ എന്നിവ ഒഴിവായി;സാധുത 2014 ഒക്ടോബർ 8 മുതൽ. |
| 2. ഫാ. തോമസ് കാക്കശ്ശേരി | – നടത്തുവികാരി ഒളരിക്കര & കപ്ലോൻ സി. എച്ച്. എഫ്. പ്രോവിൻഷ്യൽ ഹൗസ്, ലിറ്റിൽ ഫ്ളവർ, എസ്. എസ്. പി. സി., സെന്റ് ആൻ; വികാരി ഒല്ലൂക്കര & കപ്ലോൻ സി. എം. സി., എഫ്. സി. & സി. എസ്. എം. ഒല്ലൂക്കര, എന്നിവ ഒഴിവായി; സാധുത 2014 ഒക്ടോബർ 8 മുതൽ. |
| 3. ഫാ. ജോയ് പുത്തൂർ | – വികാരി പാലക്കൽ & കപ്ലോൻ എസ്. ഡി. പാലക്കൽ & സി. എം. സി. കണിമംഗലം; സാധുത 2014 ഒക്ടോബർ 15 മുതൽ. |
| 4. ഫാ. ജിയോ കടവി | – നടത്തുവികാരി പാലക്കൽ & കപ്ലോൻ എസ്. ഡി. പാലക്കൽ & സി. എം. സി. കണിമംഗലം എന്നിവ ഒഴിവായി; സാധുത 2014 സെപ്തംബർ 15 മുതൽ. |
| 5. ഫാ. മേജോ മരോട്ടിക്കൽ | – നടത്തുവികാരി പാറന്നൂർ & കപ്ലോൻ സി. എച്ച്. എഫ്. പാറന്നൂർ; പാലക്കൽ സഹായി ഒഴിവായി; സാധുത 2014 സെപ്തംബർ 15 മുതൽ. |
| 6. ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | – സഹവികാരി മണ്ണുത്തി; പ്രീസ്റ്റ്-ഇൻ-ചാർജ്ജ് പാറന്നൂർ ഒഴിവായി; സാധുത 2014 സെപ്തംബർ 15 മുതൽ. |

7. ഫാ. റിജോ വിതയത്തിൽ കൊഴുക്കുള്ളിക്കാരൻ– സഹായമെത്രാന്റെ സെക്രട്ടറി കൂടി. സഹവികാരി മണ്ണുത്തി ഒഴിവായി; സാധുത 2014 സെപ്തംബർ 15 മുതൽ.

8. ഫാ. സനീഷ് മുളങ്കുന്നത്ത് ISch – സഹവികാരി കോട്ടപ്പടി; സാധുത 2014 സെപ്തംബർ 15 മുതൽ.

9. ഫാ. സനോജ് അറങ്ങാശ്ശേരി – സഹവികാരി കൊട്ടേക്കാട്, സഹവികാരി കോട്ടപ്പടി ഒഴിവായി; സാധുത 2014 സെപ്തംബർ 15 മുതൽ.

10. ഫാ. ഷിജോ മാപ്രാണത്തുക്കാരൻ – പഠനാവധി; സഹവികാരി കൊട്ടേക്കാട് ഒഴിവായി. സാധുത 2014 സെപ്തംബർ 15 മുതൽ.

11. ഫാ. ഷാജു ചിറയത്ത് – പ്രോ-വികാരി ചൂലിശ്ശേരി കൂടി; സാധുത 2014 ഒക്ടോബർ 6 മുതൽ.

12. ഫാ. ഫിനോഷ് കീറ്റിക്ക – പഠനാവധി; പ്രോ-വികാരി ചൂലിശ്ശേരി & അസി. വാർഡൻ സെന്റ് തോമസ് കോളേജ് ഹോസ്റ്റൽ എന്നിവ ഒഴിവായി; സാധുത 2014 ഒക്ടോബർ 6 മുതൽ.

13. ഫാ. പ്രിൻസ് നായങ്കര – നോട്ടറി മെത്രാപ്പോലീത്തൻ കോടതി കൂടി; സാധുത 2014 ഒക്ടോബർ 6 മുതൽ.

14. ഫാ. ജാക്സൻ ചാലക്കൽ – അസി. ഡയറക്ടർ കെ. എൽ. എം. ഒഴിവായി; സാധുത 2014 ഒക്ടോബർ 15 മുതൽ.

15. ഫാ. മേജോ മരോട്ടിക്കൽ – അസി. ഡയറക്ടർ കെ. എൽ. എം. കൂടി; സാധുത 2014 ഒക്ടോബർ 15 മുതൽ.

16. ഫാ. മേജോ കോരെത് – ഡിഫന്റർ ഓഫ് ബോണ്ട് മെത്രാപ്പോലീത്തൻ കോടതി; സാധുത 2014 നവംബർ 1 മുതൽ.

17. ഫാ. ആന്റോ ചുങ്കത്ത് – നടത്തുവികാരി എരവിമംഗലം ഒഴിവായി; സാധുത2014 നവംബർ 1 മുതൽ.

18. ഫാ. മേജോ കോരെത് – വികാരി എരവിമംഗലം കൂടി. സാധുത 2014 നവംബർ 1 മുതൽ.

19. ഫാ. ജിമ്മി കല്ലിങ്ങൽക്കുടിയിൽ – നടത്തുവികാരി സരിതപുരം; സാധുത 2014 നവംബർ 1 മുതൽ.

20. ഫാ. മാത്യു ചാക്കേരി – കപ്ലോൻ സി. എസ്. സി. മരിയ പ്രോവിൻഷ്യൽ ഹൗസ് ഒഴിവായി; 2014 ഒക്ടോബർ 27 മുതൽ.

21. ഫാ. റിജോ വി. കൊഴുക്കുള്ളിക്കാരൻ – കപ്ലോൻ സി. എസ്. സി. മരിയ പ്രോവിൻഷ്യൽ ഹൗസ് കൂടി; 2014 ഒക്ടോബർ 27 മുതൽ.

**13. പ്രത്യേക അനുവാദങ്ങൾ :**

1. ഒളരിക്കര ഇടവകപള്ളിയുടെ ഉടമസ്ഥതയിലുള്ള ലിറ്റിൽ ക്വീൻസ് ഇന്റർനാഷണൽ സ്കൂളിന്റെ ഉടമസ്ഥാവകാശം ഹോളിഫാമിലി സന്യാസിനീസമൂഹത്തിന്റെ നവജ്യോതി പ്രോവിൻസിന് കൈമാറുന്നതിന് അനുവാദം (കല്പനനമ്പർ 2097/2014)
2. അമലനഗർ ക്വാസി ഇടവകയുടെ കൈക്കാരന്മാരുടെ എണ്ണം മൂന്നായി വർദ്ധിപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2131/2014)
3. അമലനഗർ ഇടവകക്കുവേണ്ടി സ്ഥലം വാങ്ങുന്നതിന് അനുവാദം (കല്പനമ്പർ 2140/2014)
4. മുല്ലശ്ശേരി ഇടവകയിൽ വെങ്കിടങ്ങ് കുരിശുപള്ളിയോടനുബന്ധിച്ചുള്ള സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനുള്ള അനുവാദം (കല്പനനമ്പർ 2146/2014)
5. പോപ്പ് പോൾ മേഴ്സി ഹോമിൽ Early Invention Centre തുടങ്ങുന്നതിനും അതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനും അനുവാദം (കല്പനനമ്പർ 2200/2014)
6. തലക്കോട്ടുകര ഇടവക ഹോളിട്രിനിറ്റി പ്രാർത്ഥനാലയത്തിന്റെ വാർഷികത്തോടനുബന്ധിച്ച് 2014 നവംബർ 18ന്, പ്രാർത്ഥനാലയത്തിൽ വി. ബലിയർപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2201/2014)
7. കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ പബ്ലിക് സ്കൂൾ ബിൽഡിംഗ് ട്രസ്സ് വർക്ക് ചെയ്യുന്നതിന് അനുവാദം (കല്പനനമ്പർ 2202/2014)
8. വാടാനപ്പിള്ളി ഇടവകപള്ളിയുടെ മുൻവശത്തായുള്ള ഗ്രോട്ടോ പുതുക്കി പണിയുന്നതിനും വെഞ്ചരിക്കുന്നതിനുമുള്ള അനുവാദം (കല്പനനമ്പർ 2203/2014)

9. തിരൂർ സെന്റ് തോമസ് ഹൈസ്കൂൾ കെട്ടിടം പുതുക്കി പണിയുന്നതിനും ഹയർസെക്കന്ററി സ്കൂളിന് കെട്ടിടം പണിയുന്നതിനും അനുവാദം (കല്പനനമ്പർ 2204/2014)

10. മണലൂർ പടിഞ്ഞാറ് ഇടവകപള്ളിയുടെ വടക്കുഭാഗത്തുള്ള പണിതീരാത്ത വിംഗിന്റെ നിർമ്മാണ് പൂർത്തിയാക്കുന്നതിന് അനുവാദം (കല്പനനമ്പർ 2205/2014)

11. പങ്ങാരപ്പിള്ളി പള്ളിയോട് ചേർന്ന് മാതാവിന്റെ ഗ്രോട്ടോ നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2235/2014)

12. ബസിലിക്ക ഇടവകാതിർത്തിയിൽ ശക്തൻ തമ്പുരാൻ നഗറിൽ ദൈവശബ്ദം കൺവെൻഷനിലും അഗാപ്പെ 2014ലും വി. ബലിയർപ്പിക്കുന്നതിനും ആരാധന നടത്തുന്നതിനും അനുവാദം (കല്പനനമ്പർ 2248/2014)

13. പങ്ങാരപ്പിള്ളി ഇടവകയിൽ ആനപ്പാറ പ്രദേശത്ത് കുരിശടി സ്ഥാപിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2258/2014)

14. എളനാട് ഇടവകയിൽ പുതിയ പ്രതിനിധിയോഗം സ്ഥാപിക്കുന്നതിന് അനുവാദവും പുതിയ പ്രതിനിധി യോഗത്തിന് അംഗീകാരവും (കല്പനനമ്പർ 2261/2014)

15. എരുമപ്പെട്ടി ഇടവകയിൽ പുതിയ കല്ലറകൾ പണിയുന്നതിനും കല്ലറകളുടെ നിരക്ക് വർദ്ധനവിനും അംഗീകാരം (കല്പനനമ്പർ 2287/2014)

**തെരട്ട്**

1. വെട്ടുകാട് ഇടവകയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2115/2014)

2. തൃശ്ശൂർ അതിരൂപത കലാസദന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2116/2014)

3. തൃശ്ശൂർ അതിരൂപത സ്ലം സർവ്വീസ് സെന്ററിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2123/2014)

4. ചോറ്റുപാറ ഇടവകയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2124/2014)

5. തൃശ്ശൂർ അതിരൂപത നിത്യാരാധനകേന്ദ്രത്തിന്റെ 2013-2014 വർഷത്തെ തെരട്ടിനു അംഗീകാരം (കല്പനനമ്പർ 2130/2014)

6. ചെറുതുരുത്തി ഇടവകയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2149/2014)

7. വെള്ളാറ്റഞ്ഞൂർ ഇടവകയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2151/2014)

8. തൃശ്ശൂർ അതിരൂപത മതബോധനകേന്ദ്രത്തിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2152/2014)

9. തൃശ്ശൂർ അതിരൂപത മതബോധന ബുക്ക് സ്റ്റാളിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2153/2014)

10. തൃശ്ശൂർ അതിരൂപത മതബോധന ടെക്സ്റ്റ് ബുക്ക് അക്കൗണ്ടിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2154/2014)

11. തൃശ്ശൂർ അതിരൂപത ഡി. ബി. സി. എൽ. സി.യുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2155/2014)

12. മറ്റം ഇടവകയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2179/2014)

13. മറ്റം ഇടവക നിത്യസഹായമാത തീർത്ഥകേന്ദ്രത്തിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2181/2014)

14. കുരിയച്ചിറ സെന്റ് ജോസഫ് എൽ. പി. സ്കൂൾ, ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ, ടി. ടി. ഐ., പബ്ലിക് സ്കൂൾ, മാനേജ്മെന്റ് സ്റ്റോർ എന്നിവയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2185/2014)

15. മറ്റം ഇടവക നമ്പഴിക്കാട് കുരിശുപള്ളിയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2186/2014)

16. കണ്ടശ്ശാംകടവ് ഇടവക വടക്കേ കാരമുക്ക് സെന്റ് ജോസഫ്സ് കുരിശുപള്ളിയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2198/2014)

17. ചേരുംകുഴി ഇടവകയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2233/2014)

18. പഴുവിൽ ഇടവക കിഴ്പുള്ളിക്കര കുരിശുപള്ളിയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2234/2014)

19. അമലനഗർ ക്വാസി ഇടവകയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2250/2014)

20. തൃശ്ശൂർ അതിരൂപത കെ. സി. എസ്. എൽ. ന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2267/2014)

21. തൃശ്ശൂർ അതിരൂപത ജൂബിലി മിഷൻ ആശുപത്രിയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2268/2014)

22. തൃശ്ശൂർ അതിരൂപത ജൂബിലി മിഷൻ ആശുപത്രിയുടെ ഫോറിൻ കോൺട്രിബ്യൂഷന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2269/2014)
23. തൃശ്ശൂർ അതിരൂപത ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2270/2014)
24. തൃശ്ശൂർ അതിരൂപത ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2271/2014)
25. തൃശ്ശൂർ അതിരൂപത ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2272/2014)
26. നെടുപുഴ ഇടവകയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2272/2014)
27. നെടുപുഴ ഇടവക സെന്റ് ജോർജ്ജ് കപ്പേളയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2273/2014)
28. നെടുപുഴ ഇടവക സെന്റ് മേരീസ് കപ്പേളയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2274/2014)
29. വെസ്റ്റ് ഫോർട്ട് നിർമ്മലാലയം ലിലിയൻ ഫണ്ടിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2280/2014)
30. തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ ഫാമിലി അപ്പസ്തോലേറ്റിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2281/2014)
31. തൃശ്ശൂർ അതിരൂപത എസ്. എൽ. എം. ഐ.യുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2282/2014)

**കൈക്കാരന്മാർ**

| | |
|---|---|
| എരനെല്ലൂർ | തരകൻ ഫ്രാൻസിസ് ജോയ് |
| | പൊറത്തൂർ മാണി ബേബി |
| | പനക്കൽ അന്തോണി മാർട്ടിൻ |
| എരനെല്ലൂർ-ചിറനെല്ലൂർ | ചിറയത്ത് കോനിക്കര പൊറിഞ്ചു ദേവസ്സി |
| | കണ്ണനായ്ക്കൽ കൊച്ചപ്പൻ ജോസഫ് |
| വെട്ടുകാട് | വടക്കൻ റപ്പായി ബാബു |
| | തെക്കിനിയത്ത് ചുള്ളി പൗലോസ് ഡേവിസ് |
| | കണ്ണംമ്പിള്ളി അന്തോണി ജോയ് |
| | ചാഴൂർ ചാണ്ടി ഫ്രാൻസിസ് ജോർജ്ജ് |

| | |
|---|---|
| ചോറ്റുപാറ | ചിറമ്മൽ തോമസ് പൊറിഞ്ചു |
| | മാളിയേക്കൽ അന്തോണി ഡേവിസ് |
| ചെറുതുരുത്തി | പ്രജീവ് മഞ്ഞളി |
| | മനോജ് ആന്റണി |
| വെള്ളാറ്റഞ്ഞൂർ | വടക്കൂടൻ ചാക്കുണ്ണി ഷാന്റി |
| | പൊറത്തൂർ ജോസഫ് ഷാജു |
| | ചിറമ്മൽ ജോർജ്ജ് ആന്റണി |
| | പൊറത്തൂർ മാത്തുണ്ണി ബെന്നി |
| പുത്തൻപീടിക | കൂത്തൂർ വെള്ളാട്ടുകര സെബി |
| | ഐനിക്കൽ ചക്കമ്പത്ത് അലക്സ് |
| വടക്കേ കാഞ്ഞുക്ക് (സെന്റ് ജോസഫ്) | ചാലക്കൽ പോത്താനി ലൂവിസ് ജോസഫ് |
| | വടക്കേത്തല കറുത്തേടത്ത്പറമ്പിൽ ഔസേപ്പ് അന്തോണി |
| വടക്കേ കാഞ്ഞുക്ക് (സെന്റ് ആന്റണി) | പണ്ടാരി ലോനപ്പൻ ലൂവിസ് |
| | പൊറത്തൂർ പള്ളിക്കുന്നത്ത് ജോണി പിയൂസ് (ജോയ് മോൻ) |
| | വടക്കേത്തല പൂവ്വത്തിങ്കൽ ജോസഫ് ജെയ്സൻ |
| തയ്യൂർ | സൈമൺ മുരിങ്ങാത്തേരി |
| | സെബി ചിറ്റാട്ടുകര |
| | ആന്റോ അറങ്ങാശ്ശേരി |
| ചേരുംകുഴി | നെടുംപറമ്പിൽ ജോസഫ് |
| | പൂത്തറ ഡേവിസ് |
| | കണിയാംപറമ്പില്ോ അഭിലാഷ് |
| പഴുവിൽ-കിഴ്പുള്ളിക്കര | എലുവത്തിങ്കൽ ജേക്കബ് ജോർജ്ജ് |
| | ചിറമ്മൽ വറീത് ആന്റണി |
| അമലനഗർ | പൊറത്തൂർ ചെല്ലപ്പൻ ശീമോൻ |
| | കൂത്തൂർ വർഗ്ഗീസ് ജോയ് |
| | കിടങ്ങൻ ആന്റണി വർഗ്ഗീസ് |
| പുത്തൻപീടിക-മുറ്റിച്ചൂർ | കുരുതുകുളങ്ങര ജോർജ്ജ് ജോസഫ് |

| | |
|---|---|
| | ചിറയത്ത് ജോസ് എഡിസൺ |
| നെടുപുഴ | തട്ടിൽ ചീനിക്കൽ വറീത് ഡേവിസ് |
| | മേനാച്ചേരി വർഗ്ഗീസ് ജോൺസൻ |
| | കള്ളിക്കാടൻ തോമ ഷാജു |
| നെടുപുഴ (സെന്റ് ജോർജ്ജ്) | കണ്ണമ്പുഴ റപ്പായി ജെയിംസ് |
| | ചിറ്റിലപ്പിള്ളി പുല്ലോക്കാരൻ ചാക്കുണ്ണി വർഗ്ഗീസ് |
| | ചീനിക്കൽ ലോനപ്പൻ സണ്ണി |
| നെടുപുഴ (സെന്റ് മേരീസ്) | ചീനിക്കൽ തോമക്കുട്ടി റപ്പായി |
| | നീലങ്കാവിൽ ഡേവിസ് അനീഷ് |
| | കരേരക്കാട്ടിൽ പൊറിഞ്ചു ജോൺസൻ |

**പ്രതിനിധിയോഗം**

1. പൂങ്കുന്നം ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2132/2014)

**14. പ്രത്യേക നിയമനങ്ങൾ :**

**ഹെൽത്ത് കെയർ സൊസൈറ്റി - നോമിനേറ്റഡ് അംഗങ്ങൾ**

1. ഫാ. സുനിൽ ചിരിയങ്കണ്ടത്ത്
2. ശ്രീ. ടി. കെ. അന്തോണികുട്ടി
3. പോൾസൺ ആലപ്പാട്ട്

**മാതാ ജീവൻ ട്രസ്റ്റ് - നോമിനേറ്റഡ് അംഗങ്ങൾ**

1. മോൺ. ജോർജ്ജ് കോമ്പാറ (വികാരി ജനറാൾ)
2. ഫാ. റാഫേൽ ആക്കാമറ്റത്തിൽ (ചാൻസലർ)
3. ഫാ. ജോസ് ചാലക്കൽ (ഫിനാൻസ് ഓഫീസർ)
4. ഫാ. ബിജു ആലപ്പാട്ട്
5. ശ്രീ. ടി. കെ. അന്തോണിക്കുട്ടി

**ജീവ ട്രസ്റ്റ് - ബോർഡ് ഓഫ് ട്രസ്റ്റീസ്**

1. മാർ ആൻഡ്രൂസ് താഴത്ത് - ചെയർമാൻ
2. മാർ ജേക്കബ് തൂങ്കുഴി - കോ-ചെയർമാൻ
3. ഫാ. അഗസ്റ്റിൻ വള്ളൂരാൻ വി. സി. - കോ-ചെയർമാൻ
4. ഫാ. ജിയോ കടവി - ജനറൽ സെക്രട്ടറി
5. ഫാ. ഡൊമിനിക് തലക്കോടൻ - ഫിനാൻസ് സെക്രട്ടറി

6. ഫാ. തോമസ് മഞ്ഞക്കുന്നേൽ – സി. ആർ. ഐ. പ്രതിനിധി
7. സി. റോസിന സി. എം. സി. – സി. ആർ. ഐ. പ്രതിനിധി
8. ബ്ര. സാവിയോ ഒലക്കേങ്കിൽ എം. എം. ബി. – എസ്. എം. ആർ. സി. പ്രതിനിധി
9. സി. തോമാസിയ സി. എസ്. എസ്. – എസ്. എം. ആർ. സി. പ്രതിനിധി
10. എം. ഡി. ജീവൻ ടി. വി.
11. ഫാ. ബിജു ആലപ്പാട്ട് – അംഗം
12. ഫാ. ജോസ് കണ്ണമ്പുഴ – അംഗം
13. ശ്രീ. ടി. കെ. അന്തോണിക്കുട്ടി – അംഗം
14. ശ്രീ. ഐസക് ജോസഫ് കൊട്ടുകാപ്പിള്ളി – അംഗം



മാർ റാഫേൽ തട്ടിൽ
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 01 | MON | | Priests' Conference |
| 02 | TUE | | Mt. St. Thomas, *EKM* |
| 03 | WED | Morning | Holy Mass, *MI Convent, TCR* |
| | | | Province Meeting, *Palakkad* |
| 04 | THU | Morning | Consulters' Meeting |
| | | Noon | Jerusalem Retreat Centre, *Thalore* |
| | | Evening | Viswasolsav Ending, *Eravu* |
| | | | Finance Council |
| 05 | FRI | Morning | Holy Mass, *Kandasankadavu* |
| | | | PRAYER DAY |
| 06 | SAT | Morning | Silver Jubilee Celebration of Marriage, *Family Apostolate* |
| | | | Buon Natale Office Inauguration |
| | | Evening | Viswasolsav Ending, *Kottapady* |
| 07 | SUN | | Pastoral Visit, *Kannara* |
| 08 | MON | | Engaged |
| 09-12 | | | KCBC |
| 13 | SAT | | Engaged |
| 14 | SUN | Morning | Sneholsav Holy Mass |
| | | | Golden Jubilee Celebration of Marriage, *Family Apostolate* |
| | | Evening | Jubilee of Msgr.Akkara, *Kannamkulangara* |

| | | | |
|---|---|---|---|
| 15 | MON | | LIVE&LEARN |
| | | Evening | JMMC Trust Meeting |
| 16 | TUE | | LIVE&LEARN |
| 17 | WED | | St. Thomas' Collage, *Thrissur* |
| 18 | THU | Morning | Meeting - Priests who have Assistants. |
| | | Afternoon | Buon Natale Meeting |
| 19 | FRI | Morning | Holy Mass, *Lourdes' Cathedral* |
| | | Evening | Forane Convention Inauguration, *Mullassery* Sneholsav Holy Mass |
| 20 | SAT | Morning | Engaged |
| | | Evening | Christmas Eve, *Basilica* |
| 21 | SUN | | Pastoral Visit, *Nehru Nagar* |
| 22 | MON | Morning | Baptism&Holy Mass, *Ollur* |
| | | | Holy Mass &Museum Inauguration, *Chelakkara* |
| 23 | TUE | | For the People |
| 24 | WED | Morning | Engaged |
| | | Evening | Christmas Eve, *Bishop House* |
| | | | Holy Mass, *Lourdes* |
| 25 | THU | | CHIRSTMAS |
| 26 | FRI | Morning | Ordination of Dn. Lijo Brahmakulam CMI, *Elthuruth* |
| 27 | SAT | Morning | Ordination of Dn. Jimmy Edakkalathur & |
| | | | Dn. Frajo Vazhappilly, *Arimbur* |
| | | Evening | BUON NATALE |
| 28 | SUN | Morning | Church Blessing, *Nellikkunnu* |
| 29 | MON | Morning | Ordination of Dn. Sinson Edakkalathur, *Mullassery* |
| | | Afternoon | Ordination of Dn. Geomon Kallery& Dn. John Chittilappilly, *Vallachira* |
| 30 | TUE | Morning | Ordination of Dn. Ajith Pullokkaran CMI, *Mannuthy* |
| | | Afternoon | Ordination of Dn. Pradeep Mapranathukaran, *Vellanikkode* |
| 31 | WED | Morning | Ordination of Dn. Rojo Eluvathingal, *Viyyur* |



Dec. 2014

# സഹായമെത്രാന്റെ പരിപാടികൾ



| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 1-2 | | | Visit to Chennai |
| 3 | WED | | Palakkad- Province gathering |
| 4 | THU | | Engaged |
| 5 | FRI | Evening | Capping Ceremony -Jubilee Mission |
| 6-10 | | | Visit to Ahamedbad |
| 11-16 | | | Deacon's Retreat- Pala |
| 17 | WED | Morning | St. Thomas College |
| | | Evening | Holy Qurbana –Cheloor |
| 18 | THU | | Engaged |
| 19 | FRI | Morning | Pala Convention |
| 20 | SAT | Morning | Holy Qurbana- Thoykkavu |
| | | Evening | Anchery & Peace Home- Christmas Celebration |
| 21 | SUN | Morning | Holy Qurbana- Varakkara South |
| | | Evening | Ecumenical Group -Christmas Celebration |
| 22 | MON | | Engaged |
| 23 | TUE | Evening | *Vishwasolsav* - Mullassery |
| 24 | WED | Evening | Christmas Celebration- Bishops House<br>Dolours Bacilica |
| 25 | THU | | Happy X' Mas |
| 26 | FRI | Morning | Ordination- Dn. Sebastian MCBS- Palakkad, Chandranagar |
| 27 | SAT | Morning | Ordination- Padavarad,Dn. Justin, Dn. PreejoCMI & Dn. Jiji S.J |
| | | Evening | Buon Natale |
| 28 | SUN | Morning | Holy Qurbana -Aranattukara |
| | | Evening | Holy Qurbana- Lourdes Cathedral, Feast<br>Mukkattukara- St. Mary's Orphanage Convention - Angamaly |
| 29 | MON | Morning | Ordination- Dn. Seljo, St. Ann's Westfort |
| | | Noon | Ordination- Dn. Prince, Anthikad |
| 30 | TUE | Morning | Ordination- Dn. Rinjo, Cherukkuzhy |
| | | Noon | Ordination- Dn. Sijo, Peechi |
| 31 | WED | Noon | Ordination- Dn. Naveen, Erumapetty |

# നാളാഗമം

## ഒക്ടോബർ- 2014

1. അഭിവന്ദ്യ താഴത്ത് പിതാവ് വൈദികരുടെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു.
2. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കുമ്പളങ്ങാട് പള്ളി ആശീർവാദകർമ്മം നിർവഹിച്ചു. ഉച്ചക്കുശേഷം പാലക്കാട് രൂപതയുടെ റൂബി ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. വൈകിട്ട് കുറ്റൂർ സീയോൻ ധ്യാനകേന്ദ്രത്തിൽ LOAF അംഗങ്ങൾക്ക് വചനസന്ദേശം നൽകി.
3. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വൈദികസമ്മേളനത്തിലും ഉച്ചക്കുശേഷം ആലോചനസമിതിയോഗത്തിലും സംബന്ധിച്ചു.
4. അഭിവന്ദ്യ താഴത്ത് പിതാവ് സിസ്റ്റേഴ്സ് ഓഫ് മേഴ്സി കോൺഗ്രിഗേഷന്റെ മഠത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. ഉച്ചക്ക് ഇരിങ്ങാലക്കുട ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി. വൈകിട്ട് ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന ജീസസ് യൂത്ത് ധ്യാനത്തിൽ വചനസന്ദേശം നൽകി.
5. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചെവ്വൂർ ഇടവകയിൽ വി. ബലിയർപ്പിക്കുകയും പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പൈലറ്റ് പ്രോജക്ട് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.
6. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മഡോണനഗറിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് അതിരൂപത സാമ്പത്തികസമിതി യോഗത്തിൽ പങ്കെടുത്തു.
7. അഭിവന്ദ്യ താഴത്ത് പിതാവ് അടാട്ട് ഇടവകാംഗത്തിന്റെ ഏഴാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.
8. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മുതൽ ഉച്ചവരെ പൊതുജനങ്ങളെ കാണുന്നതിനായി മാറ്റി വച്ചു.
9. അഭിവന്ദ്യ താഴത്ത് പിതാവ് മുളയം എസ്. എൻ. ഡി. എസ്. നോവിഷ്യറ്റ് ഭവനത്തിൽ മോൺ. ജോസഫ് വിളങ്ങാടനച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് എടക്കളത്തൂർ ഇടവകയിൽ കപ്പേള വെഞ്ചരിക്കുകയും വിശ്വാസോത്സവിൽ വചനസന്ദേശം നൽകുകയും ചെയ്തു.
11. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഹോളിഫാമിലി

സന്യാസസമൂഹാംഗങ്ങളുടെ ഗോൾഡൻ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് ചെമ്പുക്കാവ് ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കുശേഷം അതിരൂപതാ അവാർഡ് ദിനാഘോഷങ്ങളിൽ പങ്കെടുത്തു. വൈകിട്ട് അരിമ്പൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഗുരുകുലം സെമിനാരിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

12. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മങ്ങാട് ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ബസിലിക്ക നവതിയാഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് കുമ്പളങ്ങാട് ദേവാലയത്തിൽ വി.ബലിയർപ്പിച്ച് സന്ദേശം നൽകി.
14. അഭിവന്ദ്യ താഴത്ത് പിതാവ് ദേശീയ അധ്യാപക അവാർഡ് നേടിയ പീതാംബരൻ മാസ്റ്റർക്ക് സാഹിത്യ അക്കാദമി ഹാളിൽ വച്ച് തൃശ്ശൂർ പൗരാവലി നൽകിയ സ്വീകരണ ചടങ്ങുകളിൽ സംബന്ധിച്ചു. ഉച്ചക്കുശേഷം ചീരൻ ബഹു. സിജോ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ കാർമ്മികത്വം വഹിച്ചു.
15. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് പൂച്ചിന്നിപ്പാടം ഇടവകയിൽ വിശ്വാസോത്സവ് സമാപനസന്ദേശം നൽകി.
16. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അതിമെത്രാസനമന്ദിരത്തിൽ നടന്ന സുപ്പീരിയർ ജനറൽമാർ, പ്രൊവിൻഷ്യൽ സുപ്പീരിയർമാർ എന്നിവരുടെ യോഗത്തിൽ പങ്കെടുത്തു. ഉച്ചക്കുശേഷം മേരിമാത മേജർ സെമിനാരിയിലെ മീറ്റിംഗിൽ പങ്കെടുത്തു.
17. അഭിവന്ദ്യ താഴത്ത് പിതാവ് കാട്ടൂരിലുള്ള എവുപ്രാസ്യാമ്മയുടെ ജന്മഗൃഹത്തിൽ മ്യൂസിയം ഉദ്ഘാടനം നിർവഹിച്ചു.
18. അഭിവന്ദ്യ പിതാക്കന്മാർ അതിരൂപതയിൽ നിന്നുള്ള സന്യസ്തരുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.
19. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പെരിങ്ങോട്ടുകര പള്ളിയിൽ വച്ച് നടന്ന യൂത്ത് മീറ്റ് ഉദ്ഘാടനം നിർവഹിച്ചു. ഉച്ചക്കുശേഷം അതിരൂപത മീഡിയ ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.
20. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മരത്താക്കര എഫ്. സി. സി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു.
21. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പാലയിൽ വച്ചു നടന്ന കാനൻ ലോ സൊസൈറ്റി മീറ്റിംഗിൽ പങ്കെടുത്ത് പ്രബന്ധം അവതരിപ്പിച്ചു. അതിനുശേഷം കോട്ടായിൽ വച്ചു നടന്ന ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ നടന്ന സിമ്പോസിയത്തിൽ പങ്കെടുത്തു സംസാരിച്ചു.
22. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പനമുക്ക് ദൈവാലയത്തിന്റെ കൂദാശ കർമ്മം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ലൂർദ്ദ് കത്തീ

ഡ്രൽ പള്ളിയിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.വൈകിട്ട് സരിതപുരം പള്ളിയിൽ  സിജോ ചീരനച്ചനുവേണ്ടി വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു

23. അഭിവന്ദ്യ താഴത്ത് പിതാവ് ഛാന്ദയിൽ മാർ എഫ്രേം നരികുളം പിതാവിന്റെ മെത്രാഭിഷേക ചടങ്ങുകളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഒല്ലൂർ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് കൂടുതുറക്കൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

25. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മഡോണനഗർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ഹോം ഡേയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഉച്ചക്കുശേഷം ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്ന കെ. എസ്. എസ്. എഫ്. യോഗം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് പനമുക്ക് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് സന്ദേശം നൽകി. പറപ്പൂക്കര ഇടവകയിൽ ജോസ് ആലപ്പാട്ടച്ചന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വാടാനപ്പിള്ളി ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് മരത്താക്കര, നടത്തറ ഇടവകകളിൽ ജപമാല സമാപനത്തോടനുബന്ധിച്ച് സന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് മങ്ങാട് ദേവാലയത്തിൽ വി.ബലിയർപ്പിച്ച് സന്ദേശം നൽകി. പാലയ്ക്കൽ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി.ബലിയർപ്പിച്ചു.

27. കല്ലൂർ പടിഞ്ഞാറ് പള്ളിയിൽ ഡീക്കൻ ജോസ് വട്ടക്കുഴിയുടെ തിരുപ്പട്ട ദാനശുശ്രൂഷയ്ക്ക് അഭിവന്ദ്യ തട്ടിൽ പിതാവ് മുഖ്യകർമ്മികത്വം വഹിച്ചു.

29-30 അഭിവന്ദ്യ താഴത്ത് പിതാവ് തലശ്ശേരിയിൽ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങുകളിൽ പങ്കെടുത്തു.

31. അഭിവന്ദ്യ താഴത്ത് പിതാവ് ആലോചനസമിതിയോഗത്തിലും ഫൊറോനവികാരിമാരുടെ യോഗത്തിലും പങ്കെടുത്തു. വൈകിട്ട് തൃശ്ശൂർ സെന്റ് ആൻസ് ഇടവകയിലെ ഹാളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

## ആദരാഞ്ജലികൾ

# റവ. ഫാ. ജോസഫ് മുശ്ശേരി

**(10.07.1935 – 04.11.2014)**



തൃശൂർ അതിരൂപതയിലെ വൈദികൻ റവ. ഫാ. ജോസഫ് മുണ്ടശ്ശേരി (79) 2014 നവംബർ 4ന് ചൊവ്വ രാവിലെ 7:40ന് അന്തരിച്ചു.

കണ്ടശ്ശാംകടവ് ഇടവകയിലെ മുണ്ടശ്ശേരി ലൂവിസ് – ഇറ്റ്യാനം ദമ്പതികളുടെ മകനായി 1935 ജൂലൈ 10ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1964 മാർച്ച് 11ന് മാർ ജോർജ് ആലപ്പാട്ട് പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

പട്ടിക്കാട്, അമ്പഴക്കാട്, പാലക്കാട് സെന്റ് റാഫേൽ, ചാലക്കുടി സെന്റ് മേരീസ് എന്നീ പള്ളികളിൽ അസ്തേന്തിയായും, പെരിഞ്ചേരി, ചാലക്കുടി പടിഞ്ഞാറ്, കുറ്റിക്കാട്, മോതിരക്കണ്ണി, ഏനാമ്മാവ്, വടക്കാഞ്ചേരി, തിരുത്തിപ്പറമ്പ്, വെളപ്പായ, കുരിയച്ചിറ, ഏങ്ങണ്ടിയൂർ, ഒരുമനയൂർ, വരന്തരപ്പിള്ളി പള്ളിക്കുന്ന്, വലപ്പാട് എന്നീ ഇടവകകളിൽ വികാരിയായും ചിയ്യാരം ചൈതന്യ കൗൺസലിംഗ് സെന്റർ, ഏങ്ങണ്ടിയൂർ എം. ഐ. ഹോസ്പിറ്റൽ, എം. ഐ. ബോയ്സ് ടൗൺ എന്നിവയുടെ ഡയറക്ടറായും, രൂപതാ കോടതി ജഡ്ജ്, അതിരൂപതാ ആലോചനസമിതിയംഗം എന്നീ നിലകളിലും അദ്ദേഹം സേവനം ചെയ്തി

ട്ടുണ്ട്. ഏങ്ങണ്ടിയൂർ എം. ഐ. ഹോസ്പിറ്റലിൽ നഴ്സിംഗ് സ്കൂൾ, വരന്തരപ്പിള്ളി ഹയർ സെക്കന്ററി സ്കൂൾ എന്നിവ ആരംഭിച്ചത് ബഹു. ജോസഫ് മുണ്ടശ്ശേരിയച്ചനാണ്. 2002 മുതൽ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

2014 നവംബർ 5 ബുധനാഴ്ച രാവിലെ 6:30ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ മാർ ജെയിംസ് പഴയാറ്റിലിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള വി. ബലിയർപ്പണത്തിനുശേഷം മൃതദേഹം 9:30 വരെ പൊതുദർശനത്തിനു വച്ചു. തുടർന്ന് കണ്ടശ്ശാംകടവിലുള്ള സഹോദരീപുത്രൻ ജോസിന്റെ വസതിയിലേക്ക് മൃതദേഹം കൊണ്ടുപോകുകയും മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം അവിടെ നടത്തുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 1:30ന് മൃതദേഹം പള്ളിയിലേക്ക് സംവഹിച്ച് മൃതസംസ്കാരശുശ്രൂഷ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി. സഹപാഠിയായ ബഹു. ഫ്രാൻസിസ് കരിപ്പേരിയച്ചൻ വി. ബലിയിൽ അനുശോചനസന്ദേശം നൽകുകയും ചെയ്തു. മാർ പോളി കണ്ണൂക്കാടൻ പിതാവ് അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു.

കർത്താവിന്റെ കരുണ ജീവിതത്തിൽ ലഭ്യമാകുന്നതിനായി എളിമയും ലാളിത്യവും മുഖമുദ്രയാക്കുക എന്ന ആപ്തവാക്യവുമായി കർത്താവിന്റെ മുന്തിരിതോട്ടത്തിൽ അത്യധ്വാനം ചെയ്ത മുണ്ടശ്ശേരി ബഹു. ജോസഫ് അച്ചന് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ അന്ത്യാഞ്ജലികൾ!!!!!!

# നാമകരണ നടപടികൾ

## A. ദൈവദാസൻ - ആന്റണി തച്ചുപറമ്പിലച്ചൻ

24.10.2014 വെള്ളിയാഴ്ച, സെന്റ് മേരീസ് ഫൊറോന ദേവാലയം ചേലക്കരയിൽ പതിവുപോലെ ബ. ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ സ്മരണാചരണം നടന്നു. ബഹു.വിൻസെന്റ് കണിമംഗലത്തുകാരനച്ചനാണ് ആരാധനാ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തത്. ചേലക്കരയുടെയും പരിസരപ്രദേശങ്ങളുടെയും ആത്മീയവും ഭൗതികവുമായ പുരോഗതിയും ജീവിതസംസ്ക്കരണവും ദൈവദാസൻ തച്ചുപറമ്പിലച്ചൻ ലക്ഷ്യം വച്ചിരുന്നു എന്ന് പ്രസംഗമദ്ധ്യേ അച്ചൻ പറഞ്ഞു. ക്രിസ്ത്യാനികൾ എതിർ സാക്ഷികളായി ക്രിസ്തുവിനെതിരെ നീങ്ങുമ്പോൾ അച്ചൻ ക്രിസ്തുസാക്ഷിയായി ഇന്നും നമ്മുടെ മുമ്പിൽ നിലകൊള്ളുന്നു.

31.10.2014 വെള്ളിയാഴ്ചാചരണം ബഹു. ഫാ. ജസ്റ്റിൻ തടത്തിലാണ് നിർവ്വഹിച്ചത്. ശുദ്ധീകരണാത്മാക്കളെക്കുറിച്ചായിരുന്നു അച്ചൻ കുർബ്ബാന മദ്ധ്യേ ചെയ്ത പ്രസംഗം. ബ. ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ സെമിത്തേരിയിൽപോയി മുട്ടുകുത്തി പ്രാർത്ഥിക്കുമായിരുന്നുവെന്ന് ജസിറ്റിനച്ചൻ ഓർമ്മിപ്പിച്ചു.

## B. ദൈവദാസൻ - ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ

ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കൻ അച്ചന്റെ അനുസ്മരണാർത്ഥം ചൊവ്വന്നൂർ സെന്റ് തോമസ് പള്ളിയിലെ രണ്ടാം ശനിയാഴ്ച ആചരണം 08.11.14ന് നടന്നു. ഹൈഡ്രജൻ ബലൂൺ ഉയരങ്ങളിലേക്ക് പൊങ്ങുന്നതുപോലെ ദിവ്യകാരുണ്യാനുഭവവും ദൈവസ്നേഹവും അനുഭവിച്ചറിഞ്ഞ ദൈവദാസൻ അഗസ്റ്റിൻ ജോൺ അച്ചൻ ദൈവത്തിലേയ്ക്കും മനുഷ്യരിലേക്കും ഒരുപോലെ ഉയർന്നു. കരുണാർദ്രസ്നേഹത്തിന്റെ പ്രേഷിതനായി ദൈവത്താൽ അദ്ദേഹം ഉയർത്തപ്പെട്ടുവെന്ന് റവ. ഫാ. ജോജു പനയ്ക്കൽ പങ്കുവെച്ചു. സി. പോളിൻ സി.എസ്.സി. ആരാധനക്ക് നേതൃത്വം നൽകി.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം

**ക്രിസ്തുമസ്സ് പ്രമാണിച്ച് ഡിസംബർ 24, 25, 26 തിയ്യതികളിൽ സാമ്പത്തിക കാര്യാലയം മുടക്കമായിരിക്കും.**

## വരവ്– ചെലവ് കണക്കുകൾ – ഒക്ടോബർ 31, 2014

| | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| 1. | അമലനഗർ | 4276 | 6006 | 6876 |
| 2. | ചേരുംകുഴി | – | – | 36760 |
| 3. | ചെറുതുരുത്തി | 1770 | 528 | 6835 |
| 4. | ചിറ്റിലപ്പിള്ളി | – | – | 30000 |
| 5. | ചിയ്യാരം സേവനാലയം | – | – | 12600 |
| 6. | എളവള്ളി | – | – | 15000 |
| 7. | കണ്ടാണശ്ശേരി | – | – | 18810 |
| 8. | മണ്ണുത്തി | – | – | 1,10,000 |
| 9. | തങ്ങാലൂർ | – | – | 7000 |
| 10. | വാക | – | – | 9200 |
| 11. | വളപ്പായ | – | 10000 | 10000 |
| 12. | വെള്ളാറ്റഞ്ഞൂർ | – | – | 41051 |
| 13 | വെട്ടുകാട് | – | – | 33723 |
| 14. | തൃപ്രയാർ | – | 12910 | - |
| 15. | വെളുത്തൂർ | – | – | 10125 |

| | പേര് | സഭാദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|---|
| 1. | അമല നഗർ | 2200 | 3025 | 2200 |
| 2. | ചേരുംകുഴി | 7000 | 6380 | 6960 |
| 3. | ചെറുതുരുത്തി | 490 | 660 | 540 |

| | | | |
|---|---|---|---|
| 4. ചേറ്റുപുഴ | 2464 | 3278 | 2384 |
| 5. കാരമുക്ക് - സെ. ആന്റണി | 1650 | 2266 | 1854 |
| 6. കാരമുക്ക് - സെ. ജോസഫ് | 800 | 1276 | 928 |
| 7. കിഴുപ്പിള്ളിക്കര | 500 | 880 | 640 |
| 8. മറ്റം | 8400 | 11561 | 26275 |
| 9. നമ്പഴിക്കാട് | 930 | 1188 | 864 |
| 10. നെടുപുഴ | 4596 | 4774 | 3906 |
| 11. വെള്ളാറ്റഞ്ഞൂർ | 3100 | 3630 | 3960 |
| 12. വെട്ടുകാട് | 4920 | 5456 | 5952 |
| 13. അസ്സീസി മഠം, തൃശ്ശൂർ | - | - | 200 |

**4. സാമ്പത്തിക സഹായം സ്വീകരിച്ച പള്ളികൾ**

1.തൃപ്രയാർ 14290 - തെരട്ട് ഫീ
2. ചെറുതുരുത്തി 10,000 - തെരട്ട് ഫീ
3. വെള്ളാറ്റഞ്ഞൂർ 139236 - തെരട്ട് ഫീ & പള്ളിനിർമ്മാണം
4. ഭരത 15000 - തെരട്ട് ഫീ
5. കിഴുപ്പുള്ളിക്കര 3616 - തെരട്ട് ഫീ

**5. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ഭവനനിർമ്മാണം - 42,000
2. ചികിത്സ - 75,000

**6. അതിരൂപതാ സഹായ ഫണ്ട്**

1. ഭവന നിർമ്മാണം - 18000
2. വിവാഹം - 91500
3. ചികിത്സ - 111375

**ഫാ. ജോസ് ചാലക്കൽ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോയ് മൂക്കൻ | 02 |
| ഫാ. അനീഷ് നെല്ലിക്കൽ | 02 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 03 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 06 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 07 |
| ഫാ. നൈസൻ ഏലന്താനത്ത് | 07 |
| ഫാ. ലിറിൽ തളിയപറമ്പിൽ | 08 |
| ഫാ. ജോയ് കൂത്തൂർ | 09 |
| ഫാ. ഷാജു ചിറയത്ത് | 10 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 12 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 13 |
| ഫാ. അജിത്ത് തച്ചോത്ത് | 13 |
| ഫാ. ചാക്കോ എടയാൽ | 15 |
| ഫാ. ജോൺ കൊള്ളന്നൂർ | 15 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 16 |
| ഫാ. നിബിൻ തളിയത്ത് | 17 |
| ഫാ. ജോസ് ജൂനിയർ തെക്കേക്കര | 19 |
| ഫാ. ബർണാർഡ് തട്ടിൽ | 19 |
| ഫാ. പ്രിന്റോ കുളങ്ങര | 20 |
| ഫാ. ജോൺ ചുങ്കത്ത് | 20 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 23 |
| ഫാ. ജോയ് ജൂനിയർ ചിറ്റിലപ്പിള്ളി | 23 |
| ഫാ. പീറ്റർ പാലയൂർ | 25 |
| ഫാ. ബെന്നി കിടങ്ങൻ | 25 |
| ഫാ. ജസ്റ്റിൻ തടത്തിൽ | 25 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 27 |
| ഫാ. സിജോ കാട്ടൂക്കാരൻ | 27 |
| ഫാ. ജോയ് കൊള്ളന്നൂർ | 29 |
| ഫാ. ഡേവിസ് ജൂനിയർ ചിറമ്മൽ | 30 |

| | |
|---|---|
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 31 |
| ഫാ. റോയ്സൺ കൊള്ളന്നൂർ | 31 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 03 |
| ഫാ. സേവിയർ പാണേങ്ങാടൻ | 03 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 03 |
| ഫാ. ഫ്രാങ്കോ പുത്തിരി | 03 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 03 |
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 03 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 03 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 03 |
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 03 |
| ഫാ. ടിങ്കിൾ വാഴപ്പിള്ളി | 03 |
| ഫാ. ഫ്രാൻസിസ് കരിപ്പേരി | 03 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 03 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 03 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. ഫ്രാൻസിസ് തരകൻ | 03 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 03 |
| ഫാ. നിക്കോളസ് അന്തിക്കാട്ട് | 06 |
| ഫാ. നിക്കോളസ് പൊറത്തൂർ | 06 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 14 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 14 |
| ഫാ. ബാബു ചേലപ്പാടൻ | 17 |
| ഫാ. ലാസർ താണിക്കൽ | 17 |
| ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 27 |
| ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 27 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 27 |
| ഫാ. ജോൺസൻ അരിമ്പൂർ | 27 |
| ഫാ. ടെറിൻ മുള്ളക്കര | 27 |
| ഫാ. ജോൺ മുളക്കൽ | 27 |

| | |
|---|---|
| ഫാ. ജോൺ മൂലൻ | 27 |
| ഫാ. ജോജോ എടത്തിരുത്തി | 27 |
| ഫാ. ജീജോ വള്ളൂപ്പാറ | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 27 |
| ഫാ. ജോൺ കിടങ്ങൻ | 27 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 27 |
| ഫാ. ജോൺ ചുങ്കത്ത് | 27 |
| ഫാ. ജോൺസൻ ഐനിക്കൽ | 27 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 27 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഗീവർഗ്ഗീസ് മാമ്പിള്ളി | 31-12-1920 |
| മോൺ. പൊറിഞ്ചു ആലപ്പാട്ട് | 13-12-1924 |
| ഫാ. പൗലോസ് കൂന്തയിൽ | 13-12-1924 |
| ഫാ. തോമസ് അക്കരപ്പറ്റി | 19-12-1944 |
| ഫാ. പോൾ ചിറയത്ത് | 14-12-1953 |
| ഫാ. ജോസഫ് തോട്ടാൻ | 06-12-1965 |
| ഫാ. ഇഗ്നേഷ്യസ് ചിറയത്ത് | 23-12-1967 |
| ഫാ. അന്തപ്പൻ വലിയവീട്ടിൽ | 02 -12-1971 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 18-12-1973 |
| ഫാ. ജോർജ്ജ് ചൂണ്ടൽ | 19-12-1990 |
| ഫാ. ആന്റണി ജീസ് ചിറമ്മൽ | 21-12-1992 |
| മോൺ. മാത്യു മുരിങ്ങാത്തേരി | 17-12-1994 |
| ഫാ. ജോസഫ് ചുങ്കത്ത് | 28-12-2000 |
| ഫാ. ജോസഫ് വടക്കൻ | 28-12-2002 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

3.9.2014 സി.എസ്.എം.പൊന്നൂക്കര അസംപ്ഷനിൽ ബഹു. മോ. ആന്റണി മാളിയേക്കൽ അച്ചന്റെ ചരമവാർഷികത്തിൽ സുപ്പീരിയർ ജനറൽ സിസ്റ്റർ ജിയോ മരിയയും, കൗൺസിലേഴ്സും ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ സിസ്റ്റർ ബിയാട്രീസും, ബഹു. സിസ്റ്റേഴ്സും പങ്കെടുത്തു.

08.09.2014 സി.എസ്.എം. ലൂർദ്ദ്നാഥ പ്രൊവിൻസ് ഹൗസിൽ കൗൺസിലറായ റവ. സി. രശ്മി പോൾ, ട്രഷറർ റവ. സി. ഉഷസ്സ് എന്നിവരുടെ നാമഹേതുകതിരുനാൾ ആഘോഷിച്ചു.

12.9.2014 സി.എസ്.എം.ലൂർദ്ദ്നാഥ പ്രൊവിൻസ് ഡേയ്ക്ക് ഒരുക്കമായി 13 മണിക്കൂർ ഉപവാസവും ആരാധനയും നടത്തി.

14.9.2014 സി.എസ്.എം.ലൂർദ്ദ്നാഥ പ്രൊവിൻസ് ഡേ പരിപാടിക്ക് അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവ്, ചാൻസലർ റവ. ഫാ. റാഫേൽ ആക്കമറ്റത്തിൽ വി. ബലി അർപ്പിച്ചു. അസി.പ്രൊവിൻഷ്യൽ സി. മെറിൻ ആന്റോയുടെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. ജനറൽ ടീമംഗങ്ങളും, സൗത്ത് പ്രൊവിൻസ് ടിം അംഗങ്ങളും പങ്കെടുത്തു.

21.9.2014 സി.എസ്.എം.ലൂർദ്ദ്നാഥ പ്രൊവിൻസിന്റെ ശാഖമഠമായ അഞ്ചേരി അസ്സിസിയിൽ ഡയബറ്റിക് സ്പെഷലൈസ്ഡ് ക്ലിനിക്കിന്റെശില സ്ഥാപന കർമ്മം റവ. ഫാ. ലിജോ ചാലിശ്ശേരി നടത്തി.

സി.എസ്.എം. മുളയം നോവിഷ്യറ്റ് ഹൗസിൽ വി. കൊച്ചുത്രേസ്യയുടെ തിരുന്നാളിൽ ബഹു. പ്രൊവിൻഷ്യൽ സി. ബിയാട്രീസും ടീം അംഗങ്ങളും പങ്കെടുത്തു.

2.10.2014 സി.എസ്.എം. ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ ഹൗസിൽ ജൂനിയേഴ്സ് കോഴ്സ് നടത്തി.

എസ്.എ.ബി.എസ്. നിർമ്മലമാതാ സെൻട്രൽ സ്കൂളിൽ വച്ച് അദ്ധ്യാപകർക്കായി ഒരുക്കിയ ഏകദിന സെമിനാറിൽ പ്രോവിൻസിന്റെ കീഴിലുള്ള സ്കൂളുകളിൽ നിന്നായി 130 അദ്ധ്യാപകർ പങ്കെടുത്തു.

സി.എച്ച്.എഫ്. എല്ലാ ഭവനങ്ങളിലും2,3,4 തിയ്യതികളിൽ പ്രാർത്ഥനാ ദിനങ്ങളായി ചെലവഴിച്ചു.

04.10.2014 എസ്.എ.ബി.എസ്. കാൽവരി ആശ്രമത്തിന്റെ Home Day Celebrations- ൽ സി.ജെസി അയിരൂക്കാരൻ, സി.ബ്ലസ്സി റോസ് ചിരിയങ്കണ്ടത്ത് എന്നിവർ പങ്കെടുത്തു.

സി.എസ്.എം. ലൂർദ്ദ്നാഥാ പ്രൊവിൻഷ്യൽ സി. ബിയാട്രീസ് കാൽവരി ആശ്രമത്തിൽ സെന്റ് ഫ്രാൻസീസ് അസ്സീസിയുടെ Festal Celebrationനിൽ പങ്കെടുത്തു.

05.10.2014 എഫ്. സി. സി പ്രോവിൻസിന്റെ സന്നദ്ധ സേനയിലെ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടവരുടെ മീറ്റിംഗ് ഒക്ടോബർ 5–ാം തീയതി 2 pm ന് അസ്സീസിയിൽ വെച്ച് നടന്നു.

എസ്.എ.ബി.എസ്. നെന്മണിക്കര MKMUP School–ൽ വച്ച് നടന്ന പൂർവ്വ വിദ്യാർത്ഥികളുടെ കുടുംബസംഗമം, ഗുരുവന്ദനം എന്നീ പരിപാടികളിൽ സി.സോഫി പെരേപ്പാടൻ, സി.ടെസ്മി തെക്കിനിയത്ത് എന്നിവർ പങ്കെടുക്കുകയും സി.സോഫി പെരേപ്പാടൻ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

സി.എച്ച്.എഫ്. ഈ വർഷം ഗോൾഡൻ ജൂബിലി ആഘോഷിക്കു 10 സിസ്റ്റേഴ്സ് ജറുസലേം ധ്യാനകേന്ദ്രത്തിൽ ഒരാഴ്ച്ചത്തെ ധ്യാനത്തിൽ പങ്കെടുത്തു.

06.10.2014 എഫ്. സി. സി കാഞ്ഞാണി ഇടവകയിൽ ഹോം മിഷൻ പരിപാടികൾക്ക് എഫ്. സി. സി. സിസ്റ്റേഴ്സ് നേതൃത്വം നൽകി.

07.10.2014 എഫ്. സി. സി അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ 7–ാം ക്ലാസ്സ് മുതൽ കോളേജ് ഉൾപ്പെടെയുള്ള കത്തോലിക്കാ കുട്ടിൾക്കായി ഒക്ടോബർ 7–ാം തീയതി തൃശൂർ സെന്റ് ക്ലെയേഴ്സ് ഹൈസ്കൂൾ, 8–ാം തീയതി ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജ് എന്നീ രണ്ടു സോണുകളിൽ വെച്ച് ധോണി Marian Retreat Team ന്റെ നേതൃത്വത്തിൽ രാവിലെ 9.30 മുതൽ 3.30 pm വരെ നടന്ന ഏകദിന പ്രാർത്ഥനാ സെമിനാറിൽ ധാരാളം കുട്ടികൾ പങ്കെടുത്ത് ആത്മീയമായി ഉണർവു നേടി.

10.10.2014 എസ്.എ.ബി.എസ്. ജനറലേറ്റിൽ നടന്ന SAF മീറ്റിംഗിൽ മദർ ലിറ്റിൽ മരിയ തെക്കേക്കര, സി.എലൈസ് തച്ചിൽ, സി.ടെസ്മി തെക്കിനിയത്ത്, സി.സുമ തെരേസ് പെരേപ്പടൻ എന്നിവർ പങ്കെടുത്തു.

എഫ്. സി. സി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിലെ ചാപ്പലിന്റെ പുതുക്കിപ്പണിത മദ്ബഹയുടെയും 'അസ്സീസിയുടെ വഴിവിളക്കുകൾ' എന്ന മ്യൂസിയത്തിന്റെയും വെഞ്ചെരിപ്പ് 2014 ഒക്ടോബർ 10–ാം തീയതി അഭിവന്ദ്യ തൂങ്കുഴി പിതാവ് നിർവ്വഹിച്ചു.

സി.എച്ച്.എഫ്. അഭിവന്ദ്യ മാർ.റാഫേൽ തട്ടിൽ പിതാവ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനെ സന്ദർശിച്ച് ആശംസകൾനേർന്നു.

11.10.2014 എഫ്. സി. സി അസ്സീസി പ്രോവിൻസിന്റെ 'പ്രോവിൻസ് ഡെ' സമുചിതമായി ആഘോഷിച്ചു.

സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ 12 സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലി ആഘോഷമായി നടത്തി. ചെമ്പൂക്കാവ്, സേക്രഡ് ഹാർട്ട് ദേവാലയത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മീകത്വത്തിലുള്ള ദിവ്യബലിയും തുടർന്ന് ഹോളി ഫാമലി ഹയർ സെക്കന്ററി സ്ക്കൂൾ ഓഡിറ്റോറിയത്തിൽ നടത്തിയ സ്നേഹവിരുന്നിലും ധാരാളം വൈദീകരും സിസ്റ്റേഴ്സും വീട്ടുകാരും സംബന്ധിച്ച് ആശംസകൾ നേർന്നു.

13.10.2014 സരിതപുരം ഇടവകവികാരി ഫാ. സിജോ ചീരന്റെ ആകസ്മികമായ മരണത്തിൽ അനുശോചനം രേഖപ്പെടുത്തികൊണ്ട് വിവിധ സന്യാസസമൂഹങ്ങളിലെ സിസ്റേറഴ്സ് മൃതസംസ്ക്കാരശുശ്രൂഷയിൽ സംബന്ധിച്ചു.

15.10.2014 എസ്.എ.ബി.എസ്. സുപ്പീരിയർ ജനറൽ മദർ റോസ് കെയ്റ്റ് ചേറ്റുപുഴ പ്രൊവിൻഷ്യൽഹൗസിൽ ഔദ്യോഗിക സന്ദർശനം നടത്തി.

സി.എച്ച്.എഫ്. കേരള കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ അധ്യാപകർ തിരുവനന്തപുരത്ത് സെക്രട്ടേറിയേറ്റിൽ നടത്തിയ റാലിയിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

സി.എം.സി. വി.അമ്മത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് ജൂനിയേഴ്സിന്റെ നേതൃത്വത്തിൽ വളരെ മനോഹരമായി സീനിയേഴ്സ് ഡേ ആഘോഷിച്ചു. സാമൂഹ്യ സേവന പ്രവർത്തനങ്ങളെ കുറിച്ച് വിലയിരുത്തുതിനായി ജനറൽ തലത്തിൽ രണ്ട് സിസ്റ്റേഴ്സ് വന്ന് ഇൻസ്പെക്ഷൻ നടത്തി.

16.10.2014 എഫ്. സി. സി ആർച്ച്ബിഷപ് ഹൗസിൽ വെച്ച് മേജർ സുപ്പീരിയേഴ്സിനും വിദ്യാഭ്യാസം, സാമൂഹികസേവനം, പാലിയേറ്റീവ് കെയർ എന്നീ വകുപ്പുകളിൽ പ്രവർത്തിക്കുന്നവർക്കും വേണ്ടി നടന്ന സെമിനാറിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയും കൗൺസിലേഴ് സി. ലിറ്റിൽ മേരി, സി. റാണി കുരിയൻ എന്നിവരും പങ്കെടുത്തു.

സി.എസ്.എം. ബിഷപ്പ് ഹൗസിൽ നടത്തിയ ബോന ത്താലെ

മീറ്റിംങ്ങിൽ ബഹു. പ്രൊവിൻഷ്യലും കൗൺസിലേഴ്സും പങ്കെടുത്തു.

സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയറും കൗൺസിലേഴ്സും ജറുസലേം ധ്യാനകേന്ദ്രത്തിൽ പ്രാർത്ഥനാദിനമായി ചിലവഴിച്ചു.

17.10.2014 എഫ്. സി. സി.സെന്റ് ക്ലെയേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടന്ന തൃശൂർ ഈസ്റ്റ് ഉപജില്ല ശാസ്ത്രമേളയുടെ സമാപന സമ്മേളനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത മുഖ്യപ്രഭാഷണം നടത്തി.

സി.എം.സി.വാ.എവുപ്രാസ്യമ്മയുടെ ജന്മദിനത്തോടനുബന്ധിച്ച് ഒല്ലൂർ സെന്റ് മേരീസ് മഠം ചാപ്പലിൽ മാർ ജേക്കബ് തൂങ്കുഴി പിതാവ് അർപ്പിച്ച വി.ബലിയിൽ പ്രൊവിൻഷ്യൽ സുപ്പീരിയറും കൗൺസിലേഴ്സും സംബന്ധിച്ചു.

18.10.2014 എഫ്. സി. സി.സർപ്പിത വർഷത്തോടനുബന്ധിച്ച് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന Plenary council meetingൽ എല്ലാ അംഗങ്ങളും സംബന്ധിച്ചു.

പെരിങ്ങോട്ടുകര സെന്റ് ജോസഫ് കോൺവെന്റിൽ വെച്ച് നടന്ന ഉപവാസപ്രാർത്ഥനാസമ്മേളനത്തിൽ എല്ലാ ഭവനങ്ങളിലെയും സിസ്റ്റേഴ്സ് സംബന്ധിച്ചു.

സി.എച്ച്.എഫ്. 1999 –2005 വരെ യുള്ള വർഷങ്ങളിൽ ആദ്യവ്രതം ചെയ്ത സിസ്റ്റേഴ്സിന് പ്രൊവിൻഷ്യൽ ഹൗസിൽ ഗാതറിങ്ങ് നടത്തി.

സി.എസ്.എം. ഗോൾഡൻ, സിൽവർ, ജൂബിലിയാഘോഷിക്കു ബഹു.സിസ്റ്റേഴ്സ് ബിഷപ്പ് ഹൗസിൽ ഒരുക്കിയിരുന്ന പരിപാടിയിൽ പങ്കുകൊണ്ടു.

സി.എം.സി പ്രോവിൻസ് തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ സ്കൂൾ, കോളേജ് വിദ്യാർത്ഥിനികൾ ആലുവ ജനറലേറ്റിൽ സംഘടിപ്പിച്ച "St.Chavara & St.Euphrasia Mega Meet"" മത്സരത്തിൽ പങ്കെടുത്തു.

19.10.2014 എസ്.എ.ബി.എസ്. അട്ടപ്പാടിയിലെ സെഹിയോൻ റിട്രീറ്റ് സെന്ററിൽ സിസ്റ്റേഴ്സിനായി നടത്തിയ ധ്യാനത്തിൽ 32 സിസ്റ്റേഴ്സ് സംബന്ധിച്ചു.

എഫ്. സി. സി. ആദ്യവ്രത സമർപ്പണം നടത്തുന്ന നോവീസസിന്

അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഇന്റർവ്യൂ നടത്തി.

20.10.2014 എഫ്. സി. സി ഔദ്യോഗിക സന്ദർശനത്തിനും കെനിയൻ മിഷന്റെ സിൽവർ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനും നോവിസ് ക്രിസ്റ്റിയുടെ വ്രതവാഗ്ദാനച്ചടങ്ങിൽ സംബന്ധിക്കുന്നതിനുമായി ഒക്ടോബർ 20-ാം തീയതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത ആഫ്രിക്കയിലേക്ക് പുറപ്പെടുകയും നവംബർ 3-ാം തീയതി തിരിച്ചെത്തുകയും ചെയ്തു.

21.10.2014 സി.എച്ച്.എഫ്.ചെമ്പൂക്കാവ് പുതിയതായി അനുമതി ലഭിച്ച +2 സ്ക്കൂളിന്റെ ഉദ്ഘാടന പരിപാടിയിൽ പ്രൊവിൻഷ്യൽ സി.ഫിലോ ജോസഫ് ആശംസകളർപ്പിച്ചു.

22.10.2014 അമല ഹോസ്പിറ്റലിൽ നടന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ വിവിധ സന്യാസസമൂഹങ്ങളിലെ മേജർ സുപ്പീരിയേഴ്സ് പങ്കെടുത്തു.

സി.എസ്.എം. ലൂർദ്ദ്നാഥാ പ്രൊവിൻഷ്യൽ സമർപ്പിത വർഷം ആചരിക്കുന്നതിന്റെ ഭാഗമായി ഹൗസിൽ 13 മണിക്കൂർ അഖണ്ഡ ജപമാല നടത്തി.

സി.എം.സി സിസ്റ്റേഴ്സിന്റെ കുടുംബാംഗങ്ങളുടെ ഒന്നിച്ചുള്ള ഒരു ദിവസത്തെ സൗഹൃദ കൂട്ടായ്മ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.

26.10.2014 എസ്.എ.ബി.എസ്. സി.ടെസ്‌ലിൻ വടക്കുഞ്ചേരി, സി.സിൽവി ഇടത്തിൽ, സി.ആൻസി ജോസ് പാറേക്കാടൻ എന്നിവരുടെപ്രഥമവ്രതവാഗ്ദാനത്തിന്റെ രജതജൂബിലി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ആഘോഷിച്ചു.

ചേറ്റുപുഴ പ്രൊവിൻഷ്യൽഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടത്തി.

കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ First Year Novices അവരുടെ ഡിറക്ടറസ്സ് സി.മേഴ്സിറ്റ കണ്ണമ്പുഴയോടൊത്ത് ധ്യാനത്തിൽ സംബന്ധിച്ചു.

28.10.2014 എസ്.എ.ബി.എസ്. ബ.പ്രൊവിൻഷ്യാളമ്മ കൂനംമൂച്ചിയിലെ ഭവനസമൂഹത്തിൽ ഔദ്യോഗിക സന്ദർശനം നടത്തി.

31.10.2014 എസ്.എ.ബി.എസ്. സത്ന പ്രോവിൻസിന്റെ ഗാസിയാബാദിലുള്ള ഫാത്തിമ മാതാ കോൺവെന്റ് സ്ക്കൂളിന്റെ രജതജൂബിലിയാഘോഷങ്ങളിൽ മദർ ലിറ്റിൽ മരിയ തെക്കേക്കര പങ്കെടുത്തു.

03.11.2014 എഫ്. സി. സി നവംബർ 3-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണി മുതൽ 15-ാം തീയതി ശനിയാഴ്ച 4 മണി വരെ വേലൂർ FATRI യിൽ വെച്ച് നടത്തു രണ്ട് ആഴ്ചത്തെ കൗൺസിലിംഗ് കോഴ്സിൽ 15 സിസ്റ്റേഴ്സ് സംബന്ധിച്ചു.

സി.എം.സി.പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിച്ച "St.Chavara & St.Euphrasia Day" യിൽ എല്ലാ സുപ്പീരിയേഴ്സും ധാരാളം സിസ്റ്റേഴ്സും പങ്കുകൊണ്ടു. വിശുദ്ധാത്മാക്കളുടെ തിരുശേഷിപ്പു വഹിച്ചുള്ള പ്രദക്ഷിണം, വി.കുർബ്ബാന, സ്നേഹ വിരുന്ന്, കലാപരിപാടി, മത്സര വിജയികൾക്കുള്ള സമ്മാനം എന്നിങ്ങനെയുണ്ടായിരുന്ന കർമ്മ പരിപാടി ഈ ദിനത്തെ മോടിയാക്കി.

04.11.2014 എഫ്. സി. സി അമല, എറവ് എന്നീ ഇടവകകളിൽ ഹോം മിഷന് എഫ്. സി. സി. സിസ്റ്റേഴ്സ് നേതൃത്വം നൽകി.

സി.എം.സി. ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന് അഞ്ചുദിവസത്തെ കോഴ്സ് ആലുവയിൽ ആരംഭിച്ചു.

05.11.2014 സി.എം.സി.ഫാ.ജോസഫ് മുണ്ടശ്ശേരി അച്ചന്റെ നിര്യാണത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ഓമറും സി.ധീരയും പോയി പ്രാർത്ഥിച്ച് അനുശോചനം രേഖപ്പെടുത്തി.

**ആദരാഞ്ജലികൾ**



19.9.2014 സി.എസ്.എം. ലൂർദ്ദ്നാഥ പ്രൊവിൻസിലെ ഭവനാംഗമായ റവ. സി. ഫ്ളോറ നിര്യാതയായി. മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് അനുശോചനം അറിയിക്കുകയും, അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിക്കുകയും, ചാൻസലർ റവ. ഫാ. റാഫേൽ ആക്കമറ്റത്തിൽ (കപ്ലോൻ) ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ശവസംസ്ക്കാരകർമ്മം അഞ്ചേരി അസ്സീസി കോൺവെന്റിനോടടുത്തുള്ള സെമിത്തേരിയിൽ നടത്തി.



14.10.2014 സി.എം.സി. ദീർഘനാൾ ശയ്യാവലംബയായിരു സി.എപ്പിഫാനിയ അന്ത്യകൂദാശകൾ സ്വീകരിച്ച് നിത്യപിതാവിന്റെ പക്കലേക്ക് പറന്നുയർന്നു. വികാരി ജനറാൾ ഫാ.ജോർജ്ജ്

എടക്കളത്തൂരിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മ ങ്ങൾ നിർവഹിക്കുകയും സെന്റ് ജോസഫ്സ് മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



17.10.2014 സി.എം.സി.വാർദ്ധക്യസഹജമായ രോഗം മൂലം സി.മാക്സിമ ഈ ലോകത്തോട് യാത്ര പറഞ്ഞു. അഭിവന്ദ്യ മാർ പാസ്റ്റർ നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും ക്രൈസ്റ്റ് കിങ്ങ് മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



2.11.2014 സി.എച്ച്.എഫ്. ആമ്പക്കാട് സെ.ജോസഫ്സ് ഭവനാംഗമായ സി.പൊലിക്കാർപ്പ് നിര്യാതയായി. 3-ാം തിയ്യതി അഭിവന്ദ്യ മാർ.ജേക്കബ് തുങ്കുഴിയുടെ പ്രധാന കാർമ്മികത്വത്തിൽ മഠം ചാപ്പലിനേട് ചേർന്നുള്ള കല്ലറയിൽ മൃതദേഹം സംസ്ക്കരിച്ചു.



07.11.2014 എഫ്. സി. സി. പെരിങ്ങോട്ടുകര സെറാഫിക് ഭവനാംഗമായ സി. ക്രിസ്റ്റീന മേരി 2014 നവംബർ 8-ാം തീയതി സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ടു. അതിരൂപത ചാൻസലർ റവ. ഫാദർ റാഫേൽ ആക്കാമറ്റത്തിലിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷകൾ നടന്നു.

**സി.ജോസഫൈൻ പാലത്തിങ്കൽ SABS**

സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

*പുൽക്കൂട്ടിലെ ഉണ്ണിയേശുവിന്റെ സ്നേഹവും സമാധാനവും എല്ലാ മതാദ്ധ്യാപകർക്കും വിശ്വാസ പരിശീലനം സ്വീകരിക്കുന്ന എല്ലാ കുഞ്ഞുമക്കൾക്കും ആശംസിക്കുന്നു.*

ഡയറക്ടർമാർ സന്ദർശിച്ച മതബോധന യൂണിറ്റുകൾ: മച്ചാട്, കാഞ്ഞാണി, വരന്തരപ്പിള്ളി, മറ്റം, മണലൂർ, മരിയാപുരം

### 1. Aptitude Examination for Sunday Catechism Teachers

**a) Unit Level : 7th December 2014 Sunday 3.00 pm - 4.00 pm**

Aptitude പരീക്ഷയെ സംബന്ധിച്ച വിശദവിവരങ്ങൾ നവംബർ മാസത്തിലെ അതിരൂപത ബുള്ളറ്റനിൽ നൽകിയിട്ടുണ്ട്. See Trichur Archdiocesan Bulletin November 2014, Pages 69. Please see Annual Programme page 28 also.

അതിരൂപതയിലെ എല്ലാ മതാദ്ധ്യാപകരും Aptitude Examination എഴുതേണ്ടതാണ്. പരീക്ഷയിൽ വിജയിക്കേണ്ടതാണ്. ഡിസംബർ 7-ാം തിയതി ഞായാറാഴ്ച (3 pm-4 pm) പരീക്ഷ എഴുതാത്ത അദ്ധ്യാപകർക്കും തോറ്റവർക്കും Re-examination നടത്തുന്നതാണ്. ഹെഡ്മാസ്റ്ററുടെ ചുമതലയിൽ നടത്തുന്ന ഈ പരീക്ഷക്ക് ബഹുമാനപ്പെട്ട വൈദികർ മേൽനോട്ടം വഹിക്കേണ്ടതാണ്. Re-examination date പിന്നീട് അറിയിക്കുന്നതാണ്.

Unit Level പരീക്ഷയുടെ Syllabus 'വിശ്വാസം - ഉറവിടങ്ങളും വ്യാഖ്യാതാക്കളും" പുസ്തകത്തിലെ ആദ്യത്തെ 10 അദ്ധ്യായങ്ങൾ ആയിരിക്കും. ഡിസംബർ 1 മുതൽ ചോദ്യക്കടലാസ് പാക്കറ്റുകൾ മതബോധന കേന്ദ്രത്തിൽ നിന്നും HM വാങ്ങി കൊണ്ടുപോകേണ്ടതാണ്. ഈ പരീക്ഷ എഴുതിയ എല്ലാ അദ്ധ്യാപകരുടെയും ഉത്തരക്കടലാസ്സുകൾ അതാത് യൂണിറ്റിൽ വികാരിയച്ചന്റെ/ HMന്റെ നേതൃത്വത്തിൽ മൂല്യനിർണ്ണയം ചെയ്തതതിനുശേഷം എല്ലാ അദ്ധ്യാപകരുടെയും പേരെഴുതിയ മാർക്ക് ലിസ്റ്റ് ഡിസംബർ 18ന്- മതബോധന കേന്ദ്രത്തിൽ എത്തിച്ചുതരേണ്ടതാണ്. മൂല്യനിർണ്ണയത്തിന് Answer Key പരീക്ഷക്കുശേഷം മതബോധന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

b) **<u>Archdiocesan Level</u> : 28th December, 2014 Sunday. 2 pm to 4 pm at Catechetical Centre, DBCLC**

മതബോധന കേന്ദ്രത്തിൽവെച്ച് നടത്തുന്ന പരീക്ഷക്ക് യൂണിറ്റിൽ ഫസ്റ്റ് ആയ ഒരദ്ധ്യാപകനെ മാത്രം പറഞ്ഞയ്ക്കുന്നു. ഹോൾ ടിക്കറ്റിൽ അദ്ധ്യാപകന്റെ പേര്, ആവശ്യമായ ഒപ്പുകൾ എന്നിവ വേണം. Archdiocesan Level പരീക്ഷയുടെ Syllabus വിതരണം ചെയ്ത പുസ്തകത്തിലെ 15 അദ്ധ്യായങ്ങൾ ആണ്.

**2. Unit Visit**

ഡിസംബർ മാസത്തിൽ തന്നെ യൂണിറ്റ് വിസിറ്റ് നടത്തിക്കഴിഞ്ഞിരിക്കേണ്ടതാണ്. വിസിറ്റ് റിപ്പോർട്ട് എത്രയും വേഗം(നിർബന്ധമായും 2015 ജനുവരി 10ന് മുമ്പ്) മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഡിസംബർ 21-ന് യൂണിറ്റുകളിൽ ക്രിസ്തുമസ്സ് ആഘോഷത്തിന് സാധ്യത ഉള്ളതിനാൽ , ആ ഞായറാഴ്ച യൂണിറ്റ് വിസിറ്റ് സാദ്ധ്യമാവില്ല എന്ന് ഓർമ്മിപ്പിക്കുന്നു.

**3. Annual Examination & Centralised Valuation**

Catechism Annual Examination 2015 February-യിൽ തന്നെ നടത്തുന്നതാണ്. അതനുസരിച്ച് പാഠങ്ങൾ പഠിപ്പിച്ചു തീർക്കുകയും മറ്റു ഒരുക്കങ്ങൾ ചെയ്തു തീർക്കുകയും വേണം. Centralised Valuation-ന് (Std. XII & ACC) ബന്ധപ്പെട്ട എല്ലാ അദ്ധ്യാപകരും നിർബന്ധമായി സംബന്ധിക്കണം. തിയ്യതികൾ പിന്നീട് അറിയിക്കുന്നതാണ്.

**4. SMCC Award - Std. XII Students**

Syro-malabar Catechetical Commission Award ന്റെ Forane Level Selection October- November ൽ തന്നെ വളരെ വിജയകരമായി നടത്തി. നടത്തിപ്പിന് സഹായിച്ച ബഹു. അച്ചന്മാർ, ഫൊറോന പ്രമോട്ടർമാർ, ഹെഡ്മാസ്റ്റർമാർ, ആനിമേറ്റർമാർ മുതലായവരുടെ സഹകരണത്തിന് നന്ദി. ഓരോ ഫൊറോനയിൽ നിന്നും കുട്ടികളെ തെരഞ്ഞെടുത്തു. അതിരൂപതാതല ആദ്യ സെലക്ഷൻ നവംബർ 22ന് നടന്നു. അടുത്ത സെലക്ഷൻ ഡിസംബർ മാസം അവസാനം നടത്തുന്നതാണ്. ഈ കുട്ടികളിൽ നിന്നും 4 പേരെ തെരഞ്ഞെടുത്ത് സഭാതലമത്സരത്തിലേക്ക് പറഞ്ഞയ്ക്കുന്നു.

**5. CCC Quiz 2014 Std. VIII to XI**

Unit Level Examination എല്ലാ യൂണിറ്റുകളിലും Nov. 16ന് നടന്നു. 90 ശതമാനത്തിൽ കൂടുതൽ മാർക്ക് കിട്ടിയ കുട്ടികളുടെ Answer Papers മതബോധന കേന്ദ്രത്തിൽ Revalue ചെയ്ത് Archdiocesan Level Examination

എഴുതാൻ അർഹരായവരെ Unit ൽ അറിയിക്കുന്നതാണ്.

Archdiocesan Level Examination
Date : 28th December 2014
Day : Sunday
Time : 02.30. - 04.00
Venue : Catechetical Centre, DBCLC, Thrissur
Syllabus : CCC Quiz Question Bank with Answers പുസ്തകത്തിന്റെ ഉള്ളടക്കം മുഴുവനും

*Happy Christmas!*

**Fr. Antony Mecheripady**
Asst. Director

**Fr. Jiphy Mekkattukulam**
Director

## മേരിമാതാ മേജർ സെമിനാരി

**LUMINA 2014 ന് ദീപശിഖ തെളിഞ്ഞു (ഒക്ടോബർ 28)**

Home dayയുടെ ഭാഗമായി സർഗജ്യോതിയുടെ നേതൃത്വത്തിൽ സെമിനാരിയിൽ നടത്തുന്ന കലാകായിക മത്സരങ്ങൾക്ക് തുടക്കം കുറിച്ചു. Aim the Height, Gain the Hearts എന്ന മുദ്രാവാക്യവുമായി തുടങ്ങിയ LUMINA -2014 ന് ഗായകനായ ശ്രീ. അലക്സ് വയനാട് ദീപശിഖ കൊളുത്തി ഔദ്യോഗികമായി ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് LUMINA 2014ന്റെ ലോഗോയുടെയും, മോട്ടോയുടെയും പ്രകാശവനും പ്രതിജ്ഞ ചൊല്ലികൊടുക്കലും സെമിനാരി റെക്ടർ റവ. ഫാ. ബാബു പാണാട്ടുപറമ്പിൽ നിർവ്വഹിച്ചു.

വൈദികവിദ്യാർത്ഥികളെ മുഴുവനും തണ്ടേഴ്സ്, ടിസ്റ്റേഴ്സ്, റാഡിക്കൽസ്, റോയൽസ് എന്നീ നാലുഗ്രൂപ്പുകളായി തിരിച്ച് മൂന്ന് ആഴ്ചകളിലായി നീണ്ടുനിൽക്കുന്ന കലാ-കായിക മത്സരങ്ങൾ സംഘടിപ്പിച്ചു. നവംബർ 13, 14 തിയതികളിൽ ബാക്കിയുള്ള കലാമത്സരങ്ങളും, അത്‌ലറ്റിക്സും നടത്തി. 15-ാം തിയതി Home Day യുടെ അന്ന് മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകി അഭിനന്ദിച്ചു.

**സകല മരിച്ചവരുടെയും ഓർമ്മ ദിനം (നവംബർ 1)**

മരിച്ചവരുടെ ഓർമ്മദിനം (നവംബർ 2) ഈ വർഷം ഞായറാഴ്ചയായതുകൊണ്ട് നവംബർ 1 ശനിയാഴ്ച ബ്രദേഴ്സ് എല്ലാവരും സെമിനാരിക്കടുത്തുള്ള ഇടവകദേവാലയങ്ങളിൽ പോയി മരിച്ചവർക്കുവേണ്ടി വിശുദ്ധ കുർബ്ബാനയിലും, മറ്റുതിരുകർമ്മങ്ങളിലും പങ്കെടുത്ത് പ്രാർത്ഥിച്ചു. പ്രത്യേകമായി മേരി

മാതയുടെ ആദ്യബാച്ചിൽ നിന്നും പഠനം പൂർത്തിയാക്കി തൃശ്ശൂർ അതിരൂപ തയിൽ വൈദികനായി സേവനമനുഷ്ഠിച്ചിരുന്ന ബഹു. സിജോ ചീരനച്ചന്റെ ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**സങ്കീർത്തന മത്സരം (നവംബർ 1)**

ഒരു പ്രാവശ്യം പാടുന്നവൻ രണ്ടുപ്രാവശ്യം പ്രാർത്ഥിക്കുന്നു. നവംബർ 1-ാം തിയതി ശനിയാഴ്ച ബാച്ചടിസ്ഥാനത്തിൽ സെമിനാരിയിൽ സങ്കീർത്ത നാലാപന മത്സരം അരങ്ങേറി. ആറ് ബാച്ചുളെയും ഉൾപ്പെടുത്തി 15 പേരട ങ്ങുന്ന ഗായകസംഘങ്ങൾ 10 മിനിറ്റ് ദൈർഘ്യമുള്ള സങ്കീർത്തന -ഗാനങ്ങൾ സംഗീതോപകരണങ്ങളുടെ അകമ്പടിയോടുകൂടി ആലപിച്ചു. ഗാനരചനയ്ക്കും ആലാപനത്തിനും പ്രത്യേക സമ്മാനങ്ങൾ ഉണ്ടായിരുന്ന ഈ മത്സരത്തിൽ രണ്ടിനത്തിലും ഒന്നാം സമ്മാനം സ്വന്തമാക്കിയത് മൂന്നാം വർഷ ദൈവ ശാസ്ത്ര വിദ്യാർത്ഥികളായിരുന്നു.

**വിനോദയാത്ര (നവംബർ 5)**

മാനസികമായും, ശാരീരികമായും ഉന്മേഷം നൽകുവാനും ബാച്ചുകളുടെ ഐക്യം ഊട്ടിയുറപ്പിക്കുന്നതിനുമായി സെമിനാരി വിദ്യാർത്ഥികൾ എല്ലാവരും വിനോദയാത്ര നടത്തി. നവംബർ 4ന് രാത്രി ഭക്ഷണത്തിനുശേഷം തിരുവന ന്തപുരം, വയനാട്, പൊള്ളാച്ചി എന്നിവടങ്ങളിലേക്ക് ആറ് ബാച്ചുകളിലായി നടത്തിയ വിനോദയാത്ര ഏവർക്കും ആനന്ദപ്രദമായിരുന്നു. 6-ാം തിയതി അതിരാവിലെ തന്നെ എല്ലാവരും തിരിച്ചെത്തുകയും ചെയ്തു.

**കുടുംബദിനം (നവംബർ 15)**

മേരിമാത സെമിനാരിയുടെ 17-ാമത് കുടുംബദിനം നവംബർ 15-ാം തിയതി വിപുലമായ രീതിയിൽ ആഘോഷിച്ചു. മേരിമാതാ സെമിനാരിയുടെ സ്ഥാപ കൻ അഭിവന്ദ്യ മാർ ജെയ്ക്കബ്ബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സെമിനാരി കുടുംബം ഒന്നുചേർന്ന് വി. ബലിയർപ്പിച്ച് എല്ലാ അനുഗ്രഹങ്ങ ൾക്കും ദൈവത്തിന് നന്ദിയർപ്പിച്ചു. സെമിനാരിയുടേയും ബ്രദേഴ്സിന്റെയും വളർച്ചയ്ക്കായി പരിശ്രമിക്കുന്ന എല്ലാവരും സെമിനാരി കുടുംബത്തോട് ഒന്നു ചേർന്ന് പ്രാർത്ഥിക്കുകയും, ശേഷം സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു. അന്ന് വൈകുന്നേരം അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ സാന്നിദ്ധ്യത്തിൽ സെമിനാരി കുടുംബം ഒന്നുചേരുകയും സന്തോഷം പങ്കി ടുകയും ചെയ്തു. അഭിവന്ദ്യ പിതാവ് കുടുംബദിനത്തിന്റെ ആശംസകളർപ്പിച്ച് കുടുംബദിനത്തിന്റെ ഊഷ്മളത വർദ്ധിപ്പിച്ചു. തുടർന്ന് 8 മണിക്ക് കൊല്ലം അസീസിയിലെ കലാകാരന്മാർ അണിയിച്ചൊരുക്കിയ "ഒറ്റമരത്തണലിൽ' എന്ന നാടകം മാർ ജോസഫ് കുണ്ടുകുളം ഓഡിറ്റോറിയത്തിൽ പ്രേക്ഷക മനസ്സിന്റെ മനം കവർന്നു.

**സ്നേഹോത്സവത്തിന് തുടക്കം**

ഈ വർഷത്തെ സ്നേഹോത്സവത്തിന്റെ ഒരുക്കങ്ങൾ നവംബർ 17-ാം തിയതി ദിവ്യകാരുണ്യ ആരാധനയോടെ ആരംഭിച്ചു. ഡിസംബർ 14 മുതൽ 19 വരെ നടത്തപ്പെടുന്ന സ്നേഹോത്സവത്തിന് ഇപ്രാവശ്യം തിരഞ്ഞെടുത്തിരിക്കുന്നത് കൊട്ടേക്കാട്, പറവട്ടാനി, ഇടവകകളാണ്. സ്നേഹോത്സവത്തിന്റെ വിജയത്തിനായി വൈദിക വിദ്യാർത്ഥികൾ രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് എന്നും ദിവ്യകാരുണ്യ ആരാധനയും സോൺ, യൂണിറ്റ് അടിസ്ഥാനത്തിൽ പ്രത്യേക പ്രാർത്ഥനകളും നടത്തുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

## Individual Patron Membership

1. ശ്രീ. സാജൻ പി. ജോർജ്ജ്, പടിയാരംപറമ്പിൽ ഹൗസ്, ഒല്ലൂക്കര
2. ശ്രീ. ജോസഫ് ആന്റണി, പള്ളിക്കുന്നത്ത് ഹൗസ്, മണ്ണുത്തി
3. ശ്രീ.ഡേവീസ് എം.വി. മേക്കാട്ടുകുളം ഹൗസ്, ആറംപിള്ളി

## Individual Benefactor Membership

1. ശ്രീ. പി.ടി. കൊച്ചപ്പൻ, പൊറത്തൂർ ഹൗസ്, ചൂണ്ടൽ
2. ശ്രീ സജിത്ത് തോമസ്, എടക്കളത്തൂർ ഹൗസ്, കോളാങ്ങാട്ടുകര

## Institutional Benefactor Membership

1. പ്രസിഡന്റ് സി.എൽ.സി., സെന്റ് ആന്റണീസ് ചർച്ച്, മണ്ണുത്തി
2. റവ. സി. സുപ്പീരിയർ ജനറൽ സി.എസ്.എം. കൃപാഭവൻ ജനറലേറ്റ്, മണ്ണംപേട്ട

## Individual Well Wishers Membership

1. ശ്രീമതി ഗ്രേയ്സി ഫ്രാൻസീസ്& ശ്രീ. ഫ്രാൻസീസ്, അറങ്ങാശ്ശേരി ഹൗസ്, തയ്യൂർ
2. മാസ്റ്റർ തോമസ് ജോൺ തറയിൽ, വെളിയന്നൂക്കാരൻ ഹൗസ്, വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ
3. ശ്രീ. വിൻസെന്റ് സി.ജെ. ചാഴൂർ ഹൗസ്, മുല്ലശ്ശേരി
4. ശ്രീമതി റോസി പോൾ, ആലപ്പാടൻ ഹൗസ്, പൂച്ചിണ്ണിപ്പാടം

**ഫാ. ബാബു പാണാട്ടുപറമ്പിൽ**

റെക്ടർ

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

## Home Day & Archbishop's Day

2014 ഒക്ടോബർ 25നായിരുന്നു ഈ അദ്ധ്യയനവർഷത്തെ Home Day യും Archbishop's Day യും ആചരിച്ചത്. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അന്നേദിവസം ദിവ്യബലിയർപ്പിച്ച് പ്രത്യേകമായി സെമിനാരി കുടുംബത്തെ സമർപ്പിച്ച് പ്രാർത്ഥിച്ചു. വൈകീട്ട് നടന്ന സ്നേഹവിരുന്നിലും കലാവിരുന്നിലും അഭിവന്ദ്യപിതാക്കന്മാരും ബഹു. വൈദികരും സിസ്റ്റേഴ്സും മറ്റ് ക്ഷണിക്കപ്പെട്ട അതിഥികളും പങ്കെടുത്തു. ഒരുമയുടെ ഒരു ആഘോഷമായി ആ ദിവസത്തെ അനുഭവിക്കാൻ ഞങ്ങളെ സഹായിച്ച എല്ലാവർക്കും നന്ദി.

**ജപമാല പ്രദക്ഷിണം**

ഒക്ടോബർ 31–ാം തിയതി ജപമാലമാസാചരണത്തിന് പരിസമാപ്തി കുറിച്ചുകൊണ്ട് സെമിനാരി അങ്കണത്തിൽവെച്ച് ജപമാല പ്രദക്ഷിണം നടത്തി.

**ഉല്ലാസയാത്ര**

ഈ അദ്ധ്യയന വർഷത്തെ ഉല്ലാസയാത്ര നവംബർ 6–ാം തിയതിയായിരുന്നു. കോഴിക്കോട് പട്ടണമാണ് സന്ദർശിച്ചത്. അറിവ് വർദ്ധിപ്പിക്കാനും മാനസിക സന്തോഷം പരിപോഷിപ്പിക്കാനും ഈ യാത്ര സഹായകരമായി.

**മാസധ്യാനം**

ആത്മീയ ജീവിതം ശാക്തീകരിക്കാനുള്ള പ്രധാന മാർഗ്ഗങ്ങളിലൊന്നായ മാസധ്യാനം നവംബർ 8–ാം തിയതി നടന്നു. ബഹു. സജീവ് ഇമ്മട്ടിയച്ചൻ വചനബദ്ധമായ ജീവിതത്തിലൂടെ എങ്ങനെ ആത്മീയോൽക്കർഷം പ്രാപിക്കാമെന്ന് തന്റെ സുന്ദരമായ വിചിന്തനങ്ങളിലൂടെ ഞങ്ങൾക്ക് മനസ്സിലാക്കിതന്നു.

**ഇടവകതിരുനാൾ**

ഞങ്ങളുടെ ഇടവക ദൈവാലയമായ മഡോണ നഗർ സെന്റ് മേരീസ് പള്ളിയിലെ തിരുനാളിൽ സെമിനാരി കുടുംബം സന്തോഷം പങ്കുചേർന്നു. തിരുനാൾ ദിനമായ നവംബർ 9–ാം തിയതി നടന്ന ജപമാല പ്രദക്ഷിണത്തിൽ ഞങ്ങളെല്ലാവരും സംബന്ധിച്ചു. ഇടവകക്കാർക്ക് ഞങ്ങളോടുള്ള പ്രത്യേകമായ സ്നേഹവും കരുതലും ഏറെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

## വിശുദ്ധപദപ്രഖ്യാപന വിളംബര പ്രയാണം

കേരളത്തിന്റെ സ്വന്തമായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനും വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയും വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്ന അനുഗ്രഹീതമുഹൂർത്തം വിശ്വാസികളുടെ മനസ്സുകളിൽ സജീവമാക്കാൻ സംഘടിപ്പിക്കപ്പെട്ട വിളംബര പ്രയാണത്തിന് നവംബർ 15-ാം തിയതി സെമിനാരിയിൽ ഊഷ്മളമായ സ്വീകരണം നൽകി. വിശുദ്ധാത്മാക്കളുടെ തിരുശേഷിപ്പുകൾ വണങ്ങി പ്രാർത്ഥിക്കാൻ സാധിച്ചതിന് വലിയൊരു അനുഗ്രഹമായി ഞങ്ങൾ കരുതുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി ട്രെസ്സി വർഗ്ഗീസ് & ശ്രീ. വർഗ്ഗീസ് പോൾ, മൂഞ്ഞേലി ഹൗസ്, കല്ലൂർ
2. ശ്രീമതി മരിയ സുധാകരൻ കിങ്ങ് ജോസ് ആലുക്കാസ് ഇംപീരിയിൽ ടവർ, മരിയാപുരം
3. ശ്രീമതി ആനി വർഗ്ഗീസ്, പാറയ്ക്കൽ കുറ്റിക്കാട്ട് ഹൗസ്, വേലൂർ
4. ബഹു. സിജോ ചീരനച്ചന്റെ പാവനസ്മരണയ്ക്കായി അദ്ദേഹത്തിന്റെ വൈദികസഹപാഠികൾ
5. ശ്രീ. വി. കെ. ഫ്രാൻസീസ്, വടക്കൻ ഹൗസ്, കുന്ദംകുളം
6. ശ്രീ. ബൈജു ജോസഫ്, വടക്കൻ ഹൗസ്, കുന്ദംകുളം
7. ശ്രീ. ജോസഫ് കെ.ടി. കൊടിയൻ ഹൗസ്, വെണ്ടോർ
8. ശ്രീമതി ആനി ജോസ് "മേരി വില്ല" എഴുത്തച്ഛൻ നഗർ, തൃശ്ശൂർ
9. ശ്രീമതി വെറൊനിക്ക ഔസേഫ്, വാഴപ്പറമ്പൻ ഹൗസ്, കോനിക്കര
10. ശ്രീ. ജോയേൽ പി.ടി., പാറേക്കാട്ടിൽ ഹൗസ്, വെണ്ടോർ
11. ശ്രീ. നെൽജോ നീലങ്കാവിൽ, കൊട്ടേക്കാട്
12. ശ്രീ. ടോണി ഏനോക്കാരൻ, ഏയ്ഞ്ചൽ നഗർ, ഒല്ലൂർ
13. ശ്രീ. മോഹൻരാജ് കെ.ജെ. കാക്കശ്ശേരി ഹൗസ്, മറ്റം

ദൈവത്തിനും ദൈവജനത്തിനുമായി തങ്ങളെതന്നെ ആത്മാർപ്പണം ചെയ്യാനൊരുങ്ങിക്കൊണ്ടിരിക്കുന്ന വൈദികവിദ്യാർത്ഥികളെ സന്തോഷത്തോടെ പിന്തുണയ്ക്കുന്ന എല്ലാവരേയും ഈശോ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**

**റെക്ടർ**

# ഛാന്ദാ വാർത്തകൾ

സെപ്തംബർ മാസത്തിലെ ആദ്യവാരം വയലേലകളിൽ ജോലികൾ സ്ഥാപിച്ചതിന്റെ പ്രതീകമായി തങ്ങളുടെ കന്നുകാലികളെ കുളിപ്പിച്ച് ആടയാഭരണങ്ങൾ ചാർത്തി മഹാരാഷ്ട്രയിലെ മണ്ണിന്റെ മക്കൾ "പോള" ആഘോഷിച്ചപ്പോൾ കാർഷിക വർഷത്തിലെ പുതിയൊരു വർഷത്തിന് നാന്ദിയായി. ബാലാപൂരിലെ വയലിൽ എട്ട് ഏക്കറോളം നെല്ല് വിതച്ച് കൃഷി ജോലികൾക്ക് ആരംഭം കുറിച്ചു. കളപറിയ്ക്കൽ, വളമിടീൽ, തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഫാ.സിജോ കാട്ടൂക്കാരൻ നേതൃത്വം നൽകി.

ഒക്ടോബർ മാസത്തിലെ പുണ്യദിനങ്ങൾ ജപമാല ഭക്തിയുടെ മധുരസ്മരണകളുടേതാക്കി മാറ്റുവാൻ ഇടവക സമൂഹം മറന്നില്ല. ആദ്യപത്തുദിനങ്ങൾ പള്ളിയിൽ ദിവ്യകാരുണ്യസന്നിധിയിലെ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും തിരുകർമ്മങ്ങൾക്കും ജനങ്ങൾ സർവ്വാത്മന സഹകരിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ സിജോ അച്ചന്റെ നേതൃത്വത്തിൽ ബഹു.സിസ്റ്റേഴ്സിന്റെ സഹകരണത്തോടെ രണ്ടുഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രാമങ്ങളിലെ ഭവനകൂട്ടായ്മകളിൽ ജപമാല അർപ്പിച്ചു. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ഒക്ടോബർ 23ന് ബാലാപൂരിലെത്തി. ചാന്ദാരൂപതയുടെ പുതിയ മെത്രാൻ അഭിവന്ദ്യ എഫ്രേം നരികുളം പിതാവിന്റെ മെത്രാഭിഷേക കർമ്മങ്ങൾക്കുശേഷം നാട്ടിലേക്ക് തിരിച്ചു. പിതാവിന്റെ സന്ദർശനവും പ്രോത്സാഹജനകമായ വാക്കുകളും ഞങ്ങളിലെ മിഷനറി തീക്ഷ്ണതയെ ജ്വലിപ്പിക്കുവാൻ പര്യാപ്തമായിരുന്നു.

ഒക്ടോബർ 13നായിരുന്നു ബാലൂപാരിലെയും വസയിലെയും വിശ്വാസിസമൂഹത്തിന് ഹൃദയത്തിൽ ദുഃഖം സമ്മാനിച്ചുകൊണ്ട് ആ അറിയിപ്പുവന്നത്. ഞങ്ങളുടെ മുൻ കൊച്ചച്ചൻ ഫാ. സിജോ ചീരൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു എന്ന്. അച്ചനുവേണ്ടി പ്രത്യേക പ്രാർത്ഥന ശുശ്രൂഷകളും അനുസ്മരണ ബലിയും നടന്നു. ഛാന്ദാബിഷപ്പ് മാർ എഫ്രേം തണ്ടിലം ഇടവകയിൽ വന്ന് വി. ബലി അർപ്പിച്ചു. മിഷൻ ഞായറാഴ്ചയും കാര്യമായി പരിപാടികളോടെ ആഘോഷിച്ചു. നവംബർ മാസത്തിലെ ആദ്യ ഞായർ സെമിത്തേരിയിൽ പ്രാർത്ഥനാ ശുശ്രൂഷ നടത്തി. വിളവെടുപ്പ് ജോലികൾക്ക് ഫാ. സിജോ കാട്ടൂക്കാരൻ നേതൃത്വം നൽകി.

ഛാന്ദായിൽ നിന്നും

**വൈക്കാടൻ ജോസഫച്ചൻ**

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

### 1. അനുശോചനം രേഖപ്പെടുത്തി

മഹാജൂബിലി ട്രെയിനിങ്ങ് കോളേജിന്റെ B.Ed. വിദ്യാർത്ഥിയും ഏവരുടെയും പ്രിയങ്കരനുമായി സീജോ ചീരനച്ചന്റെ അകാല നിര്യാണത്തിൽ എല്ലാ സ്റ്റാഫും വിദ്യാർത്ഥികളും അനുശോചനം രേഖപ്പെടുത്തി. ഒക്ടോബർ 14 തണ്ടിലം പള്ളിയിൽ വച്ചുനടന്ന മൃതസംസ്ക്കാരകർമ്മത്തിലും പ്രാർത്ഥനയിലും എല്ലാവരും പങ്കെടുത്തു. സിജോ അച്ചന് ഞങ്ങളുടെ ആദരാഞ്ജലികൾ

### 2. സിജോ ചീരനച്ചനുവേണ്ടി വി. കുർബ്ബാന അർപ്പിച്ചു

മഹാജൂബിലി ട്രെയ്നിംഗ് കോളേജ് ചാപ്പലിൽ വച്ച് സിജോ അച്ചനുവേണ്ടി നടത്തിയ വി. കുർബ്ബാനയിൽ എല്ലാ വിദ്യാർത്ഥികളും സ്റ്റാഫും പങ്കെടുത്ത പ്രാർത്ഥിച്ചു. ഫാ. ദേവസ്സി പന്തല്ലൂക്കാരനച്ചന്റെയും സിജോ അച്ചന്റെ സഹപാഠികലായിരുന്ന മറ്റു വൈദികരുടെയും കാർമ്മികത്വത്തിലാണ് ഒക്ടോബർ 23ന് വി. കുർബ്ബാന അർപ്പിച്ചത്.

### 3. NLP സെമിനാർ സംഘടിപ്പിച്ചു

മഹാജൂബിലി ട്രെയ്നിങ്ങ് കോളേജിലെ എം.എഡ്. വിദ്യാർത്ഥികൾക്കായി Newo Lingustic Programming ന്റെ സെമിനാർ ഒക്ടോബർ 25ന് സംഘടിപ്പിച്ചു. NIT Program Co-Ordinator ആയ ഡോ. ബിജു എം.എ. ആണ് സെമിനാർ നയിച്ചത്.

### 4. കോളേജ് ദിനാഘോഷം നടത്തി

മഹാജൂബിലി കോളേജിന്റെ 2013-2014 ബാച്ചിന്റെ കോളേജ് ദിനാഘോഷം ഒക്ടോബർ 24ന് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. Best Teacher National Award ജേതാവായ മിസ്റ്റർ. പീതാംബരൻ എം. ഉദ്ഘാടകനായിരുന്ന ചടങ്ങിൽ മോൺ. ജോർജ്ജ് എടക്കളത്തൂർ, പ്രിൻസിപ്പൽ ഡോ. ജെസി മാത്യൂസ്, ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ഫാ. ചാക്കോ ചിറമ്മൽ, മിസ്റ്റർ ജോസ് എം. വി. എന്നിവർ സന്നിഹിതയായിരുന്നു. യോഗത്തിനുശേഷം സർഗ്ഗപ്രതിഭ (അഞ്ജു പാർവ്വതി) കലാപ്രതിഭ (റോക്കി) കലാതിലകം (ജാസ്മിൻ) എന്നിവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. ഏറ്റവും കൂടുതൽ പോയിന്റോടെ ടാഗോർ ഗ്രൂപ്പും, രണ്ടാം സ്ഥാനത്തിന് വിവേകാനന്ദ ഗ്രൂപ്പും അർഹരായി.

### 5. യൂണിവേഴ്സിറ്റി എക്സാം സമാപിച്ചു.

2013-2014 അദ്ധ്യയന വർഷത്തിലെ B.Ed. വിദ്യാർത്ഥികളുടെ യൂണിവേ

ഴ്സിറ്റി പരീക്ഷ നവംബർ മാസത്തിൽ സമാപിച്ചു.

**6. പുതിയ അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്തു**

മഹാജൂബിലി കോളേജിലെ 2014–2015 B.Ed. അദ്ധ്യയനവർഷം നവംബർ 5, 2014ന് കോളേജ് ഓഡിറ്റോറിയത്തിൽവച്ച് മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്തു

പി.ആർ. ഒ. **ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**

**ഫാ. ചാക്കോ ചിറമ്മൽ** പ്രിൻസിപ്പാൾ,

മഹാജൂബിലി കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസ്

## Institute of Theology (Ph : 2333245)

**Institute of Theology** യിൽ നിന്നും പുതിയ ദൈവശാസ്ത്ര കോഴ്സുകൾ

1. B.A. in Theology & Religious Studies (Affilated to Catholic University, Leuven (Katholieke University Leuven, Belgium)

അത്മായർക്കും സന്യസ്തർക്കും ദൈവശാസ്ത്രം പഠിക്കുന്നതിനും, വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സഭാചരിത്രത്തെയും സംബന്ധിച്ച് കൂടുതൽ അറിവ് നേടുന്നതിനും തൃശ്ശൂർ അതിരൂപതയിൽ സ്ഥാപിതമായ പരിശീലന കേന്ദ്രമാണ് ദൈവശാസ്ത്ര വിദ്യാപീഠം (Institute of Theology, Catholic Archbishop’s House, Trichur) ഈ വിദ്യാപീഠത്തിൽ നിന്നും മൂന്നു വർഷത്തെ B.A. in Theology and Religious Studies -ന്റെ ഒരു പുതിയ ബാച്ച് 2015 ജനുവരി 11ന് ആരംഭിക്കുന്നതായിരിക്കും. എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 2 മണി മുതൽ 5 മണി വരെ ആയിരിക്കും ക്ലാസ്സുകൾ.

വിദ്യാഭ്യാസ യോഗ്യതയും വിശ്വാസബോധ്യങ്ങളിൽ ആഴപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്ന എല്ലാ അത്മായർക്കും സന്യസ്തർക്കും സ്വാഗതം. റിട്ടയേർഡ് ഉദ്യോഗസ്ഥർക്കും, സ്കൂൾ അദ്ധ്യാപകർക്കും മതബോധന അദ്ധ്യാപകർക്കും, ഈ കോഴ്സുകളിലേക്ക് സ്വാഗതം. ചേരാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 10ന് മുൻപായി ഡി.ബി.സി.എൽ.സി. യിലെ തിയോളജി ഓഫീസിൽ നിന്നും വിശദവിവരങ്ങൾ അറിഞ്ഞ് പേര് രജിസ്റ്റർ ചെയ്യുക.

**2. Basic Theology Course**

സന്യാസാർത്ഥിനികൾക്കുള്ള മൂന്നു മാസത്തെ ബെയ്സിക് തിയോളജി കോഴ്സ് (BTC) 2015 ജനുവരി 7ന് (ബുധൻ) ആരംഭിക്കുന്നതാണ്. ക്ലാസ്സ്

സമയം രാവിലെ 9 മണി മുതൽ 12 മണി വരെ) ചേരാൻ ആഗ്രഹിക്കുന്നവർ ഡി.ബി. സി.എൽ.സിയിലെ തിയോളജി ഓഫീസിൽ നിന്നും വിശദവിവരങ്ങൾ അറിഞ്ഞ് പേര് രജിസ്റ്റർ ചെയ്യുക.

**3. Six months Theology course ന്റെയും Correspondence Theology Course ന്റെയും**

കോഴ്സ് പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കറ്റുകൾ 2014 ജനുവരി 26ന് ഡി.ബി.സി.എൽ.സിയിൽ വെച്ച് നടക്കുന്ന അവാർഡ് ഡേ പ്രോഗ്രാമിൽ വിതരണം ചെയ്യുന്നതായിരിക്കും.

**4. Correspondence Theology Course**

കറസ്പോൺഡൻസ് തിയോളജിയുടെ ക്ലാസ്സുകൾ ഡിസംബർ 14, ഡിസംബർ 28 എന്നീ ഞായറാഴ്ചകളിൽ 2 മണി മുതൽ 5 മണി വരെ ആയിരിക്കും.

**ഫാ. ജിഫി മേക്കാട്ടുകുളം**

ഡയറക്ടർ

## The Institute for Lay Leadership Training

അത്മായ നേതൃത്വപരിശീലന കേന്ദ്രത്തിന്റെ കേരള സഭാ ചരിത്ര-സാംസ്കാരിക പൈതൃക വിഷയങ്ങളിലുള്ള ബിരുദാന്തര ഡിപ്ലോമ കോഴ്സ് 2015 ഫെബ്രുവരി അവസാനം ആരംഭിയ്ക്കുന്നു. സെ. തോമസ് കോളേജിൽ വെച്ച് എല്ലാ രണ്ടാം ശനിയാഴ്ചയും നാലാം ഞായാറാഴ്ചയും ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ ഇരുപത് ക്ലാസ്സുകളാണ് ഉണ്ടായിരിക്കുക. കൂടാതെ ക്രൈസ്തവ സാംസ്കാരിക കേന്ദ്രങ്ങളിലേയ്ക്കുള്ള പഠന-ഗവേഷണ യാത്രയും മറ്റും ഉണ്ടായിരിക്കും. കേരളത്തിനകത്തും പുറത്തുമുള്ള പ്രഗത്ഭരായ പണ്ഡിതരാണ് ഓരോ ക്ലാസ്സും കൈകാര്യം ചെയ്യുന്നത്. അത്മായ നേതൃത്വ പരിശീലന കേന്ദ്രം റെക്ടർ ബഹു.വികാരി ജനറാൾ മോൺ ജോർജ്ജ് കോമ്പാറ ആലോചന യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

**അഡ്വ. ജോസ് ഡേവീസ്**
**മാനേജിംഗ് ഡയറക്ടർ**

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- ഒക്ടോബർ 9, 10 തിയ്യതികളിലായി ഇന്ത്യൻ സൊസൈറ്റി ഫോർ ടെക്നിക്കൽ എഡ്യുക്കേഷന്റേയും ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന്റേയും സംയുക്താഭിമുഖ്യത്തിൽ ROBOTICS എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ശ്രീ. അഖിൽ, ECIAN LTD. കോട്ടയം വർക്ക്ഷോപ്പിന് നേതൃത്വം നല്കി.

- ഒക്ടോബർ 14 മുതൽ 16 വരെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം, അമേരിക്കൻ സൊസൈറ്റി ഫോർ മെക്കാനിക്കൽ എഞ്ചിനീയേഴ്സുമായി സഹകരിച്ച് " BPV Section VIII - Design & Fabrication of Pressure Vessels" എന്ന വിഷയത്തിൽ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിച്ചു. ശ്രീ. പി.ജി. ഷാ, സീനിയർ വൈസ് പ്രസിഡന്റ്-ടെക്നിക്കൽ, പട്ടേൽ എയർടെമ്പ്, അഹമ്മദാബാദ് മുഖ്യപ്രഭാഷണം നടത്തി.

- ഇൻഫോസിസ് കാമ്പസ് പ്ലേസ്മെന്റ് ഡ്രൈവിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റിന് മുന്നോടിയായി ഓക്ടോബർ 15ന് വിദഗ്ദരുടെ നേതൃത്വത്തിൽ പ്ലെസ്മെന്റ് ട്രെയ്നിംഗ് നല്കി.

- ഒക്ടോബർ 23ന് എന്റർപ്രണർഷിപ്പ് ഡേയോടനുബന്ധിച്ച് ഡീന വേണുഗോപാൽ (Founder & CEO, ANABYTES), രാജീവ് കൃഷ് ((Founder and Director, WAUM Team) എന്നിവർ ചേർന്ന് "youthful talks and ideas of funding and entreprenuership skill" എന്ന വിഷത്തെക്കുറിച്ച് സെമിനാർ നടത്തി.

- ഇന്ത്യൻ സൊസൈറ്റി ഫോർ ടെക്നിക്കൽ എഡ്യുക്കേഷന്റെ (ഐ.എസ്.ടി.ഇ.) ഇരുപത്തിയഞ്ചാമത് വാർഷിക കൺവെൻഷൻ (കേരള സെക്ഷൻ) 2014 ഒക്ടോബർ 25ന് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടന്നു. **ഡോ. കുഞ്ചറിയ പി. ഐസക്ക്** (കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ) പ്രസ്തുത കൺവെൻഷന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. 25-ാമത് ഐ.എസ്.ടി.ഇ. വാർഷിക കൺവെൻഷന്റെ പ്രതിപാദ്യവിഷയം "Strengthening Technical Education for Sustainable Development" എന്നതായിരുന്നു. കേരളത്തിലെ എല്ലാഎഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്ക് കോളേജുകളും പങ്കെടുത്ത പ്രസ്തുത പരിപാടിയിൽ ഐ.എസ്.ടി.ഇ. കേരള സെക്ഷൻ

ചെയർമാൻ ഡോ. ബി. അനിൽ അധ്യക്ഷത വഹിച്ചു. ഡോ. വിജയകുമാർ (ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യുക്കേഷൻ, ഗവൺമെന്റ് ഓഫ് കേരള) മുഖ്യപ്രഭാഷണം നടത്തി. കോളേജ് മാനേജർ റവ. മോൺ. ജോർജ് എടക്കളത്തൂർ സോവനീർ പ്രകാശനം നിർവ്വഹിച്ചു. ഐ.എസ്.ടി.ഇ. (കേരള സെക്ഷൻ) സെക്രട്ടറി ഡോ. ഷാലിജ് റിപ്പോർട്ട് അവതരണവും അവാർഡ് പ്രഖ്യാപനവും നടത്തി. ഡോ. പി.ടി. രാജൻ നമ്പ്യാർ (ഐ.എസ്.ടി.ഇ. നാഷണൽ എക്സിക്യൂട്ടീവ് മെമ്പർ), എഞ്ചിനീയർ. സി.കെ.മോഹനൻ (ഡയറക്ടർ, VHSE SMC മെമ്പർ, ISTE), ഫാ.ജോസ് പുന്നോലിപ്പറമ്പിൽ (എക്സിക്യൂട്ടീവ് മാനേജർ, ജ്യോതി എഞ്ചിനീയറിംഗ് കോളേജ്), തോമസ് മാത്യു (അഡ്മിനിസ്ട്രേറ്റർ, ജ്യോതി എഞ്ചിനീയറിംഗ് കോളേജ്) എന്നിവർ ആശംസകളർപ്പിച്ച ചടങ്ങിൽ ശ്രീ. സി. കരുണാകരൻ (ഓർഗനൈസിംഗ് സെക്രട്ടറി, 25$^{th}$ ISTE Annual Convention (Kerala Section) നന്ദി രേഖപ്പെടുത്തി.

- ഒക്ടോബർ 28ന് ഫെഡറൽ ബാങ്ക് നടത്തിയ പ്ലേസ്മെന്റ് ഡ്രൈവ് മുഖേന 19 പേർ ജോലി കരസ്ഥമാക്കി.
- ഒക്ടോബർ 29, 30 തിയ്യതികളിലായി ഇൻഫോസിസ് നടത്തിയ പ്ലേസ്മെന്റ് ഡ്രൈവിൽ 27 പേർ തിരഞ്ഞെടുക്കപ്പെടുകയും ജോലി കരസ്ഥമാക്കുകയും ചെയ്തു.

**അനുശോചനം**

- ഒക്ടേബർ 19ന്, ബി.ടെക് രണ്ടാം വർഷ വിദ്യാർത്ഥി ഇർഫാൻ ഇസ്മയിലിന്റെ പെട്ടെന്നുള്ള നിര്യാണത്തിൽ കോളേജ് പ്രിൻസിപ്പൽ, മാനേജ്മെന്റ്, സ്റ്റാഫ്, വിദ്യാർത്ഥികൾ എന്നിവർ അനുശേചനം രേഖപ്പെടുത്തി, പ്രാർത്ഥിച്ചു.

ഫാ. ജോസ് പുന്നോലിപ്പറമ്പിൽ
എക്സിക്യൂട്ടീവ് മാനേജർ

ഫാ. റോയ് ജോസഫ് വടക്കൻ
**പി. ആർ. ഒ.**

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

### മിഷൻ ദിനവും, ആശുപത്രിദിനവും (19.10.2014)

മിഷൻ ദിനവും, ആശുപത്രി ദിനവും സംയുക്തമായി ഒക്ടോബർ 19 ആചരിച്ചു. വൈകീട്ടുനടന്ന ആഘോഷമായ ദിവ്യബലിക്ക് അതിരൂപതാ വികാരി ജനറൽ മോൺ. ജോർജ്ജ് കോമ്പാറ നേതൃത്വം നൽകി. ജൂബിലി മിഷനിലെ സ്റ്റാഫംഗങ്ങളുടേയും, വിദ്യാർത്ഥികളുടേയും നേതൃത്വത്തിൽ വിവിധ സ്റ്റാളുകളും, മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു.

### അദ്ധ്യാപകർക്കായി മന:ശാസ്ത്ര ശില്പശാല നടത്തി

### (23.10.2014 & 24.10.2014)

തൃശ്ശൂർ അതിരൂപതയിലെ ടീച്ചേഴ്സ് ഗിൽഡിന്റെ സഹകരണത്തോടെ അദ്ധ്യാപകർക്കായ് രണ്ടുദിവസത്തെ മന:ശാസ്ത്ര ശില്പശാല നടത്തി. ജൂബിലി മിഷനിലെ മാനസികരോഗവിദ്ഗധവും, മന:ശാസ്ത്രജ്ഞരും ശില്പശാലക്ക് നേതൃത്വം നൽകി.

### ലോക സ്ട്രോക്ക് ദിനം ആചരിച്ചു (30.10.2014)

ജൂബിലി മിഷനിലെ ന്യൂറോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ലോക സ്ട്രോക്ക് ദിനം ആചരിച്ചു. ക്രമം തെറ്റിയ ഭക്ഷണരീതിയും വ്യായാമക്കുറവും മൂലം, പ്രമേഹവും, ബി.പി.യും കോളസ്ട്രോളും, അമിതവണ്ണവും തൻമൂലം സ്ട്രോക്കും ചെറുപ്പക്കാരിൽ വർദ്ധിച്ചുവരുന്നതായി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗം മേധാവി പ്രൊഫ. ഷാജി എബ്രഹാം അഭിപ്രായപ്പെട്ടു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്ന സ്ട്രോക്ക് ദിനാചരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോക ജനസംഖ്യയിൽ ആറിൽ ഒരാൾക്ക് സ്ട്രോക്ക് വരുന്നു എന്നത്, ഇക്കാര്യത്തിൽ പൊതുജനാവബോധം ഉണ്ടാക്കേണ്ടതിന്റെ പ്രധാന്യം വെളിപ്പെടുത്തുന്നു. വശം തളരുകയോ, മുഖം കോടുകയോ, സംസാരരീതിയിൽ ബുദ്ധിമുട്ടനുഭവപ്പെടുകയോ ചെയ്താൽ എത്രയും പെട്ടെന്ന് സ്കാൻ സൗകര്യമുള്ള ആശുപത്രിയിൽ എത്തിക്കുകയും നാലര മണിക്കൂറിനുള്ളിലെങ്കിലും രക്തക്കുഴലിലെ തടസ്സം നീക്കുവാനുള്ള മരുന്ന് കുത്തിവെയ്ക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം ജൂബിലി മിഷൻ ന്യൂറോളജി വിഭാഗം മേധാവി ഡോ. പി. സി. ഗിൽവാസ് എടുത്തുപറഞ്ഞു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. വി. കെ.

രാമൻകുട്ടി അദ്ധ്യക്ഷതവഹിച്ചു. ഇതോടനുബന്ധിച്ചു നടന്ന ക്വിസ്സ് മത്സര ത്തിൽ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നും 50–തോളം ടീമുകൾ പങ്കെടുത്തു. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ അലീനയും അഖിലയും ഒന്നാം സ്ഥാനവും, അമല മെഡിക്കൽ കോളേജിലെ ശരണ്യ പി., മാലു എന്നിവർ രണ്ടാം സ്ഥാനവും, അമലയിലെ തന്നെ അഖിലയും ശിൽപയും മൂന്നാം സ്ഥാനവും, ക്യാഷ് അവാർഡുകളും നേടിയതായി ഡോ. ഫിജു ചാക്കോ അറിയിച്ചു.

**ജപമാലമാസ സമാപനം (31.10.2014)**

ജപമാലമാസ സമാപനത്തോടനുബന്ധിച്ച് ആസ്പത്രി ചാപ്പലിൽ അഖണ്ഡജപമാല നടത്തിയും പത്തുദിവസത്തെ ആഘോഷമായ ജപമാല യർപ്പണവും നടന്നു. ഒക്ടോബർ 31ന് വൈകീട്ട് 6.30ന് ജപമാല പ്രദക്ഷിണം നടത്തുകയും അതിരൂപതാ മതബോധന ഡയറക്ടർ റവ. ഡോ. ജിഫി മേക്കാട്ടുകുളം ജപമാല സന്ദേശം നൽകുകയും ചെയ്തു.

**ബിഷപ്പ് ആലപ്പാട്ട് ചരമദിനം (06.11.2014)**

ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ സ്ഥാപകപിതാവായ ബിഷപ്പ് ഡോ. ജോർജ്ജ് ആലപ്പാട്ടിന്റെ 41–ാം ചരമവാർഷികത്തിൽ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിലുള്ള ബിഷപ്പിന്റെ കബറിടത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, കോളേജ് ഓഫ് നേഴ്സിങ്ങ്, സ്കൂൾ ഓഫ് നഴ്സിങ്ങ്, പാരാമെഡിക്കൽ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും ഡോക്ടർമാരും പുഷ്പാർച്ചന നടത്തി. ഡയറക്ടർ ഫാദർ ഫ്രാൻസിസ് പള്ളിക്കുന്നത്ത് തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

**ജൂബിലി മിഷനിൽ ലോക റേഡിയോഗ്രഫിദിനം ആചരിച്ചു (08.11.2014)**

എക്സ്റേ കിരണം കണ്ടുപിടിച്ചതിന്റെ ഓർമ്മ പുതുക്കി ജൂബിലി മിഷൻ ആശുപത്രിയിൽ ലോക റേഡിയോഗ്രഫി ദിനമാചരിച്ചു. ആശുപത്രിയിലെ റേഡിയോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ അന്നദാനം, രക്തദാനം, ക്വിസ് മത്സരം, പ്രബന്ധാവതരണം എന്നിവയും ഉണ്ടായിരുന്നു. ഫാ. പോൾ പേരാമംഗലത്ത് ഉദ്ഘാടനം ചെയ്തു. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി, റേഡിയോളജി വിഭാഗം മേധാവി ഡോ. കേണൽ ബാലചന്ദ്രൻ നായർ, സിസ്റ്റർ ലിസാന്റോ, ഫാ. സെബി കാഞ്ഞിരിത്തിങ്കൽ, മിസ്സിസ് സുമിത ശങ്കർ എന്നിവർ പ്രസംഗിച്ചു.

**അഭിനന്ദനങ്ങൾ .... ആശംസകൾ ....**

- പിഡിയാട്രിക്സ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സിജു

ആർ പൂനെയിൽ വച്ച് നടന്ന നാഷണൽ ന്യൂറോപതിക് കോൺഫറൻസ് – 2014 ൽ പോസ്റ്റർ പ്രസന്റേഷന് രണ്ടാം സ്ഥാനം നേടി.

- ➢ കേരള നേഴ്സിങ്ങ് കൗൺസിലിന്റെ മൂന്നാം വർഷ പരീക്ഷയിൽ ജൂബിലിയിലെ ദീപ എൻ. എം (ജനറൽ നേഴ്സിങ്ങ്), കവിത സി (പിഡിയാട്രിക്സ് നേഴ്സിങ്ങ്) എന്നിവർ ഒന്നാം റാങ്ക് കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ. മേവിസ് ഡേവിസ്, മാളിയേക്കൽ ഹൗസ്, കണിമംഗലം, തൃശ്ശൂർ (42 ഡയാലിസിസ്)
- ശ്രീ. ജോഷി വടക്കൻ, ടി. സി. വി ചാനൽ, ഡോ. എ. ആർ മേനോൻ റോഡ്, നായ്ക്കനാൽ, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീ. ഷിബു ജോൺ, തെക്കുംപുറം, പുത്തൂർ പി. ഒ., തൃശ്ശൂർ (50 ഡയാലിസിസ്)
- വികാരി & ഇടവകാംഗങ്ങൾ, സെന്റ് മാത്യൂസ് ചർച്ച്, പാലക്കൽ, തൃശ്ശൂർ (80 ഡയാലിസിസ്)

**ഹൃദയനിധി**

- ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, മിഷൻ ക്വാർട്ടേഴ്സ്, തൃശ്ശൂർ

**ഫാദർ ഫ്രാൻസിസ് പള്ളിക്കുന്നത്ത്**

**ഡയറക്ടർ**

# നെസ്റ്റ്

- Straight Edge- A nest out Reach Programme ന്റെ ഭാഗമായി പള്ളിക്കുന്ന് സ്കൂളിൽ സെപ്തംബർ, ഒക്ടോബർ മാസങ്ങളിലായി നാലു ഘട്ടങ്ങളിലായി അദ്ധ്യാപകർക്കുവേണ്ടി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. CWC ചെയർമാൻ (തൃശ്ശൂർ) ശ്രീ. പി.ഒ. ജോർജ്ജ്, വിമല കോളേജ് സോഷ്യൽ വർക്ക് – ഫാക്കൽറ്റി ഡോ. മിനിമോൾ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ലഹരി എന്ന മഹാരോഗത്തിന് വിധേയപ്പെടാൻ സാധ്യതയുള്ള കുട്ടികളെ കണ്ടെത്തുക, അത്തരം കുട്ടികളെ തുടർപദ്ധതികളിൽ – ചികിത്സ, പുനരധിവാസം ഉൾപ്പെടുത്തുക. സ്കൂളിൽ ലഹരി ഉപഭോഗത്തിനുള്ള സാധ്യതകൾ പ്രതിരോധിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തപ്പെട്ട തുടർപരിപാടികളിൽ അദ്ധ്യാപകരും മാതാപിതാക്കളുമായി 40 പേർ പങ്കെടുത്തു. വേലൂപ്പാടം സ്കൂളിൽ ഒന്നാം ഘട്ടം പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനു വേണ്ടിയുള്ള ചർച്ചകൾക്കും ആലോചനക്കുമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഒരു യോഗം നെസ്റ്റിൽ വെച്ച് കൂടുകയുണ്ടായി.
- നെസ്റ്റിലെ സ്റ്റാഫും അവരുടെ കുടുംബാംഗങ്ങളും ചികിത്സക്കായി എത്തിയിട്ടുള്ളവരും ഓണത്തിന് (സെപ്തംബർ 8) ഒരുമിച്ചുകൂടുകയും ഓണം സമുചിതമായി ആഘോഷിക്കുകയും ചെയ്തു.
- സെപ്തംബർ (14) ഒക്ടോബർ (12) മാസങ്ങളിലെ ഫോളോ അപ്പ് പരിപാടികളിൽ യഥാക്രമം 47, 52 പേർ വീതം പങ്കെടുക്കുകയും അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു.
- നെസ്റ്റിന്റെ നിർമ്മാണത്തിൽ പങ്കാളിയും ഈ സ്ഥാപനത്തിന്റെ ഉപകാരിയുമായ മിസ്റ്റർ ഹ്യൂബർട്ട് ഹീഗ്മാൻ അദ്ദേഹത്തിന്റെ സുഹൃത്തിനോടും സുഹൃത്തിന്റെ മകനോടുമൊപ്പം നെസ്റ്റ് സന്ദർശിക്കുകയും നടത്തിയ കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് അറിയുകയും ചെയ്തു.

മാർച്ച് 27 മുതൽ സെപ്തംബർ 9 വരെ സ്തുത്യർഹമായ സേവനം ചെയ്തു. വൈദിക പരിശീലനത്തിലെ റീജൻസി കാലഘട്ടത്തിന്റെ പകുതിഭാഗം ഭംഗിയായി നിർവ്വഹിച്ചും നെസ്റ്റിൽ നിന്നും മാറിപ്പോകുന്ന ബ്രദർ കനേഡിയൻ തണ്ടാശ്ശേരിക്ക് അഭിനന്ദനങ്ങളും ആശംസകളും പുതിയ റീജന്റ് ബ്രദറായി എത്തിച്ചേരുന്ന ബ്രദർ ജീസൺ ചൂണ്ടലിന് ഹൃദ്യമായ സ്വാഗതം.

- Straight Edge എന്ന പ്രോഗ്രാമിന്റെ ഭാഗമായി കോളേജ് ക്യാമ്പസുകളിൽ സംഘടിപ്പിക്കുന്ന വർക്ക്ഷോപ്പ് ഒക്ടോബർ 24ന് ലക്കിടിയിലുള്ള ജവഹർലാൽ ബിസിനസ്സ് @ JCET എന്ന കോളേജ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി 98 വിദ്യാർത്ഥികൾ പങ്കെടുത്തു.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
9447615196

**ഫാ. പോൾ കള്ളിക്കാടൻ**
8089551971

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റോലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## സോഷ്യൽ ആക്ഷൻ

**സ്വയം സഹായസംഘം**

സോഷ്യൽ ആക്ഷന്റെ നേതൃത്തിൽ ചേലക്കര മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകളിൽ ഡയറക്ടർ ഫാ. ലൂയീസ് എടക്കളത്തൂർ, കോർഡിനേറ്റർ സി. പി. ജോർജ്ജ് എന്നിവർ സന്ദർശനം നടത്തി. ഈ മേഖലയിലെ സ്വയം സഹായസംഘങ്ങൾക്കുള്ള ഡി. ആർ. ഐ. ലോൺ വിതരണം, സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവയെക്കുറിച്ചുള്ള ചർച്ചകൾക്കുവേണ്ടിയാണ് ഒക്ടോബർ 14, 15 ദിവസങ്ങളിലായി യൂണിറ്റ് സന്ദർശനം നടത്തിയത്.

ഒക്ടോബർ 14-ാം തിയ്യതി മുള്ളൂർക്കര പള്ളി ഹാളിൽ ചേർന്ന സ്വയം സഹായസംഘം ഭാരവാഹികളുടെ യോഗത്തിന് പഞ്ചായത്ത് പ്രസിഡന്റ് ലൂസി ദാനിയേൽ നേതൃത്വം നല്കി. കിള്ളിമംഗലം പള്ളി ഹാളിൽ ചേർന്ന യോഗത്തിന് സ്നേഹനിധി ചെയർപേഴ്സൺ ജിജി ജോസ് നേതൃത്വം നല്കി. പങ്ങാരപ്പിള്ളി, പറക്കാട്, ചേലക്കര എന്നീ മേഖലകളിൽ ഒക്ടോബർ 15 ന് യോഗം ചേർന്നു. സ്നേഹനിധി ഭാരവാഹികൾ യോഗങ്ങൾക്ക് നേതൃത്വം നല്കി. ഫാ. പോൾ പുളിക്കൻ ചേലക്കര മേഖലയിലെ യോഗത്തിൽ സന്നിഹിതനായിരുന്നു.

## സ്നേഹനിധി

**എ.** 02.10.2014 വ്യാഴാഴ്ച സ്നേഹനിധി മുണ്ടത്തിക്കോട് യൂണിറ്റ് വാർഷികം ഫാ. ലൂയീസ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. ഫാ. ജോയ്സൺ കോരേത്ത് അദ്ധ്യക്ഷത വഹിച്ചു. ജെസി ജോയ് സ്വാഗതം ആശംസിച്ചു. ലില്ലി പി. വി. റിപ്പോർട്ടും ഫിലോമിന കണക്കും അവതരിപ്പിച്ചു. വില്ലി ജോജു സ്ത്രീ ശാക്തീകരണം എന്ന വിഷയത്തെപ്പറ്റി ക്ലാസ് നയിച്ചു. ആൻസി തോമസ്, ജോർജ്ജ് മാളിയേക്കൽ സേവ്യർ കൊള്ളന്നൂർ, ബീന വർഗ്ഗീസ് എന്നിവർ ആശംസകളർപ്പിച്ചു.

**ബി.** 04.10.2014 ശനിയാഴ്ച കേരള സ്റ്റേറ്റ് വുമൺസ് ഫോറം ദർശന്റെ

ആഭിമുഖ്യത്തിൽ കോട്ടയം ആമോസ് സെന്ററിൽ നടത്തിയ സെമിനാറിൽ ബീന വർഗ്ഗീസ്, റെജീന ഡേവീസ് എന്നിവർ പങ്കെടുത്തു. റെജീന ഡേവീസ് ദർശന്റെ വൈസ് ചെയർമാനായി തെരെഞ്ഞെടുക്കപ്പെട്ടു.

**സി.** 11.10.2014 ശനിയാഴ്ച സ്നേഹനിധി തയ്യൂർ യൂണിറ്റ് വാർഷികം ഫാ.ലൂയീസ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. ഫാ. സോണി കിഴക്കൂടൻ അദ്ധ്യക്ഷത വഹിച്ചു. ജെനി സ്വാഗതം ആശംസിച്ചു. സി. പി. ജോർജ്ജ് "ക്ഷയരോഗം - കാരണങ്ങളും വിചാരണവും" എന്ന വിഷയത്തെപ്പറ്റി ക്ലാസ് നയിച്ചു. ലീന ബാബു റിപ്പോർട്ടും ലിസി ജോൺസൺ കണക്കും അവതരിപ്പിച്ചു. ഗീത ബാലകൃഷ്ണൻ, സിസ്റ്റർ അന്ന, ആൻസി തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു.

**ഡി.** 25.10.2014 ശനിയാഴ്ച ഏകസ്ഥരായ വനിതകളുടെ അതിരൂപതാതല കൂട്ടായ്മ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. പ്രൊജക്ട് ഓഫീസർ സിസ്റ്റർ ജെസീന ക്ലാസ്സ് നയിച്ചു. ഫാ. തോമസ് പൂപ്പാടി ആശംസകൾ അർപ്പിച്ചു. ഫാ. ലൂയീസ് എടക്കളത്തൂർ സ്വാഗതവും പ്രൊഫ. എലിസബത്ത് മാത്യു നന്ദിയും പറഞ്ഞു. ബീന വർഗ്ഗീസ്, റെജീന ഡേവീസ് എന്നിവർ സംഗമത്തിന് നേതൃത്വം നൽകി.

## ജെസ്പ്

ഒക്ടോബർ 4 ന് ജെസ്പ് യൂണിറ്റ് ആനിമേറ്റേഴ്സിന്റെ യോഗം കോർഡിനേറ്റർ സോണിയ സാമിന്റെ നേതൃത്വത്തിൽ സാന്ത്വനം ഓഫീസിൽവെച്ച് നടത്തുകയുണ്ടായി. സാന്ത്വനം ഡയറക്ടർ ഫാ. ലൂയീസ് എടക്കളത്തൂർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ പെരിങ്ങോട്ടുകര യൂണിറ്റിൽ സന്ദർശനം നടത്തുകയും യൂണിറ്റിലെ മാതാപിതാക്കളുടെയും കുട്ടികളുടെയും യോഗം ചേരുകയും ചെയ്തു. അതിന്റെ ഭാഗമായി, ഡിസംബർ 20 ന് ക്രിസ്തുമസ്സ് ആഘോഷം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

## സേവ് എ ഫാമിലി പ്ലാൻ

### ഫാമിലി ഡവലപ്പ്മെന്റ് പ്രോഗ്രാം

ഒക്ടോബർ 13, 27 അതിരൂപതയിലെ വിവിധ ഇടവകകളിൽപ്പെട്ട 39 കുടുംബങ്ങൾ എഫ്. ഡി. പി. യിൽ പുതിയ അക്കൗണ്ട് തുടങ്ങി. എഫ്. ഡി. പി.

യുടെ ഗുണഭോക്തൃ കുടുംബസന്ദർശനം ആനിമേറ്റേഴ്സിന്റെ നേതൃത്വ ത്തിൽ നടന്നു. എഫ്. ഡി. പി. യിലേക്ക് പുതിയ കുടുംബങ്ങളെ തിര ഞ്ഞെടുത്തു.

എഫ്. ഡി. പി. മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

| ഇടവക | സംഖ്യ | ഇടവക | സംഖ്യ |
|---|---|---|---|
| നെല്ലങ്കര | 15,000 | കൊട്ടേക്കാട് | 25,000 |
| വലക്കാവ് | 13,000 | പുത്തൂർ | 10,000 |
| വല്ലചിറ | 45,000 | പാലയൂർ | 25,000 |
| കുണ്ടന്നൂർ | 13,000 | | |

## സ്പെഡ് III

**ബോധവൽക്കരണക്ലാസ്സുകൾ**

ഒക്ടോബർ 7 ന് വെങ്ങാനെല്ലൂർ ഈസ്റ്റ് – 1 ൽ മാലിന്യ നിർമ്മാർജന രീതികളെപ്പറ്റി രേണുകുമാർ എം. (ഫാക്കൽട്ടി, കില) ക്ലാസ്സ് എടുത്തു. 36 പേർ പങ്കെടുത്തു. ഒക്ടോബർ 22 ന് തോന്നൂർക്കര പടിഞ്ഞാറ്റുമുറി–1 ൽ വെച്ച് ഗ്രാമങ്ങളുടെ സമഗ്ര വികസനത്തെപ്പറ്റി ടി. പി. ബാലകൃഷ്ണൻ (റിട്ട യേർഡ് ഡപ്യൂട്ടി രജിസ്റ്ററാർ ഓഫ് ഇൻഡസ്ട്രീസ്, കേരള) ക്ലാസ്സ് നയിച്ചു. 25 പേർ പങ്കെടുത്തു. ഒക്ടോബർ 27, 28 എന്നീ തിയ്യതികളിൽ ചേലക്കര, വെങ്ങാനെല്ലൂർ എന്നിവിടങ്ങളിലും ഗ്രാമങ്ങളുടെ സമഗ്ര വികസനത്തെ പ്പറ്റിയള്ള ക്ലാസ്സുകൾ നടത്തി.

**വിവിധ ട്രെയിനിംഗുകൾ**

ഒക്ടോബർ 6 മുതൽ 8 വരെയുള്ള തിയ്യതികളിൽ വെങ്ങാനെല്ലൂർ ഈസ്റ്റ്–2 ൽ വെച്ച് പേപ്പർ ബാഗ് പരിശീലനത്തിന് ദിന ശിവരാമൻ (എസ്. ടി. ഇ. ഡി. അയ്യന്തോൾ ) നേതൃത്വം നൽകി. വെങ്ങാനെല്ലൂർ ഈസ്റ്റ് – 1 ൽ വെച്ച് 6 ദിവസത്തെ പേപ്പർ ബാഗ് പരിശീലനം നടത്തി. ഒക്ടോബർ13, 14, 15, 19 എന്നീ തിയ്യതികളിലായി കോളത്തൂർ, കുറുമല, ചേലക്കര നോർത്ത്, വെങ്ങാനെല്ലൂർ വെസ്റ്റ് 2 എന്നിവിടങ്ങളിൽ സോപ്പ്, സോപ്പ് പൊടി, കൂൺ കൃഷി എന്നിവയെക്കുറിച്ചുള്ള പരിശീലനം നടത്തി.

**വില്ലേജ് ശുചീകരണം**

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് തോന്നൂർക്കര വെസ്റ്റ് 2, വെങ്ങാനെല്ലൂർ ഈസ്റ്റ് -2 എന്നീ കേന്ദ്രങ്ങളിൽ പരിസര ശുചീകരണം നടത്തി. ഒക്ടോബർ 28 ന് ചേലക്കര മേപ്പാടം വില്ലേജിൽ റോഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കമ്മിറ്റി രൂപീകരിച്ചു. പഞ്ചായത്ത് പ്രസിഡണ്ടിന്റെയും വാർഡ് മെമ്പറിന്റെയും സഹകരണത്തോടെ വില്ലേജിലെ അടിസ്ഥാന വിവരങ്ങൾ അറിയുന്നതിനുവേണ്ടി 16 വില്ലേജുകളിൽ വില്ലേജ് ബേസ് ലൈൻ

സർവ്വേ നടത്തി. സ്പെഡ് III യുടെയും വില്ലേജിലെ ജനങ്ങളുടെയും സഹകരണത്തോടെ ചേലക്കര നോർത്തിൽ വാരിയത്ത് റോഡിന്റെ പണി പൂർത്തീകരിച്ചു. അർദ്ധവാർഷിക റിപ്പോർട്ട് വിലയിരുത്തുന്നതിനും സ്പെഡ് III യുടെ പ്രവർത്തന മേഖലകൾ സന്ദർശിക്കുന്നതിനുമായി ഒക്ടോബർ 14, 15, 16, 17 തിയ്യതികളിൽ കോ-ഓർഡിനേറ്റർ സാമുവൽ സി. പി. ജോർജ്ജ് മഹാരാഷ്ട്രയിലെ ചാന്ദാ രൂപതയുടെ സാമൂഹിക പ്രവർത്തന കേന്ദ്രമായ ലോക സമഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി സന്ദർശിച്ചു. സ്ത്രീ പുരുഷ സമത്വം, പരിസ്ഥിതി സംരംക്ഷണം എന്നിവയെക്കുറിച്ചുള്ള സെമിനാറിൽ പങ്കെടുക്കുകയും ചെയ്തു.

**ഗോഡ്സ് ഓൺ ഫാമിലി**

പദ്ധതിയിലേക്ക് 54 പുതിയ കുടുംബങ്ങളെ തിരഞ്ഞെടുക്കുകയും അവരുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുകയും ചെയ്തു. താഴെ പറയുന്ന ഇടവകകളിൽ നിന്നാണ്

പുതിയ കുടുംബങ്ങളെ തിരഞ്ഞെടുത്തത്.

| | | |
|---|---|---|
| അഞ്ചേരി - 2 | പൊങ്ങണംകാട് - 1 | തലോർ - 1 |
| തണ്ടിലം - 1 | വെങ്ങിണിശ്ശേരി - 4 | ചേർപ്പ് - 2 |
| കണ്ണാറ - 1 | കാഞ്ഞാണി - 1 | പള്ളിക്കുന്ന് - 2 |
| നെടുപുഴ - 1 | മച്ചാട് - 2 | നെല്ലിക്കുന്ന് - 1 |
| വെളപ്പായ - 1 | നടത്തറ - 1 | പെരിഞ്ചേരി - 2 |
| പുത്തൂർ - 1 | പെരിങ്ങോട്ടുകര - 2 | മരിയാപുരം - 1 |
| കണ്ടശ്ശാംകടവ് - 1 | പറപ്പൂർ - 4 | അയ്യന്തോൾ - 1 |
| ആർത്താറ്റ് - 1 | ലൂർദ്ദ് - 1 | കിള്ളിമംഗലം - 1 |
| ചിറ്റിശ്ശേരി - 3 | കോനിക്കര - 1 | പടവരാട് - 4 |
| മണലൂർ - 1 | കോടന്നൂർ - 3 | ചേലക്കര - 1 |

വേലൂപ്പാടം - 1 മരത്താക്കര - 2 കല്ലൂർ - 1

## സ്ലം സർവ്വീസ് സെന്റർ, കുരിയച്ചിറ

**എ.** 05.10.2014 ഞായറാഴ്ച ചുവന്നമണ്ണ് ഉദയം പുരുഷ സ്വയംസഹായ സംഘത്തിന്റെ ഒന്നാം വാർഷികം ആഘോഷിച്ചു. ഫാ. ലൂയീസ് എടക്കളത്തൂർ ഉദ്ഘാടനം നിർവ്വഹിച്ചു. റെജിമോൻ കെ. നായർ അദ്ധ്യക്ഷത വഹിച്ചു. കെ. പി. ചാക്കോച്ചൻ, ഇസിദോർ ചക്കാലക്കൽ എന്നിവർ ആശംസകളർപ്പിച്ചു. സി.എസ്. ജോസ് റിപ്പോർട്ട് അവതരിപ്പിച്ചു. യോഗാനന്തരം കുട്ടികളുടെ കലാപരിപാടികൾ സ്നേഹവിരുന്ന് എന്നിവയും ഉണ്ടായിരുന്നു.

**ബി.** 17.10.2014 വെള്ളിയാഴ്ച സ്ലം സർവ്വീസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളുടെ സി. ഡി. എസ്. യോഗം എസ്. എസ്.സി. ഹാളിൽ വെച്ച് നടന്നു. യോഗത്തിൽ ഫാ. ലൂയീസ് എടക്കളത്തൂർ അദ്ധ്യക്ഷത വഹിച്ചു. എല്ലാ ഭാരവാഹികളും പങ്കെടുക്കുകയും റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ചെയ്തു. നവംബർ 25 ന് പിക്നിക് പോകുവാൻ തീരുമാനിച്ചു.

**സി.** 19.10.14 ഞായറാഴ്ച പനമുക്ക് തിരുവോണം അയൽക്കൂട്ടത്തിന്റെ വാർഷികം ആഘോഷിച്ചു. പ്രസിഡന്റ് ജെയ്സി. ഷോബി സ്വാഗതം പറഞ്ഞു. ഫാ. ലൂയീസ് എടക്കളത്തൂർ അദ്ധ്യക്ഷത വഹിച്ചു. കൺവീനർ സിസ്റ്റർ നോബർട്ട് സി. എച്ച്. എഫ്. ആശംസകൾ അർപ്പിച്ചു. യോഗാനന്തരം കലാപരിപാടികളും സ്നേഹ വിരുന്നും ഉണ്ടായിരുന്നു.

**ഫാ. ലൂയീസ് എടക്കളത്തൂർ**
ഡയറക്ടർ, സാന്ത്വനം.

**ഫാ. തോമസ് പൂപ്പാടി**
സെക്രട്ടറി, സാന്ത്വനം.

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### സി.സി. വാർത്തകൾ

1. കോൺഫ്രൻസ് പ്രസിഡണ്ടുമാർക്കും സി.സി. അംഗങ്ങൾക്കും വേണ്ടി, തൃശ്ശൂർ സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ 2014 ഡിസംബർ 6, 7 തിയതികളിൽ തൃശ്ശൂർ ഡി.ബി.സി.എൽ.സിയിൽവെച്ച് ധ്യാനം നടത്തുന്നു. റവ. ഫാ. റാഫേൽ മുത്തിപീടിക, റവ. ഫാ. ടോമി പുളിന്താനത്ത് എം.എസ്.എഫ്. എസ് എന്നിവർ ധ്യാനം നയിക്കുന്നതാണ്.
2. റവ. ഫാ. സിജോ ചീരൻ, റവ. ഫാ. ജോസഫ് മുണ്ടശ്ശേരി എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും മൃതദേഹത്തിൽ റീത്ത് സമർപ്പിക്കുകയും ചെയ്തു.
3. നടാംപാടം സെന്റ് തോമസ് പള്ളിയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ കോൺഫ്രൻസ് രൂപീകരിച്ച് പ്രവർത്തനം തുടങ്ങി.
4. സെൻട്രൽ കൗൺസിൽ വൈ. പ്രസിഡണ്ടുമാരുടെ നേതൃത്വത്തിൽ കോൺഫ്രൻസ് സന്ദർശനങ്ങൾ ആരംഭിച്ചു.
5. സെൻട്രൽ കൗൺസിൽ യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ അഭയകേന്ദ്രം സന്ദർശിക്കുകയും ശുചീകരണം നടത്തുകയും ചെയ്തു.
6. സംഘടന അംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് തയ്യാറാക്കി വരുന്നു.
7. സെൻട്രൽ കൗൺസിലിന്റെ 66-ാം വാർഷികം നല്ല രീതിയിൽ നടത്തുന്നതിന് ആതിഥേയത്വം വഹിച്ച തൃശ്ശൂർ വെസ്റ്റ് ഏരിയ കൗൺസിലിനും അയ്യന്തോൾ പുരുഷ-വനിത കോൺഫ്രൻസുകൾക്കും സെൻട്രൽ കൗൺസിൽ യോഗം നന്ദി പറഞ്ഞു.
8. പൊങ്ങണംകാട് ഇടവകയിൽ ഒരു വനിത കോൺഫ്രൻസ് രൂപീകരിക്കുന്നതിന് അനുമതി നൽകി.
9. വേലൂർ, പറപ്പൂർ, എ.സി.കളിലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് 14.12.2014ൽ നടത്തുവാൻ തീരുമാനിച്ചു.
10. ഇതുവരെയും ടിന്നേജ് ലഭിക്കാത്ത, അഗ്രിഗേഷൻ ലഭിച്ച കോൺഫ്രൻസുകൾ അപേക്ഷ നൽകണമെന്ന് പ്രസിഡണ്ട് യോഗത്തിൽ അറിയിച്ചു.
11. 3 മാസം കൂടുമ്പോൾ സി.സി. യോഗം വിൻസെൻഷ്യൽ അഭയകേന്ദ്രത്തിൽവെച്ച് നടത്തുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| **ഫാ.മാത്യു ചാക്കേരി** | **ബ്ര.കെ.എ. ഷിബു** | **പോൾസൺ എം.കെ.** |
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി.സി.പ്രസിഡണ്ട് | സെക്രട്ടറി |

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

**'നൈറ്റിംഗേൽസ് മീറ്റ് 2014'** : തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ 'നൈറ്റിംഗേൽസ് മീറ്റ് 2014' എന്ന പേരിൽ ആതുര സേവന രംഗത്ത് ശുശ്രൂഷ ചെയ്യുന്ന നേഴ്സസിനുവേണ്ടി ഏകദിന സെമിനാറും പൊതുയോഗവും അമല മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ വെച്ച് 2014 നവംബർ 9ന് നടന്നു. രാവിലെ കാത്തലിക് ഹെൽത്ത് അസോസിയേഷൻ നാഷ്ണൽ പ്രസിഡന്റ് റവ. ഫാ. ജൂലിയസ് അറയ്ക്കൽ സി.എം.ഐ., ദിവ്യബി അർപ്പിച്ചുകൊണ്ട് ആരംഭിച്ചു. മീറ്റിംഗിൽ ഏകദേശം 500 പേർ പങ്കെടുത്തു.

അസ്സീസിസി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ഡോ. റോസ് അനിത എഫ്.സി. സി. അമല മെഡിക്കൽ കോളേജ് ഗൈനക്കോളജി വിഭാഗം ഡോ. ബെറ്റ്സി തോമ എന്നിവർ രണ്ട് സെക്ഷന്റെ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്ത പൊതുസമ്മേളനത്തിൽ സി.എൻ.ജി.ഐ. പ്രസിഡൺറ് റവ. സി. ദെപ്പാസി സ്വാഗതം ആശംസിച്ചതിന് ശേഷം സ്വയം സംതൃപ്തിയുടെ അഭിമാനത്തിന്റെ അവസരമാണ് നൈറ്റിംഗേൽസ് മീറ്റ് എന്നും മനുഷ്യനെ ശുശ്രൂഷിക്കുന്നത് ദൈവത്തെ ശുശ്രൂഷിക്കുന്നതാണ് എന്ന ചിന്തയിൽ വേണം നഴ്സുമാർ ശുശ്രൂഷ ചെയ്യുവാൻ എന്ന സന്ദേശം ബഹു. വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ നൽകുകയുണ്ടായി. CNGIയിൽ 50 വർഷം ശുശ്രൂഷ ചെയ്ത സി. ഗ്ലഫീസ് സി.എം.സിയെ പൊന്നാട അണിയിച്ച് ആദരിക്കുകയും സി.ബെന്നറ്റ് സി.എം.സിയ്ക്ക് സമ്മാനം കൈമാറുകയും ചെയ്തു. സി.എൻ.ജി. ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് അദ്ധ്യക്ഷപദം അലങ്കരിക്കുകയും അമല മെഡിക്കൽ കോളേജ് ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് കുരിശ്ശേരി സി.എം.ഐ., അമല സി.എൻ.ജി.ഐ. യൂണിറ്റ് അഡ്വൈസർ റവ. ഫാ. ഷിബു പുത്തൻപുരക്കൽ സി.എം.ഐ., മിസ്സിസ് മേരി ടി.എ. (ഗവൺമെന്റ് മെഡിക്കൽ കോളേജ് നഴ്സിംഗ് ഓഫീസർ) എന്നിവർ ആശംസകൾ അർപ്പിച്ചു. CNGI സെക്രട്ടറി റവ. സി. റൊസീന എഫ്.സി. സി., ജോയിന്റ് സെക്രട്ടറി മിസ്സിസ് ലിജി ഡേവീസ്, ട്രഷറർ റവ. സി. ഇസബെൽ CHF, സമ്മേളനത്തിന് നേതൃത്വം നൽകി. CNGI വൈസ് പ്രസിഡന്റ് റവ. സി. ലിസറ്റ് സി.എം.സി. നന്ദി പറഞ്ഞ് യോഗം സമാപിച്ചു.

| ഡയറക്ടർ | സെക്രട്ടറി |
|---|---|
| **റവ.ഫാ. സിജോ അരിക്കാട്ട്** | **സി. റൊസീന ഡേവീസ് FCC** |

# സി.എൽ.സി.

**യുവജനങ്ങൾക്ക് ആവേശമായി സി.എൽ.സി. കലാമേള**

തൃശ്ശൂർ അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി സംഘടിപ്പിച്ച അതിരൂപത കലാമേള മരിയോത്സവം 2014 ആവേശമായി. 16 ഫൊറോന മത്സര വിജയികൾ മാറ്റുരച്ച അതിരൂപത കലാമേള സിനിമ–സീരിയിൽ നടി സോജ ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ. സി. പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് മുഖ്യപ്രഭാഷണം നടത്തി. അതിരൂപത സി.എൽ.സി. പ്രസിഡന്റ് ശ്രീ. ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത സി.എൽ.സി. ട്രഷറർ ഫ്രെഡി സി. ഡിക്രൂസ് സ്വാഗതവും സി.എൽ.സി. ജന. സെക്രട്ടറിയും അതിരൂപത കലാമേള ജന.കൺവീനറുമായ ബിജിൽ സി. ജോസഫ് നന്ദി. പറഞ്ഞു 16 ഫൊറോനയിൽ നിന്നായി 480ൽപ്പരം മത്സരാർത്ഥികൾ മാറ്റുരച്ച മത്സരത്തിൽ ലൂർദ്ദ് ഫൊറോന ഒന്നാം സ്ഥാനവും വടക്കാഞ്ചേരി ഫൊറോന രണ്ടാം സ്ഥാനവും ഡോളേഴ്സ് ഫൊറോന മൂന്നാം സ്ഥാനവും നേടി. ഏറ്റവും കൂടുതൽ പോയിന്റ് നേടിയ യൂണിറ്റായി ലൂർദ്ദ് യൂണിറ്റും രണ്ടാം സ്ഥാനത്തായി വടക്കാഞ്ചേരി യൂണിറ്റും തിരഞ്ഞെടുത്തു. 8 മത്സരങ്ങളുള്ള കലാമേള 3 സ്റ്റേജുകളിലായി സംഘടിപ്പിച്ചു. ഫൊറോന തലത്തിൽ ഒന്നാം സ്ഥാനം നേടിയർ മാറ്റുരച്ച മത്സരം വീക്ഷിക്കാൻ നിരവധി പേർ സെന്റ് തോമസ് കോളേജിലെത്തിച്ചേർന്നു. മദ്യത്തിന്റെയും ലൈംഗികാരാജത്വത്തിന്റെയും കഥകൾ പറഞ്ഞ തെരുവനാടക മത്സരം കാണികൾക്ക് നവ്യാനുഭവമായി. അതിരൂപത കലാമേള കൺവീനർമാർ അതിരൂപത എക്സിക്യൂട്ടീവ് ഫൊറോന ഭാരവാഹികൾ കലാമേളയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. സംസ്ഥാന സി.എൽ.സി. പ്രസിഡന്റ് ശ്രീ. വിനേഷ് ജെ കോളേങ്ങാടൻ വിജയികൾക്ക് ആശംസയേകി. നോബി മേനാച്ചേരി, ലാന്റോ കൊളേങ്ങാടൻ, ബിനോയ് കൊമ്പൻ,. ജിയോ കെ. ജോർജ്ജ്, അലീന കെ.എ., ജോമി ജോൺസൺ, സിൽജ പോൾ, ജെറോം മാസ്റ്റർ, ജോർജ്ജ് പി.എം., ബി. ബി. ബ്രാഡ്‌ലി, ജെയിംസ് മുട്ടിക്കൽ, എ.ഡി. ഷാജു എന്നിവർ വിവിധ കമ്മറ്റികളായി അതിരൂപത കലാമേളയുടെ വിജയത്തിനായി പ്രവർത്തിച്ചു.

**16 –ാമത് മദർതെരേസ ചിത്രരചന മത്സരം**

തൃശ്ശൂർ അതിരൂപത സി.എൽ.സിയുടെ ആഭിമുഖ്യത്തിൽ 16–ാമത് അഖില കേരള മദർ തെരേസ അനുസ്മരണ ചിത്രരചനാമത്സരം തൃശ്ശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് സംഘടിപ്പിച്ചു. 3 വയസ്സുമുതൽ 18 വയസ്സുവരെയുള്ള വിദ്യാർത്ഥി–വിദ്യാർത്ഥിനികൾക്കായി സംഘടിപ്പിച്ച മത്സരം ലൂർദ്ദ്

കത്തീഡ്രൽ വികാരി വെരി. റവ. ഫാ. വർഗ്ഗീസ് കൂത്തൂർ ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ.സി. പ്രസിഡന്റ് ശ്രീ. ഡിൽജോ തരകൻ അദ്ധ്യക്ഷനായിരുന്നു. ചിത്രരചനാമത്സരത്തിൽ നേഴ്സറി വിഭാഗം മേരിമാതാ ഐസി.എസ്. ഈ. പുതുക്കാടും, എൽ. പി. വിഭാഗം– നിർമ്മല മാതാ സെൻട്രൽ സ്കൂൾ തൃശ്ശൂരും, യു.പി. വിഭാഗം ബ്ലൂമിങ്ങ് ബഡ്സ് ബഥാനിയായും എച്ച്. എസ്. വിഭാഗം ബ്ലൂമിങ്ങ് ബഡ്സ് ബഥാനിയായും എച്ച്.എസ്.എസ്. വിഭാഗം സെന്റ് തോമസ് എച്ച് .എസ്.എസ്. തോപ്പും നേടി. ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച വിദ്യാലയത്തിനുള്ള പുരസ്ക്കാരം ബ്ലൂമിങ്ങ് ബഡ്സ് ബഥാനിയ കുന്ദംകുളം കരസ്ഥമാക്കി. അതിരൂപതയിലെ 44 സ്കൂളിൽ നിന്നായി 800ൽ പരം വിദ്യാർത്ഥി–വിദ്യാർത്ഥിനികൾ മത്സരിച്ചു. അതിരൂപത സി.എൽ. സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് വിജയികൾക്കുള്ള സമ്മാനവിതരണം നടത്തി. അതിരൂപത ജന. സെക്രട്ടറി ബിജിൽ സി. ജോസഫ് സ്വാഗതവും ചിത്രകലാമേള ജന. കൺവീനർ ബിനോയ് കൊമ്പൻ നന്ദിയും പറഞ്ഞു.

**ഫൊറോന ഭാരവാഹികളുടെ യോഗം നടന്നു.**

അതിരൂപത സി.എൽ.സിയുടെ നേതൃത്വത്തിൽ ഫൊറോന സി. എൽ. സി. ഭാരവാഹികളുടെ യോഗം 03.11.2014ന് പാസ്റ്ററൽ സെന്ററിലെ സി.എൽ. സി. ഓഫീസിൽ വെച്ച് കൂടി. അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷനായിരുന്നു. അതിരൂപത പ്രമോട്ടർ റവ. ജിയോ തെക്കിനിയത്ത് ആമുഖപ്രസംഗം നടത്തി.

**വാ. ചാവറയച്ചന്റെയും വാ. എവുപ്രാസ്യമ്മയുടെയും ഛായാചിത്രറാലി**

തൃശ്ശൂർ അതിരൂപത സി.എൽ.സി.യുടെ ഇരിങ്ങാലക്കുട രൂപത സി.എൽ. സിയുടെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാന സി.എൽ.സിയുടെ വാഹന ഛായാചിത്രറാലി 2014 നവംബർ 23ന് ഇരിങ്ങാലക്കുട രൂപതയിലെ എവുപ്രാസ്യമ്മയുടെ ജന്മസ്ഥലമായ കാട്ടൂരിൽ നിന്ന് വാഹന പ്രചരണ ഛായാചിത്രറാലി സംഘടിപ്പിക്കുന്നു. പഴുവിൽ, ഒല്ലൂർ ഫൊറോനയിലൂടെ സഞ്ചരിക്കുന്ന ഛായാചിത്രറാലി ഒല്ലൂർ പള്ളിയിൽ സമാപിക്കുന്നു. ഒല്ലൂർ, പഴുവിൽ, ഫൊറോന യൂണിറ്റ് ഭാരവാഹികൾ പങ്കെടുക്കേണ്ടതാണ്.

**റവ. ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. ജിന്റോ പെരേപ്പാടൻ**
അസി. പ്രമോട്ടർ

ബിജിൽ സി. ജോസഫ്
ജന.സെക്രട്ടറി

# ഫ്രാൻസിസ്കൻ അത്മായസഭ

ഫ്രാൻസിസ്കൻ അത്മായ സഭയുടെ ഒല്ലൂർ റീജിയണൽ തിരുനാളും പുതുക്കാട് യൂണിറ്റ് 10-ാം വാർഷികവും പുതുക്കാട് സെന്റ് ആന്റണീസ് യു.പി. സ്കൂളിൽ വെച്ച് നടന്നു. ഫൊറോന വികാരി ഫാ. ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്തു. ഫാ. ജോസ് മുണ്ടാടൻ ദിവ്യബലി അർപ്പിച്ചു. 72 പേർ സഭാവസ്ത്രം സ്വീകരിച്ചു. പി.ഐ. സൈമൺ മാസ്റ്റർ, സി. റോസിലിൻ, ജേക്കബ് കൂടലി, ലിസി പോളി, ഡോ. റെജി ജോസഫ്, സി. ലിറ്റി തെരേസ, സി. എൽ. ബേബി, ഫാ. ഫിജോ ആലപ്പാടൻ എന്നിവർ പ്രസംഗിച്ചു.

വടക്കാഞ്ചേരി റീജിയണൽ തിരുനാൾ 18.10.2014 പുതുരുത്തി പള്ളിയിൽ വെച്ച് ഭക്തിപൂർവ്വം ആഘോഷിച്ചു. ഫാ. പോൾ അടമ്പുകുളം ദിവ്യബലി അർപ്പിച്ചു. വികാരി ഫാ. ജസ്റ്റിൻ തടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. 27 അംഗങ്ങൾ സഭാവസ്ത്രം സ്വീകരിച്ചു. റീജിയണൽ പ്രസിഡണ്ട് വി. സി. സണ്ണി, സി.റോസ്‌ലിൻ, സി. അർച്ചന, സെലീന ജോൺ, പി.എ. വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു. ഫാ. വിൽസൺ കൊടുങ്ങല്ലൂക്കാരൻ ക്ലാസ്സ് നയിച്ചു. വടക്കാഞ്ചേരി റീജിയന്റെ അത്മായ സഭയുടെ നേതൃത്വത്തിൽ യുവതി യുവാക്കൾക്കുവേണ്ടി നേതൃത്വപരിശീലന ക്യാമ്പ് കുണ്ടന്നൂർ പള്ളിയിൽ വെച്ച് 8.11.2014ന് നടത്തി. ക്യാമ്പ് വികാരി ഫാ. ജേക്കബ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. ഫാ. ജോബി മേരീസൺ, ഫാ. സിജോ അരിക്കാട്ട്, എന്നിവർ ക്ലാസ്സുകൾ നയിച്ചു. 195 കുട്ടികൾ പങ്കെടുത്തു. റീജിയണൽ പ്രസിഡന്റ് വി. സി.സണ്ണി,സെലീന ജോൺ എന്നിവർ പ്രസംഗിച്ചു.

യേശുവിൽ എളിയ സഹോദരൻ

**വി. സി. സണ്ണി**

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**1. മദ്യവിമുക്ത ഭവന സംഗമം**

**എ.** പുതുക്കാട് ഫൊറോന പള്ളിയിൽ മദ്യവിമുക്ത കുടുംബങ്ങളുടെ കൂട്ടായ്മ സംഘടിപ്പിച്ചു. വികാരി റവ. ഫാ. ജോസ് വള്ളൂരാൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ശ്രീ. ഇ.എ. ജോസഫ് ക്ലാസ്സെടുത്തു. അതിരൂപത ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലി അർപ്പിക്കുകയും പരിപാടി ഉദ്ഘാടനം ചെയ്യുകയും ചെയ്തത്. ശ്രീ. പി. എൽ. ആന്റണി സ്വാഗതവും ശ്രീ. റോബർട്ട് പറപ്പുള്ളി നന്ദിയും പറഞ്ഞു.

**ബി.**കുരിയച്ചിറ ഇടവകയിൽ 9.11.14 ഞായറാഴ്ച സംഘടിപ്പിച്ച മദ്യവിമുക്ത കൂട്ടായ്മ വികാരി ഫാ. ഫ്രാങ്കോ കവലക്കാട്ട് ഉദ്ഘാടനം ചെയ്തു.

**2. 17–ാം വാർഷികാഘോഷം**

അതിരൂപത വാർഷികാഘോഷം മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മുൻ ഡയറക്ടർമാരായ ഫാ. ഡേവീസ് ചക്കാലക്കൽ ഫാ, ജോജു പനയ്ക്കൽ എന്നിവരായിരുന്നു മുഖ്യപ്രഭാഷകർ. “മുക്തി” എന്ന സ്മരണിക പ്രകാശനം ചെയ്യപ്പെട്ടു. ശ്രീ. ജയിംസ് മുട്ടിക്കൽ ആശംസകൾ നൽകി. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗതവും പി.എൽ. ആന്റണി കൃതജ്ഞതയും പറഞ്ഞു. 600–ഓളം പേർ വാർഷികത്തിലും സ്നേഹവിരുന്നിലും സംബന്ധിക്കുകയുണ്ടായി.

**3. അതിരൂപത മദ്യവിരുദ്ധ സമിതി എക്സിക്യൂട്ടീവ്**

അതിരൂപതാ മദ്യവിരുദ്ധ സമിതി എക്സിക്യൂട്ടീവ് ഒക്ടോബർ 26ന് പാസ്റ്ററൽ സെന്ററിലെ ഓഫീസിൽ കൂടി. വാർഷികാഘോഷം അവലോകനം ചെയ്തു. പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സർക്കാരിന്റെ മദ്യനിരോധനം പ്രായോഗികമാക്കാൻ ഉത്സാഹിക്കുന്നതിനും തീരുമാനമെടുത്തു.

**4.വേലൂർ ഫൊറോന മദ്യവിരുദ്ധ സെമിനാർ**

വേലൂർ ഫൊറോന മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ തലക്കോട്ടുകര പള്ളിയിൽ സംഘടിപ്പിച്ച സെമിനാർ ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് ജോസ് ചെമ്പിശ്ശേരി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വികാരി ഫാ. ജോസ് അറങ്ങാശ്ശേരി മുഖ്യപ്രഭാഷണം നടത്തി. ശ്രീ. സേവ്യർ പള്ളിപ്പാട്ടാണ് ക്ലാസ്സെടുത്തത്. 100ൽ പരംപ്രവർത്തകർ പങ്കെടുത്തു.

**5. ഒല്ലൂരിൽ മദ്യവിരുദ്ധ പ്രദർശനം**

ഒല്ലൂർ മാലാഖയുടെ തിരുനാളിനോടനുബന്ധിച്ച് ഒക്ടോബർ 23, 24, 25 തിയതികളിൽ പള്ളി നടയിൽ എക്സിബിഷൻ നടത്തി. ദേശീയ അദ്ധ്യാപക അവാർഡ് ജേതാവും സർവോദയ –മദ്യവിരുദ്ധ പ്രവർത്തകനുമായ എം. പീതംബാരൻ മാസ്റ്ററാണ് ഉദ്ഘാടനം ചെയ്തത്. അതിരൂപത പ്രസിഡണ്ട് ശ്രീ. ജോസ് ആലപ്പാട്ട്, ഫൊറോന പ്രസിഡണ്ട് ശ്രീ. ജോസ് കോടന്നൂർ തുടങ്ങിയവർ പ്രസംഗിച്ചു. ഒല്ലൂർ ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് അമ്പൂക്കൻ , ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, ഫാ. ഡേവീസ് ചക്കാലയ്ക്കൽ, ഒല്ലൂർ സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ഉമേഷ് തുടങ്ങിയവരുടെ സന്ദർശനം പ്രദർശനത്തെ സമ്പന്നമാക്കി. 25000 ത്തോളം പേർ സ്റ്റാളിൽ കയറിയിറങ്ങി സന്ദേശം ഉൾകൊണ്ടിട്ടുണ്ട്. നേതൃത്വം നൽകിയ ഒല്ലൂർ മദ്യവിരുദ്ധ സമിതിക്ക് അഭിനന്ദനങ്ങൾ.

**6. പുതിയ യൂണിറ്റ്**

ചേലക്കര ഫൊറോനയിലെ മണലാടി പള്ളിയിൽ മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് സ്ഥാപിച്ചു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലി അർപ്പിച്ചു സന്ദേശം നൽകി.

**7. അതിരൂപത ജനറൽ എക്സിക്യൂട്ടീവ്**

പ്രസ്ഥാനത്തിന്റെ അതിരൂപതാ ജനറൽ എക്സിക്യൂട്ടീവ് നവംബർ 30-നാണ് സമ്മേളിക്കുന്നത്. പുതിയ ജനറൽ സെക്രട്ടറിയെ അന്ന് തെരഞ്ഞെടുക്കും. അന്നുതന്നെ ഏറ്റവും നല്ല മദ്യവിരുദ്ധ പ്രവർത്തകനെ തെരഞ്ഞെടുക്കുന്നതാണ്.

8. ആറമ്പിള്ളി ഇടവക മദ്യവിരുദ്ധ സമിതിയുടെ ഒന്നാം വാർഷികം വികാരി ഫാ. ജോയ് കിടങ്ങൻ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ജോബി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. ജോസ് ആലപ്പാട്ട് മുഖ്യപ്രഭാഷണം നടത്തി. 75 കുടുംബങ്ങൾ മദ്യവിമുക്തപ്രതിജ്ഞ പുതുക്കിയത് മാതൃകാപരമായിരുന്നു.

**ഫാ.ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 668-ാമതും തൃശ്ശൂർ കൂരിയായുടെ 681-ാമതും സമ്മേളനം 2014 നവംബർ 9 ഞായറാഴ്ച 2 .30ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് ബ്ര. പ്രസിഡന്റ് ജ്ഞാനവായന നടത്തിയതിനുശേഷം ജോ. സെക്രട്ടറി സി. അൽഫോൺസ ജോർജ്ജ് മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്ര. എ.ജെ. വിൻസെന്റ് മുൻമാസ വരവ്-ചിലവ് കണക്കുകൾ അവതരിപ്പിച്ചു സഭ പാസാക്കി. വൈസ് പ്രസിഡന്റ് സി. എൽസി ചുമ്മാർ ഹാജർ വിളിച്ചതിനുശേഷം ബ്ര. പ്രസിഡന്റ് മാതാവിന്റെ നാമത്തിൽ എല്ലാ മരിയ സൈനികരേയും സ്വാഗതമാശംസിച്ചു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. മാത്യു ചാക്കേരി പ്രഭാഷണം നടത്തി. സ്വർഗ്ഗവാസികളെ പ്രത്യേകം ഓർക്കുന്ന കാലഘട്ടമാണ്. പള്ളിക്കൂദാശ കാലഘട്ടത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും നമ്മിൽ വേർപ്പെട്ടുപോയ ഓരോരുത്തരെയും പ്രത്യേകം ഓർക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ഓർമ്മപ്പെടുത്തി. മരിച്ചവർക്കുവേണ്ടി ഈ മാസം എല്ലാ

പ്രസീദിയങ്ങളിലും കുർബ്ബാന ചൊല്ലിക്കുന്നതിനെക്കുറിച്ചും അറിയിച്ചു. ഈ മാസം 23ന് ക്രിസ്തുവിന്റെ രാജത്വതിരുനാൾ ദിനത്തിൽ ചാവറയച്ചനേയും എവുപ്രാസ്യമ്മയേയും വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്ന പുണ്യദിനത്തെയും അനുസ്മരിച്ചുകൊണ്ട് സംസാരിച്ചു. നമ്മുടെ ജീവിതത്തിലെ പോരായ്മകൾ ദൈവസ്നേഹത്തിന്റെ കുറവാണ്. നമ്മുടെ മദ്ധ്യസ്ഥയായ പരി. അമ്മയാണ് ഏറ്റവും ആദ്യം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതെന്ന് നാം വിശ്വസിക്കുന്നു. സ്വർഗ്ഗീയ അനുഭൂതിയിൽ വളരുന്നതിന് ഓരോ മരിയ സൈനികർക്കും കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് പ്രഭാഷണം അവസാനിപ്പിച്ചു.

നവംബർ 2ന് സെന്റ് തോമസ് കോളേജിൽ വെച്ച് മരിയ സൈനീകർക്കായി നടത്തിയ മത്സരത്തിൽ ധാരാളം പേർ പങ്കെടുത്തതായി പ്രസിഡന്റ് അറിയിച്ചു. അടുത്ത മാസം 14–ാം തീയതി തൃശ്ശൂർ കമ്മീസിയത്തിന്റെ 54–ാം വാർഷിക റിയൂണിയൻ സമ്മേളനം സെന്റ് മേരീസ് കോളേജില് വെച്ച് നടത്തുന്നതാണെന്ന് അറിയിച്ചു. 1.00മണിക്ക് നടത്തുന്ന റജിസ്ട്രേഷനോടുകൂടി സമ്മേളനത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കും. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യും. ആദ്ധ്യാത്മിക നിയന്താവ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ മേരിമാതാ പള്ളി പ്രോ–വികാർ ഫാ.ജെയ്സണൺ മാറോക്കി, സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പൽ ഡോ. സി. ക്രിസ്ലിൻ, അതിരൂപത ഏകോപന സമിതി സെക്രട്ടറി ശ്രീ. എ.ഡി. ഷാജു എന്നിവർ സംസാരിക്കും. മരിയ സൈനികരുടെ വിവിധങ്ങളായ കലാപരിപാടികളും ക്രിസ്തുമസ് കേക്ക് അഭിവന്ദ്യ പിതാവ് മുറിച്ച് വിതരണം ചെയ്യുന്നതുമാണ്. മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതുമാണ്. യൂണിഫോം സാരി ധരിച്ചുവരണമെന്ന് സെക്രട്ടറി അറിയിച്ചു.

ലീജിൻ ഇല്ലാത്ത ഇടവകകളിൽ പുതിയ പ്രസീദിയം തുടങ്ങുന്നതിനായി ഓരോ മരിയ സൈനീകരും പ്രവർത്തിക്കണമെന്നും വാർഷിക റിയൂണിയന്റെ സമ്മേളനത്തിൽ കലാപരിപാടികൾ അവതരിപ്പിക്കുന്ന സൈനീകർ ഡിസംബർ 5നകം കമ്മീസിയം ഭാരവാഹികളെ അറിയിക്കണമെന്നും ഓർമ്മപ്പെടുത്തി. അവസാന പ്രാർത്ഥനക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തോടെ സമ്മേളനം അവസാനിച്ചു.

ഏവർക്കും ക്രിസ്തുമസ്സിന്റെ ആശംസകൾ നേർന്നുകൊള്ളുന്നു.

ദിവ്യനാഥയുടെ സേവനത്തിൽ

**പി. സി. കുരിയപ്പൻ**
കമ്മീസിയം സെക്രട്ടറി

# ചിൽഡ്രൻസ് മിനിസ്ട്രി

Ph: 0487 2325336, 9947582522

## Saints 's Quiz- Forane Level

ഡിസംബർ 7–ാം തിയതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഫൊറോന തലത്തിൽ Saints 's Quiz നടത്തപ്പെടുന്നു. ഇടവക തലത്തിൽ നടത്തിയ Saints 's Quiz ൽ ഒന്നാം സ്ഥാനത്തിനർഹരായ കുട്ടികളെ (3 പേർ മാത്രം) ഫൊറോന തലത്തിൽ പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഫൊറോന തല സെയിൻസ് ക്വിസ്സിന്റെ പൂർണ്ണ ചുമതല ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രമോട്ടറച്ചനാണ്. പ്രമോട്ടറച്ചന്റെ ഫോൺ നമ്പർ ആവശ്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക. ഇനിയും റിസൾട്ട് എത്തിക്കാത്ത ഇടവകകൾ അതാത് ഫൊറോനയിലെ ചിൽഡ്രൻസ് മിനിസ്ട്രി പ്രമോട്ടറച്ചനെ എൽപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## Parent and Leaders Meeting

2014 നവംബർ 8–ാം തിയതി ശനിയാഴ്ച ഡി.ബി.സി. എൽ.സിയിൽ വെച്ച് രാവിലെ 9.30 മുതൽ വൈകീട്ട് 4 മണി വരെ ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിലുള്ള തിരുബാലസഖ്യം, അൾത്താര സംഘം, ജൂനിയർ സി. എൽ.സി. അതിരൂപത ഫൊറോന ഭാരവാഹികളുടെയും മാതാപിതാക്കളുടെയും സംഗമം നടത്തി. അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ മീറ്റിംഗിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. റവ. ഫാ. ആന്റണി മേച്ചേരിപ്പടി, സി. ഷാൻ മരിയ എന്നിവർ ക്ലാസ്സുകളെടുത്തു.

## തിരുബാലസഖ്യ വിഷൻ കളക്ഷൻസ്

ലോകമെങ്ങുമുള്ള പ്രേഷിത പ്രവർത്തനങ്ങൾക്കും അനാഥ പൈതങ്ങളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനുമായി കുട്ടികളിൽ നിന്ന് സ്വരൂപിക്കുന്ന തിരുബാലസഖ്യ വിഷൻ കളക്ഷൻസ് ഡിസംബർ 31ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്. വിഷൻ കളക്ഷൻ കൊണ്ടുവരുമ്പോൾ ഓരോ യൂണിറ്റിലേയും കുട്ടികളുടെ എണ്ണം അറിയിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുക സമാഹരിക്കുന്ന യൂണിറ്റിന് കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ ട്രോഫി നൽകി ആദരിക്കുന്നതാണ്.

## തിരുബാലസഖ്യം അൾത്താരസംഘം, ജൂനിയർ സി.എൽ.സി, വാർഷിക റിപ്പോർട്ട് ഫോം

തിരുബാല സഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി എന്നീ സംഘടനകളുടെ ഓരോ യൂണിറ്റിലേയും വിശദിവരങ്ങൾ പൂരിപ്പിക്കാനുള്ള

വാർഷിക റിപ്പോർട്ട് ഫോം വ്യക്തമായും കൃത്യമായും സത്യസന്ധമായും പൂരിപ്പിച്ചു ഡിസംബർ 31ന് മുമ്പായി നൽകേണ്ടതാണ്. റിപ്പോർട്ട് ഫോം ലഭിക്കാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ബെസ്റ്റ് യൂണിറ്റിന്റേയും മോഡൽ യൂണിറ്റിന്റെയും തിരഞ്ഞെടുക്കുന്നത്.

**അതിരൂപതാതല മത്സരങ്ങൾ (തിരുബാല സഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ.സി.)**

2014 ഡിസംബർ 23–ാം തിയതി ചൊവ്വാഴ്ച രാവിലെ 9.00 മുതൽ 5 വരെ നടത്തപ്പെടുന്നു. ഡി.ബി.സി. എൽ.സിയിലും സെന്റ് ക്ലയേഴ്സ് സ്കൂളിലുമായിട്ടാണ് നടത്തപ്പെടുന്നത്. തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താര സംഘം എന്നീ സംഘടനകളുടെ മത്സരങ്ങൾ അതേ ദിവസം തന്നെയാണ് നടത്തപ്പെടുക. നിർദ്ദേശങ്ങൾ http://childrenministrytrichur.blogspot.inൽ ലഭ്യമാണ്. ഓരോ മത്സരയൂണിറ്റിനുമുള്ള ചെസ്റ്റ് നമ്പറുകൾ രാവിലെ 8.30 മുതൽ കൊടുത്തു തുടങ്ങും. അതാത് യൂണിറ്റിലെ ആനിമേറ്റർ വന്ന് ചെസ്റ്റ് നമ്പർ കൈപ്പറ്റേണ്ടതാണ്.

**ഉണ്ണീശോയ്ക്കൊരുമ്മ**

ഉണ്ണീശോയുടെ പിറവിത്തിരുനാളിന് കുട്ടികളെ ആത്മീയമായി ഒരുക്കുന്നതിന് വേണ്ടി ഇത്തവണയും പതിവുപോലെ ഉണ്ണീശോയ്ക്കൊരുമ്മ എന്ന ലീഫ്ലെറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ ലീഫ്ലെറ്റ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ലഭ്യമാണ്. വില 2/– രൂപ

**പ്രാർത്ഥിക്കാൻ പ്രവർത്തിക്കാൻ – ഡിസംബർ 2014**

| | |
|---|---|
| **തിരുവചന പഠനം** | : നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവർ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ അഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം (മത്താ. 20:27) |
| **സുകൃതജപം** | : കർത്താവേ അങ്ങയെ ഒഴികെ എനിക്കൊന്നിനും വേണ്ട |
| **പ്രാർത്ഥന നിയോഗം** | : ശാരീരികവും മാനസീകവുമായ വേദന അനുഭവിക്കുന്ന രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുക. |
| **പ്രവർത്തനം** | : ഇടവകയിലെ രോഗികളെ ശുശ്രൂഷിക്കുക |
| **പരിചയപ്പെടുന്ന വിശുദ്ധ** | : വിശുദ്ധ ലൂസി (ഡിസംബർ 13) |

കോഡിനേറ്റർ
**സി. മിനി SSPC**

ഡയറക്ടർ
**റവ. ഫാ. ആന്റണി മേച്ചേരിപ്പടി**

# ജീസസ്സ് യൂത്ത്

ഒക്ടോബർ മാസം 13 സബ്സോണുകളിൽ വൺഡേ പ്രോഗ്രാമുകൾ നടന്നു. ഒക്ടോബർ 22-ാം തിയതി ലൂർദ്ദ് സബ്സോണിന്റെ നേതൃത്വത്തിൽ അഴീക്കോട് ദേവാലയത്തിലേക്ക് തീർത്ഥയാത്ര നടത്തി. പറപ്പൂർ സബ്സോണിന്റെ നേതൃത്വത്തിൽ നവംബർ മൂന്നാം തിയതി ആമ്പക്കാട് ഇടവകയിൽ വൺഡേ പ്രോഗ്രാം നടത്തി. പുതുക്കാട് സബ്സോണിന്റെ നേതൃത്വത്തിൽ നവംബർ 2-ാം തിയതി മണ്ണംപേട്ടയിൽ വച്ച് ഫാമിലി ഗാതറിങ്ങ് നടന്നു.

**വളണ്ടിയേഴ്സ് ഗാതറിങ്ങ്**

ഡിസംബർ 19 മുതൽ 22 വരെ ചെമ്പൂക്കാവ് സേക്രഡ് ഹാർട്ട് ദേവാലയാങ്കണത്തിൽ നടക്കുന്ന തലമുറകളുടെ സംഗമം എന്ന കോൺഫറൻസിന്റെ ഒരുക്കമായി ഒക്ടോബർ 22ന് ലൂർദ്ദ് പള്ളിയിൽ വെച്ച് വിവിധ സബ്സോണുകളിൽ നിന്നുള്ള വളണ്ടിയേഴ്സ് ഒരുമിച്ചുകൂടി.

**ഫാ.ഫ്രാൻസീസ് ആളൂർ**
ആനിമേറ്റർ

**ഫിബിൻ പിപി.**
സോണൽ കോഡിനേറ്റർ

# കെ.സി.വൈ.എം.

**ഒക്ടോബർ 1** : രക്തദാനം നടത്തി

ദേശീയ രക്തദാനാചരണത്തിന്റെ ഭാഗമായി തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ റവ. ഫാ. ജിയോ കടവി, ആന്റോ തൊറയൻ, ടോജോ പി. ജെ., ബിജോ പാവർട്ടി രക്തദാനം നടത്തി.

**ഒക്ടോബർ 3** (1) ഏകോപന സമിതിയുടെ നേതൃത്വത്തിൽ ഡി.ബി.സി. എൽ.സിയിൽ നടന്ന ഏകദിന സെമിനാർ ആന്റോ തൊറയൻ, മനോജ് പി. ജി. ജോസ്മോൻ കെ. ഫ്രാൻസീസ്, ടോജോ പി.ജെ എന്നിവർ പങ്കെടുത്തു.

2. കാക്കശ്ശേരി യൂണിറ്റ് നടത്തിയ സൗജന്യ നേത്രപരിശോധന ക്യാമ്പ് പ്രസിഡന്റ് ആന്റോ തൊറയൻ ഉദ്ഘാടനം ചെയ്തു.

**ഒക്ടോബർ 12.** : വല്ലച്ചിറ കെ.സി.വൈ.എം. റൂബി ജൂബിലി ആഘോഷചടങ്ങുകളിൽ അതിരൂപതയെ പ്രതിനിധീകരിച്ച് റവ. ഫാ. ജിയോ കടവി , ആന്റോ തൊറയൻ, കരോളി ജോഷ്വാ എന്നിവർ പങ്കെടുത്തു.

**ഒക്ടോബർ 14–** റവ. ഫാ. സിജോ ചീരന്റെ സംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്ത് മൃതദേഹത്തിൽ റീത്ത് സമർപ്പിച്ചു. അനുശോചന മീറ്റീംഗ് പാസ്റ്റ

റൽ സെന്ററിൽ കൂടുകയും ചെയ്തു.

**ഒക്ടോബർ 21, 22.** കെ.സി.വൈഎം. പ്രവർത്തകർ മലയോര കർഷകരെ അടുത്തറിയുന്നതിനായി ഇടുക്കി രൂപത സന്ദർശനം നടത്തി.

**ഒക്ടോബർ 26.** അരണാട്ടുകര കെ.സി.വൈ.എം. മരിയോത്സവം - 2014 : അരാണാട്ടുകര കെ.സി.വൈ.എം.ന്റെ നേതൃത്വത്തിൽ മാതാവിന്റെ ചിത്രപ്രദർശനം 'മരിയോത്സവം - 2014' എന്ന പേരിൽ നടത്തപ്പെട്ടു.

**നവംബർ 05 :** ഭ്രൂണഹത്യ നടപ്പിലാക്കാൻ നിയമം കൊണ്ടുവരുന്ന കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. പള്ളികൾക്ക് എതിരെ ബി.ജെ. പി. നടത്തുന്ന കപടരാഷ്ട്രത്തിനെതിരെയും, ലാഹോറിൽ ക്രൈസ്തവ ദമ്പതിമാരെ തല്ലികൊന്നതിനും പാസ്റ്ററൽ സെന്ററിൽ കൂടിയ യോഗത്തിൽ പ്രതിഷേധം രേഖപ്പെടുത്തി. ആന്റോ തൊറയൻ, അനൂപ് പുന്നപ്പുഴ, മനോജ് പി. ജി, ജോസ്മോൻ കെ. ഫ്രാൻസീസ്, ലിന്റോഷ് ജോൺ, സിജോ പിടിയത്ത് എന്നിവർ പ്രസംഗിച്ചു.

| | | |
|---|---|---|
| **ഫാ. ജിയോ കടവി** | **ആന്റോ തൊറയിൻ** | **മനോജ് പി.ജി.** |
| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |

## അഡ്വക്കേറ്റ്സ് ഫോറം ഫോർ സോഷ്യൽ ജസ്റ്റിസ്

തൃശ്ശൂർ അതിരൂപതയുടെ അഭിഭാഷകസംഘടനയായ 'അഡ്വക്കേറ്റ്സ് ഫോറം ഫോർ സോഷ്യൽ ജസ്റ്റിസ്" വാർഷിക ജനറൽ ബോഡി യോഗവും പുതിയ ഭാരവഹികളുടെ തെരഞ്ഞെടുപ്പും 2014 നവംബർ 3-ാം തിയതി നടന്നു. കാലത്ത് 10.30ന് ആർച്ച്ബിഷപ്പ് ഹൗസിൽ ചേർന്ന യോഗം അതിരൂപത വികാരി ജനറൽ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് അഡ്വ. ജോഷി പാപ്പച്ചൻ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോൺസൺ അയിനിക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി അഡ്വ.സി. ജെ.ഡെന്നി വാർഷിക റിപ്പോർട്ടും ട്രഷറർ അഡ്വ. പി. എഫ്. വിത്സൺ വാർഷിക കണക്ക് അവതരിപ്പിച്ചു. തൃശ്ശൂർ അതിരൂപതയിലെ ഇടവകകളിൽ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ അഡ്വ. ബിജു കുണ്ടുകുളം റിട്ടേണിംഗ് ഓഫീസർ ആയിരുന്നു. താഴെ പറയുന്നവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

പ്രസിഡണ്ട്: അഡ്വ. ജോസ് ഡേവീസ്, വൈ. പ്രസിഡണ്ട്: അഡ്വ വി. എ. ജോസ്, അഡ്വ. സി.ഒ. രാജൻ, സെക്രട്ടറി : അഡ്വ. ആന്റണി പെല്ലിശ്ശേരി, ജോ സെക്രട്ടറി : അഡ്വ. സോജൻ ജോബ്, അഡ്വ. ഷൈനി ജോസഫ്, ട്രഷറർ: അഡ്വ. സി. ആർ. ജെയ്സൺ

കൂടാതെ മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ താഴെപറയുന്നവരെ തെരഞ്ഞെടുത്തു. അഡ്വ. ജിനോ ജോസ്, അഡ്വ. ജോഷി പാച്ചൻ, അഡ്വ. ജോസ് മേച്ചേരി, അഡ്വ. ജോഫി സി.ടി., അഡ്വ. ഷാജി സി.ടി, അഡ്വ. പയസ് മാത്യു, അഡ്വ. ജോസ് പീറ്റർ, അഡ്വ. ടി.എ. സിക്സൺ, അഡ്വ. റീന ജോൺ, അഡ്വ. ഫിനർ ഗീവർ ആലപ്പാട്ട്, അഡ്വ. ഡെന്നി സി.ജെ., അഡ്വ. ജോർജ്ജ് മാളിയേക്കൽ, അഡ്വ. പ്രവീൺ ചാണ്ടി.

തുടർന്ന് ഡയറക്ടർ അഡ്വ. ഫാ.ജോൺസൺ അയിനിക്കൽ സ്ഥാനമൊഴിയുന്ന ഭാരവാഹികൾക്ക് നന്ദിയും പുതിയ ഭാരവാഹികൾക്ക് ആശംസയും നേർന്നുകൊണ്ട് പുതിയ ഭാരവാഹികളെ ചാർജ്ജ് ഏല്പിച്ചു. അഡ്വ. ജോസ് പീറ്റർ യോഗത്തിന് നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫാ. ജോൺസൺ അയിനിക്കൽ**
ഡയറക്ടർ

## Archeparchial Choir

2014 നവംബർ 9ന് കലാസദൻ ഓഫീസിൽ വെച്ച് ഡയറക്ടർ റവ.ജോൺസൺ ചിറ്റിലപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അതിരൂപത ഗായക സംഘത്തിന്റെ എക്സിക്യൂട്ടീയോഗത്തിൽ എടുത്ത തീരുമാനങ്ങൾ:

1. ബഹു വികാരി ജനറൽ റവ. മോൺ. ജോർജ്ജ് കോമ്പാറയുടെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ തന്നെ അദ്ധ്യക്ഷതയിൽ എല്ലാ ഫൊറോന ഡയറക്ടർമാരുടെയും ഒരു പ്രത്യേക യോഗം നവംബർ 25നോ 27 നോ വിളിച്ചു ചേർക്കുക.
2. ഡിസംബർ 15ന് മുമ്പായി എല്ലാ ഇടവകകളിലും തെരഞ്ഞെടുപ്പ് നടത്തുക.
3. ഡിസംബർ 21ന് ചേലക്കര, ഡോളേഴ്സ്, എരുമപ്പെട്ടി, കണ്ടശ്ശാംകടവ്, കൊട്ടേക്കാട്, ലൂർദ്ദ്, മറ്റം, ഒല്ലൂർ എന്നീ ഫൊറോനകളിലും ഡിസംബർ 28ന് പാലയൂർ, പറപ്പൂർ, പട്ടിക്കാട്, പഴുവിൽ, പുതുക്കാട്, പുത്തൂർ, വേലൂർ, വടക്കാഞ്ചേരി എന്നീ ഫൊറോനകളിലും ഫൊറോന തെരെഞ്ഞെടുപ്പുകൾ നടത്തുക.
4. 2015 ഫെബ്രുവരി 1ന് അതിരൂപത തെരഞ്ഞെടുപ്പ് നടത്തുക

5. വാർഷിക വരിസംഖ്യകൾ അടക്കുവാനുള്ള സൗകര്യം തൃശ്ശൂർ കാത്തലിക് സെന്ററിലുള്ള കലാസദൻ ഓഫീസിൽ ഡിസംബർ 15 വരെ ഉണ്ടായിരിക്കുന്നതാണ്.
6. വി. ബലിക്കുള്ള ഗാനങ്ങളുടെ പ്രില്യൂഡ് ഇന്റർല്യൂഡ് എന്നിവയുടെ സമയദൈർഘ്യം കുറച്ചുകൊണ്ടുള്ള programme www.trichurarchdiocese.org ൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

പ്രസിഡന്റ് ലിയോ ജോർജ്ജ് സ്വാഗതവും, ട്രഷറർ എം. പി. ഡേവീസ് നന്ദിയും പറഞ്ഞു.

**റവ. ഡോ. ജോൺസൺ ചിറ്റിലപ്പിള്ളി**
ഡയറക്ടർ

**ആൻസൻ ആലപ്പാട്ട്**
ജനറൽ സെക്രട്ടറി

Prot.No. 2075/2014

# ഇടയലേഖനം

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്
**മാർ ജോർജ്ജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ചാവറയച്ചന്റെയും എവുപ്രാസ്യാമ്മയുടെയും നാമകരണത്തോടനുബന്ധിച്ച് കെ.സി.ബി.സി സംയുക്ത ഇടയലേഖനം പുറപ്പെടുവിച്ചിരുന്നല്ലോ. രണ്ടുവിശുദ്ധരെയും കുറിച്ച് ഏതാനും ചിന്തകൾ നിങ്ങളോടൊപ്പം പങ്കുവയ്ക്കുവാൻ ഞാനും ആഗ്രഹിക്കുന്നു.

ഭാരതസഭയ്ക്കും പ്രത്യേകമായി സീറോ മലബാർ സഭയ്ക്കും ധന്യ മുഹൂർത്തമാണ് 2014 നവംബർ 23. വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും എലുവത്തിങ്കൽ എവുപ്രാസ്യാമ്മയെയും ഇന്നേ ദിവസം പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ സാർവത്രിക സഭയിലെ വിശുദ്ധരായി ഉയർത്തുകയാണ്. ദൈവസ്വരത്തെ ശ്രവിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ സമയമില്ലാതെ, എന്തു ചെയ്താലും തൃപ്തിവരാതെ ലോകവ്യഗ്രതയിൽ മുഴുകി അസ്വസ്ഥമാനസരാകുന്ന ആധുനിക മനുഷ്യർക്ക് പ്രചോദനവും പ്രകാശ വുമായി മാറുകയാണ് ഈ രണ്ടു വ്യക്തികളും.ദൈവതിരുമനസ്സു മാത്രം കണ്ടെത്തി പ്രവൃത്തിയിലാക്കാൻ പ്രാർത്ഥനയെയും പ്രവൃത്തി

യെയും സംയോജിപ്പിച്ച വലിയൊരു മാതൃകയാണ് ചാവറയച്ചൻ നൽകുന്നത്. ദൈവസ്മരണയിലും ദൈവസാന്നിദ്ധ്യത്തിലും ഉറച്ചുനിന്നുകൊണ്ട് മററുള്ളവർക്ക് വേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ച് പ്രാർത്ഥിക്കുന്ന വിശുദ്ധയെയാണ് എവുപ്രാസ്യാമ്മയിൽ നമ്മൾ കണ്ടെത്തുന്നത്.

പ്രാർത്ഥനയെ ജീവിതത്തിന്റെ ഭാഗമാക്കി മാററാൻ വിഷമിക്കുന്നവർക്ക് ഈ രണ്ടു വിശുദ്ധരും പ്രകാശ ഗോപുരങ്ങളാണ്. ആർഷഭാരതത്തിന്റെ ആത്മീയ ചൈതന്യസ്രോതസ്സായ ഋഷിമാരുടെയും നിഷ്കാമ കർമ്മികളായ മുനിമാരുടെയും ഹൃദയതാപത്തോടെ ദൈവാന്വേഷണം നടത്തിയ പൗരസ്ത്യ പിതാക്കന്മാരുടെയും പ്രതീകങ്ങളാണ് ചാവറയച്ചനും എവുപ്രാസ്യാമ്മയും. സീറോ മലബാർ സഭയുടെ അഭിമാനപാത്രങ്ങളാണ് ഇവർ. സഭയെ ആത്മിയമായും ഭൗതികമായും ധന്യമാക്കാൻ നമ്മുടെ ഈ ജ്യേഷ്ഠ സഹോദരങ്ങൾ വഹിച്ച പങ്ക് വലുതാണ്.

ഭാരതസഭയ്ക്ക് സീറോ മലബാർ സഭ നൽകിയ സംഭാവനകളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് പ്രേഷിതപ്രവർത്തന മേഖലയിൽ സീറോ മലബാർ സന്യസ്തരുടെ പങ്ക്. തദ്ദേശിയ സന്യാസ സഭയ്ക്ക് ആദ്യമായി നമ്മുടെ നാട്ടിൽ നേതൃത്വം കൊടുത്ത സ്ഥാപകപിതാക്കളിൽ ഒരാളാണ് ചാവറയച്ചൻ എന്നതും ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ മാതൃക പിൻചെന്ന് ഇന്ന് അമ്പതിലേറെ വ്യത്യസ്ത സന്ന്യാസസമൂഹങ്ങൾ സീറോ മലബാർ സഭയുടെ പ്രവർത്തനരംഗങ്ങളിലുണ്ട്. കേരളസഭയിൽ ഉണ്ടാകാനിരുന്ന പ്രേഷിത മുന്നേററത്തെ മുൻകൂട്ടികണ്ടുകൊണ്ടായിരിക്കാം പതിമൂന്നാം ലെയോ മാർപ്പാപ്പ “ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിലൂടെ” എന്ന് പ്രഖ്യാപിച്ചത്. അൽഫോൻസാമ്മയും ചാവറയച്ചനും എവുപ്രാസ്യാമ്മയും വി. ഗൊൺസാലോ ഗാർസിയായ്ക്കു ശേഷം ഭാരതസഭയിൽ നിന്നുണ്ടായ വിശുദ്ധരാണ് എന്നതും ഇവർ മൂന്നുപേരും സീറോ മലബാർ സഭയിൽ നിന്നുള്ളവരാണ് എന്നതും നമുക്ക് സംതൃപ്തി നല്കുന്ന വസ്തുതയാണ്. ചാവറയച്ചനാൽ സ്ഥാപിതമായ സി.എം.സി. സന്യാസിനീ സമൂഹത്തിലെ അംഗമായ എവുപ്രാസ്യാമ്മ സ്ഥാപക പിതാവിനോടൊപ്പമാണ് വിശുദ്ധപദവിയിലേക്കു പ്രവേശിക്കുന്നത്. രക്തസാക്ഷി ദേവസഹായം പിള്ളയെയും വാഴ്ത്തപ്പെട്ട മദർ തെരേസാ

യെയും സീറോ മലബാർ സഭയിൽ നിന്നുതന്നെയുള്ള വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാമ്മയെയും വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ച നെയും ഈ അവസരത്തിൽ നമുക്ക് പ്രാർത്ഥനാപൂർവ്വം സ്മരിക്കാം.

ഭാരത സുറിയാനി സഭയെ ഭരണപരമായി നയിച്ചിരുന്ന അർക്ക ദിയാക്കോന്റെ (ആർച്ചുഡീക്കന്റെ) പദവി 17-ാം നൂറ്റാണ്ടോടെ നിർത്ത ലാക്കപ്പെട്ടു. എന്നാൽ നൂററാണ്ടുകൾക്കുശേഷം സീറോമ ലബാർസഭയുടെ മുഴുവന്റെയും വികാരി ജനറാളായി പത്തുവർഷ ത്തോളം സഭയെ നയിക്കാൻ ദൈവകൃപയാൽ ചാവറയച്ചൻ നിയോ ഗിതനായി. "ഒരു പുണ്യശ്ലോകൻ, വിശ്വാസസംരക്ഷകൻ, സന്ന്യാസസഭാസ്ഥാപകൻ, സമുദായസംസ്കാരകൻ, ഈ നിലകളിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കേരളപ്രസിദ്ധി കൈവരിച്ചു എന്ന് ചങ്ങനാശ്ശേരി മെത്രാനായിരുന്ന മാർ ജെയിംസ് കാളാശ്ശേരി എഴുതിയിരിക്കുന്നു. " അദ്ദേഹം കേരളത്തിലെ ഒരു നവോത്ഥാന നായ കനായിരുന്നു എന്നും അദ്ദേഹം ഭാരതസഭയുടെ സന്താനവും കേരള സഭയുടെ സമ്മാനവും ആയി കാണപ്പെടുന്നതാണ് ഏററവും വലിയ സന്തോഷം എന്നും നമ്മുടെ സിനഡ് പിതാക്കന്മാർ അനുസ്മരിച്ചിട്ടു ള്ളത് ഞാൻ വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുന്നു .

സീറോ മലബാർ സഭയിലെ എന്റെ മുൻഗാമികളായ പിതാ ക്കന്മാർ അവസരോചിതമായി ചാവറയച്ചനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആ കാര്യങ്ങൾ ഒന്നു കൂടി ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു..

" നമ്മുടെ സഭയുടെ ജീവിതത്തിൽ അദ്ദേഹത്തിനുള്ള പ്രസക്തിയെക്കുറിച്ച് അഭിവന്ദ്യപിതാക്കന്മാരും, വൈദികരും സന്യ സ്തരും ജനങ്ങളും വിചിന്തനം ചെയ്യണമെന്ന്" 1996-ൽ ചാവറയച്ചന്റെ 125 -ാം മരണവാർഷിക സന്ദർഭത്തിൽ അന്നത്തെ മേജർ ആർച്ച്ബിഷപ്പ് ആയിരുന്ന മാർ ആന്റണി പടിയറപിതാവ് അനുസ്മരിച്ചു.

2005-ൽ ചാവറയച്ചന്റെ 200-ാം ജന്മവാർഷികത്തിന്റെ ഭാഗമായി പുറപ്പെടുവിച്ച പൊതുസർക്കുലറിൽ മേജർ ആർച്ചുബിഷപ്പ് മാർ വർക്കി വിതയത്തിൽ അദ്ദേഹത്തെ അനുസ്മരിച്ചതിപ്രകാരമാണ്: "19-ാം നൂറ്റാ ണ്ടിൽ സഭയിലും സമൂഹത്തിലും ഉണ്ടായിരുന്ന മത, സാമൂഹ്യ,

സാംസ്കാരിക പ്രശ്നങ്ങളിൽ പരിഹാരം നിർദ്ദേശിച്ചുകൊണ്ട് ജനത്തിന് ഉണർവും ഉന്മേഷവും നൽകി പുത്തൻ പാതകൾ തുറന്നുകൊടുക്കുവാൻ ദൈവത്താൽ അയക്കപ്പെട്ട ഒരു നവോത്ഥാന നായകനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ''.

ചാവറയച്ചനെയും അൽഫോൻസാമ്മയെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കാൻ കേരളത്തിലെത്തിയ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തുവച്ച് പ്രഖ്യാപിച്ചത് ഇപ്രകാരമായിരുന്നു: "ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും അദ്ദേഹത്തിന്റെ അനുയായികളുടെയും ജീവിതം സീറോ മലബാർ സഭയ്ക്കുവേണ്ടി ഉഴിഞ്ഞുവച്ചിട്ടുള്ളതാണ്. എത്രയെത്ര അപ്പസ്തോലിക നന്മകളാണ് അദ്ദേഹത്തിന്റെ സമർത്ഥ നേതൃത്വത്തിൽ അഥവാ ചൈതന്യധാരയിൽ വിരിഞ്ഞുവന്നിട്ടുള്ളത്. സ്കൂളുകൾ, വൈദികപരിശീലനകേന്ദ്രങ്ങൾ, കത്തോലിക്കാ ആദർശങ്ങളുടെ പ്രചാരണത്തിനായി അച്ചടിശാല, ആസന്നമരണരായ വയോവൃദ്ധർക്ക് ആശ്വാസമന്ദിരം, പൊതുവിജ്ഞാനശാലകൾ, മതപഠനകേന്ദ്രങ്ങൾ എന്നിവയെല്ലാം അദ്ദേഹം നൽകിയ സംഭാവനകളാണ്. സീറോ മലബാർ സഭയുടെ ആരാധനക്രമത്തിനു പുനരുദ്ധാരണമേകി. ദിവ്യകാരുണ്യത്തോടും തിരുക്കുടുംബത്തോടുമുള്ള ഭക്തി വ്യാപകമാക്കി. സഭയിലും സമൂഹത്തിലും കുടുംബങ്ങൾക്കുള്ള മൗലികസ്ഥാനം മനസ്സിലാക്കിയ ചാവറയച്ചൻ ക്രിസ്തീയ കുടുംബങ്ങൾക്ക് പ്രോത്സാഹനവും ഉപദേശവും നൽകി. സഭയ്ക്കകത്തെ ഐക്യവും കൂട്ടായ്മയുമായിരുന്നു ഈ വലിയ മനുഷ്യന്റെ ഹൃദയത്തിന് ഏററവും പ്രിയപ്പെട്ട പ്രേഷിതദൗത്യം. സഭയിലെ പിളർപ്പിനെ ചെറുത്തുനിൽക്കാനും പത്രോസിന്റെ സിംഹാസനത്തോടും സാർവത്രിക സഭയോടുമുള്ള ഐക്യത്തിന് വൈദികരെയും അത്മായരെയും അണിനിരത്താനും അദ്ദേഹം നടത്തിയ ശ്രമങ്ങളെ സഭ ഇന്ന് സ്നേഹത്തോടും നന്ദിയോടും കൂടി പരസ്യമായി പ്രഖ്യാപിക്കുന്നു''.

ആധുനികലോകത്തിൽ കുടുംബം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ കണക്കിലെടുക്കുമ്പോൾ അദ്ദേഹം 1868-ൽ നൽകിയ 'നല്ല അപ്പന്റെ ചാവരുൾ' എന്ന കുടുംബ ജീവിത മാർഗരേഖ സാർവത്രിക സഭയിൽത്തന്നെ പഠനവിഷയമാക്കാവുന്ന ഒരു രേഖയാണ്. 2014 ഒക്ടോബർ നടന്ന സിനഡിലെ പിതാക്കന്മാർക്ക് നല്ല അപ്പന്റെ

ചാവരുളിന്റെ കോപ്പികൾ കൊടുക്കാൻ സാധിച്ചു എന്നു സന്തോഷപൂർവ്വം അനുസ്മരിക്കുന്നു.

1877-ൽ തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമത്തിലെ എലുവത്തിങ്കൽ കുടുംബത്തിൽ ജീവിതം ആരംഭിച്ച എവുപ്രാസ്യാമ്മയുടെ സന്യാസജീവിതത്തിന് തുടക്കം കുറിച്ചത് ചാവറയച്ചനാൽ സ്ഥാപിതമായ കൂനമ്മാവിലെ മഠത്തിന്റെ ബോർഡിംഗ് ഹൗസിലാണ്. അനാരോഗ്യം മൂലം പീഡിതയായിരുന്ന ഈ മകളുടെ ദൈവവിളി ഉറപ്പിച്ചത് തിരുക്കുടുംബത്തിൽ നിന്നു ലഭിച്ച ദർശനത്തിലൂടെയാണ്. ഈശോയുടെ തിരുഹൃദയത്തിന്റെ എവുപ്രാസ്യാ എന്ന പേരോടുകൂടി അമ്പഴക്കാട്ടുള്ള സി.എം.സി. സന്യാസിനീ സഭയുടെ അംഗമായി സന്യാസ ജീവിതം തുടർന്നു. സഭയുടെ നോവിസ് മിസ്ട്രസ്സായും ഒല്ലൂർ മഠാധിപയായും കുറച്ചുനാൾ സേവനമനുഷ്ഠിച്ചു.

ശിഷ്ടകാലം മുഴുവൻ പ്രാർത്ഥിക്കുന്ന അമ്മയായി ഒല്ലൂർ മഠത്തിൽ ദൈവൈക്യത്തിൽ ജീവിച്ചു. 1952-ൽ ഈലോകജീവിതം അവസാനിപ്പിച്ച് ദൈവാനുഗ്രഹങ്ങൾ വാങ്ങിക്കൊടുക്കുന്ന അമ്മയായി സ്വർഗീയ തിരശീലയ്ക്കുള്ളിൽ മറഞ്ഞു.

മഠത്തിലെ കപ്പേളയിലിരുന്നുകൊണ്ട് സക്രാരിയിൽ വസിക്കുന്ന ഈശോയെ ജപമാലമണികൾക്കിടയിലുടെ കണ്ടെത്തിയ ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹപാത്രമായിരുന്നു എവുപ്രാസ്യാമ്മ. സങ്കടങ്ങളും, പ്രാർത്ഥനാനിയോഗങ്ങളുമായി, തന്റെയടുക്കലെത്തിയവരെ “മരിച്ചാലും മറക്കില്ലാട്ടോ” എന്നാശ്വസിപ്പിച്ചയച്ച സാന്ത്വന പ്രകാശമായിരുന്നു അവൾ. അറിയപ്പെടാത്ത ഒരു വിശുദ്ധയായിത്തീരണം എന്നതായിരുന്നു എവുപ്രാസ്യാമ്മയുടെ ആഗ്രഹം. അതുകൊണ്ട് അറിയപ്പെടാൻ ഇടവരുത്തുന്ന എല്ലാ അവസരങ്ങളിൽ നിന്നും വിട്ടുമാറാൻ അവൾ ആഗ്രഹിച്ചു. ദിവ്യ സക്രാരിയുമായുള്ള ബന്ധം മാത്രം മതി എന്നതുകൊണ്ട് കപ്പേളയിൽത്തന്നെയായിരിക്കുവാൻ അവൾ പരിശ്രമിച്ചു. സാധാരണക്കാരും കുട്ടികളും അവിടെ പ്രാർത്ഥിക്കുന്ന അമ്മയെ കണ്ടെത്തി.

വിശുദ്ധരായ ചാവറയച്ചനെയും എവുപ്രാസ്യമ്മയെയും ആദ

രിച്ചു നന്ദിയുടെ ബലിയർപ്പിക്കുന്നതിന് ദേശീയതലത്തിൽ നമ്മൾ ഒരുമിച്ചുകൂടുന്നത് ഈ മാസം 29-ാം തിയതി കാക്കനാടിനടുത്തുള്ള രാജഗിരിവാലിയിലെ മൈതാനിയിലാണ്. അവിടെ വന്നുചേർന്ന് നമുക്ക് ദൈവത്തെ സ്തുതിക്കാം. ജനുവരി 3-നും 10-നും ഈ വിശുദ്ധരുടെ കബറിടങ്ങൾ സ്ഥിതി ചെയ്യുന്ന മാന്നാനത്തും ഒല്ലൂരും സാതനയർ എല്ലാവരും ഒരുമിച്ചുകൂടി ഈ വിശുദ്ധരുടെ ആദ്യ തിരുന്നാൾ ആചരിക്കണം. ഈ ഒരുമിച്ചുകൂടലുകൾ നമ്മുടെ വിശ്വാസത്തിന്റെയും ക്രൈസ്തവ കൂട്ടായ്മയുടെയും ഐക്യദാർഢ്യസംഗമങ്ങളാക്കി തീർക്കാം. ചാവറയച്ചന്റെയും എവുപ്രാസ്യാമ്മയുടെയും മാദ്ധ്യസ്ഥ്യം നമ്മെ ശക്തിപ്പെടുത്തട്ടെ. അവരുടെ വിശുദ്ധവഴികൾ സാർവത്രികസഭയ്ക്ക് മുഴുവൻ മാർഗദീപമാകട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2014-ാം ആണ്ട് നവംബർ മാസം 14 -ാം തിയതി നൽകപ്പെട്ടത്.

NB: ഈ ഇടയലേഖനം നവംബർ 23 -ാം തീയതി കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

ആദരാഞ്ജലികളോടെ...



# മാർ ജോൺ മേനാച്ചേരി

## ഡിസംബർ 19

പാവനസ്മരണകളോടെ :
തൃശ്ശൂർ അതിരൂപത

Registered
R.N.I. No. 27348/1975
KL/TCR/275/2012-2014
Licence No. KL/CR/TCR/WPP-13/2012 -14
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.11.2014
Dec. 2014

# ജന്മദിനാശംസകൾ



ഡിസംബർ 13ന്
ജന്മദിനം
ആഘോഷിക്കുന്ന
അഭിവന്ദ്യ
മാർ ആൻഡ്രൂസ് താഴത്ത്
പിതാവിനും





അഭിവന്ദ്യ
മാർ ജേക്കബ്ബ് തൂങ്കുഴി
പിതാവിനും
തൃശൂർ
അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ

Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005